# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 10 ജൂൺ - 2019 ലക്കം 06**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


ലോകമാധ്യമദിനസന്ദേശം .......................................... 05

പുരോഹിതനും വചന ശുശ്രൂഷയും .......................... 11

രൂപതാകച്ചേരി വാർത്തകൾ ..................................... 19

മാനന്തവാടി രൂപതാ ദിനാഘോഷം .......................... 23

ബൈബിൾ അപ്പോസ്തലേറ്റ്............................................ 26

മതബോധനരംഗം ....................................................... 30

ചെറുപുഷ്പ മിഷൻലീഗ് .............................................. 34

*Department of Youth Ministry* ............................................ 39

കെ.സി.വൈ.എം. ....................................................... 42

കുടുംബപ്രേഷിതത്വം .................................................. 46

സീയോൻ വാർത്തകൾ .............................................. 50

ജീസസ് യൂത്ത് ........................................................... 52

സാമൂഹ്യ സേവനരംഗം (WSSS) .................................. 56

ബയോവിൻ അഗ്രോ റിസർച്ച് ..................................... 59

നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി ....................... 62

കത്തോലിക്കാ കോൺഗ്രസ്സ് ........................................ 63

റേഡിയോ മാറ്റൊലി .................................................. 66

*Mary Matha Arts & Science College* .......................... 72

വിദ്യാഭ്യാസ മേഖല .................................................... 73

പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ..................................... 80

ബിഷപ്സ് പ്രോഗ്രാം .................................................... 81

Ref: 3191/K-5/KCBC/OL/DS

# ലോക മധ്യമദിനസന്ദേശം – 2019

**ഫ്രാൻസിസ് മാർപാപ്പ**

## "നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ്" (എഫേ. 4:25) സാമൂഹിക നെറ്റുവർക്ക് സമൂഹങ്ങളിൽ നിന്ന് മാനുഷിക സമൂഹത്തിലേക്ക്

പ്രിയ സഹോദരീസഹോദരന്മാരേ,

ഇന്റർനെറ്റ് ആദ്യം ലഭ്യമായപ്പോൾ മുതൽ സഭ എപ്പോഴും വ്യക്തികൾ തമ്മിലുള്ള കണ്ടുമുട്ടലിന്റെയും എല്ലാവരിലുമുള്ള ഐക്യദാർഢ്യത്തിന്റെയും സേവനത്തിൽ അതിന്റെ ഉപയോഗം വളർത്താൻ പരിശ്രമിച്ചു. നമ്മുടെ പാരസ്പര്യത്തിന്റെ അടിസ്ഥാനത്തെയും പ്രാധാന്യത്തെയുംപറ്റി ഒരിക്കൽക്കൂടി ചിന്തിക്കാനും സമകാലീന സമ്പർക്കമാധ്യമ പശ്ചാത്തലം സമ്മാനിക്കുന്ന വെല്ലുവിളികളുടെ വിസ്തൃതവ്യൂഹത്തിൽ, അന്യവത്കൃതനായും ഏകാകിയായും കഴിയാൻ മനസ്സില്ലാത്ത മനുഷ്യവ്യക്തിയുടെ ആഗ്രഹം വീണ്ടും കണ്ടെത്താനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.

**നെറ്റിന്റെയും സമൂഹത്തിന്റെയും രൂപകാലങ്കാരങ്ങൾ**

അനുദിനജീവിതമണ്ഡലത്തിൽനിന്ന് വേർതിരിച്ചറിയാനാവാത്ത വിധം വ്യാപനശക്തിയുള്ളതാണ് ഇന്നത്തെ മാധ്യമ പരിതസ്ഥിതി. നെറ്റ് നമ്മുടെ കാലഘട്ടത്തിലെ ഒരു വിഭവകേന്ദ്രമാണ്. പണ്ട് ചിന്തിക്കാൻ സാധ്യമല്ലാതിരുന്ന അറിവിന്റെയും ബന്ധങ്ങളുടെയും ഉറവിടമാണത്. എന്നിരുന്നാലും ഉത്പാദനപ്രക്രിയ, വിതരണം, ഉള്ളടക്കത്തിന്റെ ഉപയോഗം എന്നിവയിൽ സാങ്കേതികവിദ്യ കൊണ്ടുവന്നിട്ടുള്ള അഗാധമായ പരിവർത്തനങ്ങളുടെ വെളിച്ചത്തിൽ ആഗോളതലത്തിൽ യഥാർത്ഥ അറിവിനുള്ള അന്വേഷണം, അതിന്റെ പങ്കുവയ്ക്കൽ എന്നിവയെ ഭീഷണിപ്പെടുത്തുന്ന അപകടങ്ങളെയും അനേകം വിദഗ്ധർ ഉയർത്തിക്കാണിച്ചിട്ടുണ്ട്. ഇന്റർനെറ്റ് അറിവിനെ സമീപിക്കാനുള്ള അസാധാരണ സാധ്യതയെ പ്രതിനിധീകരിക്കുമെങ്കിലും അത് തെറ്റായ അറിവു നൽകുന്നതും യാഥാർത്ഥ്യങ്ങളെയും വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളെയും വികലമാക്കുന്നതുമാണെന്നതും സത്യമാണ്.

ഒരുകാര്യം നാം തിരിച്ചറിയണം. സാമൂഹിക നെറ്റുവർക്കുകൾ ഒരുവശത്ത് പരസ്പരം നന്നായി ബന്ധപ്പെടാനും വീണ്ടും കണ്ടെത്താനും പരസ്പരം സഹായിക്കാനും നമ്മെ പ്രാപ്തരാക്കുന്നു. എന്നാൽ മറുവശത്ത് വ്യക്തിക്കും വ്യക്തിയുടെ അവകാശങ്ങൾക്കും അർഹമായ

ബഹുമാനം നൽകാതെ രാഷ്ട്രീയമോ സാമ്പത്തികമോ ആയ നേട്ട ങ്ങൾക്കുവേണ്ടി വ്യക്തിപരമായ വിവരങ്ങൾ ദുരുപയോഗിക്കാൻ നിമിത്ത മാകുന്നു. യുവജനങ്ങളിൽ നാലിൽ ഒരാൾ സൈബർ ബുള്ളിയിംഗിന്റെ പരമ്പരകളിൽ ഉൾപ്പെട്ടിരിക്കുന്നുവെന്ന് സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നു.

ഈ സങ്കീർണ്ണാവസ്ഥയിൽ ഇന്റർനെറ്റ് തുടങ്ങിയതിന്റെ അടി സ്ഥാനമായിരുന്ന നെറ്റ് എന്ന രൂപകാലങ്കാരത്തെപ്പറ്റി വീണ്ടും ചിന്തി ക്കുന്നത് അതിന്റെ ഭാവാത്മകമായ കഴിവു കണ്ടെത്താൻ ഉപകാരപ്രദ മായിരിക്കും. വല എന്ന ബിംബം തിരശ്ചീന രേഖകളുടെയും ലംബ രേഖകളുടെയും ബഹുത്വത്തെക്കുറിച്ചു ചിന്തിക്കാൻ നമ്മെ ക്ഷണി ക്കുന്നു. ഒരു കേന്ദ്രസ്ഥാനമോ ശ്രേണീപരമായ ഘടനയോ ലംബസമാന മായ ഒരു സംയോജനാരൂപമോ ഇല്ലാത്ത അതിന് സ്ഥിരത ഉറപ്പുവരു ത്തുന്നവയാണ് ഈ രേഖകൾ. എന്നാൽ പലപ്പോഴും അവ പൊതു താത്പര്യങ്ങളെയോ നേർത്ത ബന്ധങ്ങൾ മാത്രം പേറുന്ന വിഷയ ങ്ങളെയോ മുൻനിർത്തി പരസ്പരം അഗീകരിക്കുന്ന വ്യക്തികളുടെ ഗണങ്ങൾ മാത്രമായി കഴിയുന്നു.

നരവംശശാസ്ത്രപരമായ വീക്ഷണപ്രകാരം നെറ്റ്, (സമൂഹം എന്ന) രൂപകാലങ്കാരം അർത്ഥപൂർണമായ മറ്റൊരു പ്രതിബിംബത്തെ, ഓർമിപ്പിക്കുന്നു. സമൂഹം പരസ്പരവിശ്വാസമുള്ളതായിരിക്കുകയും പൊതുലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുകയും ചെയ്യണം. അത് സംയോഗശക്തിയുള്ളതും പിന്താങ്ങുന്നതുമായിരിക്കണം. ഐക്യ ദാർഢ്യത്തിന്റെ നെറ്റുവർക്ക് എന്ന നിലയിലുള്ള സമൂഹത്തിന് ഭാഷ യുടെ ഉത്തരവാദിത്വപൂർണമായ ഉപയോഗത്തെ അടിസ്ഥാനപ്പെടുത്തി യിട്ടുള്ള പരസ്പരശ്രവണവും സംവാദവും ഉണ്ടാകണം.

ഇന്നത്തെ സാഹചര്യത്തിൽ സോഷ്യൽ നെറ്റുവർക്ക് സമൂഹ ങ്ങൾ സ്വാഭാവിക സമൂഹത്തിന്റെ പര്യായമല്ലെന്ന് ആർക്കും കാണാ വുന്നതാണ്. അടിയന്തിരഘട്ടങ്ങളിൽ ഈ വെർച്ച്വൽ സമൂഹങ്ങൾ കൂടിച്ചേരലും ഐക്യദാർഢ്യവും പ്രദർശിപ്പിക്കാൻ കഴിവുള്ളതാണ്. എന്നാൽ പലപ്പോഴും ദുർബലമായ ബന്ധങ്ങളുടെ പൊതുതാത്പര്യം മൂലം പരസ്പരം തിരിച്ചറിയുന്ന ഗ്രൂപ്പുകളായി കഴിയുന്നു. കൂടാതെ, സോഷ്യൽ വെബിൽ തനിമ പലപ്പോഴും അപരനോട്, ഗ്രൂപ്പിൽപ്പെടാത്ത വനോടുള്ള വൈരുധ്യത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാകുന്നു. നമ്മെ ഐക്യപ്പെടുത്തുന്നവയെ എന്നതിനെക്കാൾ നമ്മെ വിഭജിക്കുന്ന വയെ അടിസ്ഥാനപ്പെടുത്തി നാം സ്വയം നിർവചിക്കുന്നു. സംശയ ത്തിനും എല്ലാതരം മുൻവിധിക്കും (വംശപരം, ലിംഗപരം, മതപരം

മുതലായവ) ഇടയാക്കുന്നു. ഈ പ്രവണത വൈവിധ്യത്തെ ഒഴിവാക്കുന്ന ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുന്നു. അത് ഡിജിറ്റൽ സാഹചര്യത്തിലും വിദ്വേഷത്തിന്റെ ഓളങ്ങളെ ഇളക്കിവിടുന്ന അനിയന്ത്രിതമായ വ്യക്തി വാദത്തെ പോഷിപ്പിക്കുന്നു. അങ്ങനെ ലോകത്തിലേക്കുള്ള ഒരു ജനലാ യിരിക്കേണ്ടത് വ്യക്തിപരമായ സ്വദേഹപ്രേമം പ്രദർശിപ്പിക്കുന്ന ഒരു ഷോക്കെയ്സായിത്തീരുന്നു.

മറ്റുള്ളവരുമായിട്ടുള്ള കണ്ടുമുട്ടൽ വളർത്താനുള്ള അവസരമാണ് നെറ്റ്. എന്നാൽ അതിന് നമ്മുടെ ഏകാന്തതയെ വർദ്ധിപ്പിക്കാനാകും – നമ്മെ പിടികൂടിയ ഒരു വലപോലെ. യുക്തിപരമായ തലത്തിൽ പൂർണ മായി തൃപ്തിപ്പെടുത്താൻ സോഷ്യൽ വെബിന് കഴിയുമെന്ന മിഥ്യാ ബോധം യുവജനത്തിനാണ് ഏറ്റവും കൂടുതൽ ഉള്ളത്. യുവജനം “സാമൂഹിക താപസന്മാർ” ആയിത്തീരുന്ന അപകടകരമായ ഒരു പ്രതി ഭാസം ഉണ്ട്. അവർ സമൂഹത്തിൽ നിന്നു പൂർണമായി ഒറ്റപ്പെടുകയെന്ന അപകടസാധ്യതയിലാണ്. നാടകീയമായ ഈ അവസ്ഥ സാമൂഹിക ബന്ധത്തിൽ തകർച്ചയുണ്ടാക്കുന്നു എന്നത് നമുക്ക് അവഗണിക്കാനാ വില്ല.

നാനാരൂപമുള്ളതും അപകടകരവുമായ ഈ യാഥാർത്ഥ്യം അവ സാന്മാർഗ്ഗികമോ സാമൂഹികമോ നിയമപരമോ രാഷ്ട്രീയമോ സാമ്പ ത്തികമോ ആയ വിവിധ ചോദ്യങ്ങളെ ഉയർത്തുന്നു. അവ സഭയെ വെല്ലു വിളിക്കുകയും ചെയ്യുന്നുണ്ട്. വെബിനെ നിയന്ത്രിക്കാനും സ്വതന്ത്രവും തുറവിയുള്ളതും സുരക്ഷിതവുമായ ഒരു നെറ്റുവർക്കിനെകുറിച്ച് തുടക്ക ത്തിലേ ഉള്ള കാഴ്ചപ്പാട് സംരക്ഷിക്കാനും സർക്കാരുകൾ നിയമപര മായ മാർഗ്ഗങ്ങൾ തേടുന്നു. അതേസമയം അതിന്റെ ഭാവാത്മകമായ ഉപയോഗത്തെ വളർത്താൻ നമുക്ക് എല്ലാവർക്കും ബാധ്യതയും ഉത്തര വാദിത്വവും ഉണ്ട്.

ബന്ധങ്ങൾ വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം പരസ്പരധാരണ വളർത്താൻ കഴിയില്ലല്ലോ. അങ്ങനെയെങ്കിൽ ഓൺലൈൻ നെറ്റു വർക്കിൽ പരസ്പര ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ബോധത്തോടെ എങ്ങനെ യഥാർത്ഥ സാമൂഹിക തനിമ കണ്ടെത്താനാവും?

**“നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ്”**

മൂന്നാമത്തെ ഒരു രൂപകാലങ്കാരത്തിൽനിന്ന്, ശരീരവും അവയവ ങ്ങളും എന്ന രൂപകാലങ്കാരത്തിൽനിന്ന് സാധ്യമായ ഒരു ഉത്തരം കണ്ടെ ത്താൻ കഴിയും. ആ രൂപകമാണ് മനുഷ്യരെ ബന്ധിപ്പിക്കുന്ന ശരീരത്തെ അടിസ്ഥാനപ്പെടുത്തി മനുഷ്യരുടെ പരസ്പരബന്ധം വിവരിക്കാൻ വിശുദ്ധ പൗലോസ് ശ്ലീഹാ ഉപയോഗിക്കുന്നത്: “അതിനാൽ വ്യാജം

വെടിഞ്ഞ് എല്ലാവരും തങ്ങളുടെ അയൽക്കാരോട് സത്യം സംസാരിക്കണം. കാരണം, നാം ഒരേ ശരീരത്തിലെ അവയവങ്ങളാണ്" (എഫേ.4:25). പരസ്പരം അവയവങ്ങളായിരിക്കുകയെന്നത് ആഴമുള്ള ഒരു ലക്ഷ്യമാണ്. അത് ഉപയോഗിച്ച് അപ്പസ്തോലൻ നമ്മെ വ്യാജം വെടിയാനും സത്യം പറയാനും ക്ഷണിക്കുന്നു. സത്യത്തെ സംരക്ഷിക്കാനുള്ള കടമ ഐക്യത്തിന്റെ പരസ്പരബന്ധത്തിൽനിന്നുണ്ടാകുന്നു. സത്യം ഐക്യം വെളിവാക്കുന്നു. നുണയാകട്ടെ, നമ്മൾ ഒരേ ശരീരത്തിന്റെ അംഗങ്ങളാണെന്നത് നിഷേധിക്കുന്നു.

ശരീരത്തിന്റെയും അവയവങ്ങളുടെയും അലങ്കാരം നമ്മുടെ തനിമയെപ്പറ്റി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. ആ തനിമ ഐക്യത്തിലും "അപരത്വ"ത്തിലും അടിയുറച്ചതാണ്. ക്രിസ്തു ശിരസ്സായിട്ടുള്ള ഏക ശരീരത്തിലെ അവയവങ്ങളാണ് നമ്മൾ എന്ന് ക്രൈസ്തവരായ നമ്മൾ അംഗീകരിക്കുന്നു. ഭാവിയിൽ മത്സരിക്കാനുള്ളവരായി ആളുകളെ കാണാതിരിക്കാനും ശത്രുക്കളെപ്പോലും വ്യക്തികളായി കാണാനും ഇത് സഹായിക്കും. നമ്മെത്തന്നെ നിർവചിക്കാൻ നമുക്കു ശത്രുവിന്റെ ആവശ്യമില്ല. എന്തെന്നാൽ എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന നോട്ടം നാം ക്രിസ്തുവിൽ നിന്ന് പഠിക്കുന്നുണ്ട്. അത് അപരത്വത്തെ പുതിയൊരു രീതിയിൽ കണ്ടെത്താൻ - അവശ്യഘടകമായും ബന്ധത്തിന്റെയും അടുപ്പത്തിന്റെയും വ്യവസ്ഥയായും കണ്ടെത്താൻ-നമ്മെ പ്രേരിപ്പിക്കുന്നു.

മനസിലാക്കാനും ബന്ധപ്പെടാനും മനുഷ്യരിലുള്ള കഴിവ് ദൈവിക വ്യക്തികൾ തമ്മിലുള്ള സ്നേഹത്തിന്റെ ഐക്യത്തിൽ അടിയുറച്ചതാണ്. ദൈവം ഏകാന്തതയല്ല, ഐക്യമാണ്. അവിടുന്ന് സ്നേഹമാണ്;അതുകൊണ്ട്, സമ്പർക്കമാണ്. എന്തെന്നാൽ സ്നേഹം എപ്പോഴും ആശയവിനിമയം നടത്തുന്നു. അന്യനെ കണ്ടെത്താൻ സ്വയം അങ്ങനെ ചെയ്യുന്നു. ചരിത്രത്തിലുടനീളം യഥാർത്ഥ സംവാദം സ്ഥാപിച്ചുകൊണ്ട് നമ്മോടു സംസാരിക്കുന്നതിനും നമ്മോടു ബന്ധപ്പെടുന്നതിനും ദൈവം നമ്മുടെ ഭാഷ സ്വീകരിക്കുന്നു. (cf രണ്ടാം വത്തിക്കാൻ കൗൺസിൽ ഡേഗ്മാറ്റിക്ക് കോൺസ്റ്റിറ്റ്യൂഷന്, ദേയി വെർബും 2)

നമ്മൾ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവിടുന്ന് ഐക്യവും ആത്മസമ്പർക്കവുമാണ്. അതുകൊണ്ട് ഐക്യത്തിൽ ജീവിക്കുവാനുള്ള - ഒരു സമൂഹത്തിന്റേതായിരിക്കുവാനുള്ള ആഗ്രഹം നമ്മുടെ ഹൃദയത്തിൽ നാം കൊണ്ടുനടക്കുന്നു. "പരസ്പരബന്ധത്തിൽ പ്രവേശിക്കുക, പരസ്പരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുക - ഇതിനേക്കാൾ സവിശേഷമായ മറ്റൊന്നും നമ്മുടെ

പ്രകൃതിയിലില്ല" വിശുദ്ധ ബേസിൽ പറയുന്നു. ബന്ധങ്ങളിലായിരിക്കാനും മനുഷ്യത്വത്തിന്റെ വ്യക്ത്യന്തരബന്ധസ്വഭാവം സൂക്ഷിക്കാനും ഇപ്പോഴത്തെ സാഹചര്യം നമ്മോട് ആവശ്യപ്പെടുന്നു. നെറ്റുവർക്കിലും നെറ്റുവർക്കിലൂടെയും അങ്ങനെ ചെയ്യണം. അതിലും കൂടുതലായി വിശ്വാസികൾ എന്ന നിലയിലുള്ള തനിമയുടെ അടയാളമായ ഐക്യം വെളിപ്പെടുത്താൻ, ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം വിളിക്കപ്പെട്ടിരിക്കുന്നു. വിശ്വാസം തന്നെ യഥാർത്ഥത്തിൽ ഒരു ബന്ധമാണ്, കണ്ടുമുട്ടലാണ്. ദൈവസ്നേഹത്തിന്റെ പ്രേരണകൊണ്ട് നമുക്കു സമ്പർക്കത്തിലാകാനും സ്വാഗതം ചെയ്യാനും അപരന്റെ ദാനത്തെ തിരിച്ചറിഞ്ഞ് അതിനോടു പ്രത്യുത്തരിക്കാനും കഴിയും. ഞാൻ ഞാൻ തന്നെ ആയിരിക്കണമെങ്കിൽ എനിക്ക് മറ്റുള്ളവരെ ആവശ്യമുണ്ട് എന്നത് ത്രിത്വമായ ദൈവത്തിലുള്ള വിശ്വാസത്തിൽനിന്നുളവാകുന്ന കാര്യമാണ്. ഞാൻ മറ്റുള്ളവരോട് ബന്ധപ്പെട്ടാൽ മാത്രമേ ഞാൻ യഥാർത്ഥത്തിൽ മനുഷ്യത്വവും വ്യക്തിത്വവും ഉള്ളവനായിരിക്കുകയുള്ളൂ. യഥാർത്ഥത്തിൽ "വ്യക്തി" എന്ന വാക്ക് ഒരു "മുഖം" എന്ന നിലയിൽ മനുഷ്യജീവിയെ സൂചിപ്പിക്കുന്നു. അവന്റെ മുഖം മറ്റുള്ളവരുടെ നേരെ തിരിഞ്ഞിരിക്കുകയാണ്. അവർ മറ്റുള്ളവരുമായി ബന്ധപ്പെട്ടിരിക്കുന്നവരുമാണ്. നമ്മുടെ ജീവിതം കൂടുതൽ മാനുഷികമായിതീരുന്നത് അതിന്റെ സ്വഭാവം കുറച്ചു മാത്രം ഒറ്റപ്പെട്ടതാകുകയും കൂടുതൽ വ്യക്തിത്വമുള്ളതാവുകയും ചെയ്യുമ്പോഴാണ്. മറ്റുള്ളവനെ എതിരാളിയായി കാണുന്ന ഒറ്റപ്പെട്ടവനായിരിക്കുന്നതിൽ നിന്ന് മറ്റുള്ളവരെ സഹചാരികളായി അംഗീകരിക്കുന്ന വ്യക്തിയിൽ വിശ്വാസ്യമായ ഈ മാർഗ്ഗം കാണാം.

**'ലൈക്ക്' (like) എന്നതിൽനിന്നും 'ആമ്മേൻ' എന്നതിലേക്ക്**

ശരീരത്തിന്റേയും അവയവങ്ങളുടേയും ബിംബം നമ്മെ ഒരു കാര്യം ഓർമ്മിപ്പിക്കുന്നു. മറ്റൊരാളുടെ ശരീരം, ഹൃദയം, കണ്ണുകൾ, നോട്ടം, ശ്വസനം എന്നിവയിലൂടെ സജീവമായിതീരുന്ന ശരീരത്തിലുള്ള കണ്ടുമുട്ടലിന് സാമൂഹിക വെബ് ഉപകാരപ്രദമാണ്. അത്തരം ഒരു കണ്ടുമുട്ടലിന്റെ ഒരു വ്യാപിപ്പിക്കലോ പ്രതീക്ഷിക്കലോ ആയി നെറ്റ് ഉപയോഗിച്ചാൽ നെറ്റുവർക്ക് എന്ന സങ്കല്പം ഒറ്റിക്കൊടുക്കപ്പെടുകയില്ല. അത് ഐക്യത്തിനുള്ള നിമിത്തമായി നിലകൊള്ളും. ഒരു കുടുംബം കൂടുതൽ ബന്ധപ്പെടാനും തുടർന്ന് മേശയ്ക്കരികേ കണ്ട് പരസ്പരം കണ്ണുകളിലേയ്ക്ക് നോക്കാനും നെറ്റ് ഉപയോഗിക്കുമ്പോൾ അത് വിഭവമായിതീരുന്നു. ഒരു സഭാ സമൂഹം നെറ്റുവർക്കിലൂടെ പ്രവർത്തനം സംഘടിപ്പിക്കുകയും ഒന്നിച്ച് ദിവ്യകാരുണ്യാഘോഷം നടത്തുകയും ചെയ്താൽ നെറ്റ് വിഭവമായിത്തീരും. ശാരീരികമായി

നമ്മിൽനിന്ന് അകന്നിരിക്കുന്ന സൗന്ദര്യത്തിന്റെയോ സഹനത്തി ന്റെയോ കഥകളോ അനുഭവങ്ങളോ പങ്കുവയ്ക്കാനുള്ള അവസരം നെറ്റ് തരുമ്പോൾ അത് വിഭവമാണ്. ഒന്നിച്ചുപ്രാർത്ഥിക്കാനും നന്മ അന്വേഷി ക്കാനും ഐക്യപ്പെടുത്തുന്നവയെ കണ്ടെത്താനും നെറ്റ് സഹായി ക്കുന്നു. ഈ വിധത്തിൽ നമുക്ക് രോഗനിർണ്ണയത്തിൽ നിന്ന് ചികിത്സ യിലേക്കു കടക്കാം. സംവാദത്തിനും കണ്ടുമുട്ടലിനും "പുഞ്ചിരി കൾക്കും" വാത്സല്യപ്രകടനങ്ങൾക്കും ഉള്ള വഴി തുറക്കുന്നു. ഈ നെറ്റു വർക്കാണ് നമുക്കും വേണ്ടത് – കെണിയിൽപെടാനുള്ളതല്ല വിമോചി പ്പിക്കാനുള്ളത്, സ്വതന്ത്രജനതയുടെ ഐക്യം സംരക്ഷിക്കാനുള്ളത്. സഭതന്നെ ദിവ്യകാരുണ്യ ഐക്യം വഴി ഒന്നിച്ചുനെയ്യപ്പെട്ട ഒരു നെറ്റു വർക്കാണ്. അവിടെ ഐക്യത്തിന്റെ അടിസ്ഥാനം " ലൈക്ക് " അല്ല പിന്നെയോ സത്യത്തിൽ "ആമ്മേൻ" ആണ്. അതുവഴി ഓരോ വ്യക്തിയും ക്രിസ്തുവിന്റെ ശരീരത്തോട് ഒട്ടിച്ചേരുകയും മറ്റുള്ളവർക്ക് സ്വാഗതമരുളുകയും ചെയ്യുന്നു.

---

**NB:- ഈ സർക്കുലർ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും മാധ്യമ ദിനമായ 2019 ജൂൺ 2–ാം തീയതി വായിക്കുകയോ, സന്ദേശം പങ്കുവയ്ക്കുകയോ ചെയ്യേണ്ടതാണ്.**

# പുരോഹിതനും വചനശുശ്രൂഷയും

**മല്പാൻ മാത്യു വെള്ളാനിക്കൽ**

**(തിരുവചനഭാഗം: ശ്ലീഹ 17,1–34)**

ഏഷ്യയിൽ വചനം പ്രസംഗിക്കുന്നതിൽനിന്നും പിന്തിരിപ്പിക്കപ്പെട്ട പൗലോസും, സീലാസും തിമോത്തിയോസുമൊന്നിച്ച് യൂറോപ്പിനെ ലക്ഷ്യമാക്കി പ്രേഷിതയാത്ര തുടരുകയാണ്. ഈ യാത്രയിൽ തെസലോനിക്കാ, ബെറോയാ, എന്നീ യഹൂദ സാന്നിദ്ധ്യമുണ്ടായിരുന്ന സ്ഥലങ്ങൾ പിന്നിട്ട് ആഥൻസിൽ വരുന്നതും അവിടെയെല്ലാം സുവിശേഷ പ്രഘോഷണം നടത്തുന്നതുമാണ് ഈ അദ്ധ്യായത്തിലെ പ്രതിപാദ്യ വിഷയം

ഈ വചനഭാഗത്തെ അഞ്ചായി തിരിക്കാം:

1. തെസലോനിക്കായിൽ (17,1–9)
2. ബെറോയായിൽ (17,10–15)
3. ആഥൻസിൽ (17,16–21)
4. അരെയോപ്പാഗസിലെ പ്രസംഗം (17,22–31)
5. ആഥൻസ് വിടുന്നു (17,32–34)

പുരോഹിതന്റെ ശുശ്രൂഷയിൽ ഒന്നാം സ്ഥാനം വചനശുശ്രൂഷയ്ക്കാണ്. ആ ശുശ്രൂഷ നിർവഹിക്കുന്നതിൽ ശ്രദ്ധിക്കേണ്ട ചില പ്രത്യേക വശങ്ങളാണ് ഈ വചനഭാഗം അവതരിപ്പിക്കുന്നത്.

**1. വിശുദ്ധഗ്രന്ഥാധിഷ്ഠിതമായ വചനശുശ്രൂഷ**

"*പൗലോസ് പതിവനുസരിച്ച് അവിടെച്ചെന്നു മൂന്നു സാബത്തുകളിൽ, വിശുദ്ധഗ്രന്ഥത്തെ ആധാരമാക്കി അവരോടു സംവാദത്തിലേർപ്പെട്ടു. മിശിഹാ പീഡനം സഹിക്കുകയും മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യുക ആവശ്യമായിരുന്നുവെന്ന് അവൻ വിശദീകരിക്കുകയും തെളിയിക്കുകയും ചെയ്തു. അവൻ പറഞ്ഞു: ഞാൻ നിങ്ങളുടെ മുമ്പിൽ പ്രഘോഷിക്കുന്ന ഈ ഈശോ തന്നെയാണ് മിശിഹാ*" (17,2–3).

മാസിഡോണിയായിലെ റോമൻ ഗവർണ്ണറുടെ താമസസ്ഥലമായ തെസലോനിക്കായിലാണ് പൗലോസും സീലാസും തിമോത്തിയും അവരുടെ സുവിശേഷപ്രഘോഷണം നിർവഹിച്ചത്. അവിടെ യഹൂദരുണ്ടായിരുന്നതുകൊണ്ട് സിനഗോഗുമുണ്ടായിരുന്നു. അതുകൊണ്ടായിരിക്കാം അവിടെ സുവിശേഷപ്രഘോഷണം നടത്താൻ അവർ

തീരുമാനിച്ചത്. അതേസമയം 'ജാസൻ' എന്നൊരാളുടെ വീട്ടിലാണ് അവർ താമസമാക്കിയത്. പക്ഷേ, അവർക്കാർക്കും ഭാരമാകാത്തവിധം ജോലി ചെയ്താണ് അവർ സ്വന്തം ഉപജീവനമാർഗ്ഗം തേടിയത് (1 തെസ 2,9). സുവിശേഷപ്രഘോഷകർക്ക് ഒരു മാതൃകയാകാൻവേണ്ടിക്കൂടിയാണ് അപ്രകാരം ചെയ്തതെന്ന് പിന്നീട് സൂചിപ്പിക്കുന്നുണ്ട് (2 തെസ 3,7-8). വിശുദ്ധ ഗ്രന്ഥത്തെ ആധാരമാക്കി സിനഗോഗിലുള്ളവരോട് സംവാദത്തിലേർപ്പെട്ടുവെന്നാണ് അവിടുത്തെ സുവിശേഷപ്രഘോഷണത്തെ വിവരിക്കുന്നത്. പഴയനിയമത്തിൽ ദൈവജനം പ്രതീക്ഷിച്ചിരുന്ന മിശിഹാതന്നെയാണ് ഈശോ എന്നു തെളിയിക്കാനാണ് പൗലോസ് ശ്രമിച്ചത്. ഉത്ഥാനത്തിലൂടെ ഈശോ കർത്താവായെന്നും പഠിപ്പിച്ചുകാണും. ഈശോ എന്ന മറ്റൊരു രാജാവിന്റെ പേരു പറഞ്ഞ് സീസറിന്റെ കല്പന ലംഘിക്കുന്നുവെന്നും അവർ കുറ്റാരോപണം നടത്തുന്നുണ്ട് (17,7).

വിശുദ്ധ ഗ്രന്ഥത്തെ ആധാരമാക്കി സംവാദപരമായ ഒരു ശൈലിയാണ് പൗലോസ് തെസലോനിക്കായിൽ സുവിശേഷപ്രഘോഷണത്തിനു സ്വീകരിച്ചത്. ഇതു വളരെ പ്രധാനപ്പെട്ട ഒരു വസ്തുതയാണ്. സഭയുടെ വിശ്വാസത്തിന്റെ ഉറവിടങ്ങളെ ആധാരമാക്കി വിശ്വാസം പഠിപ്പിക്കേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും ഇതു വ്യക്തമാക്കുന്നുണ്ട്. ഇന്നത്തെ സുവിശേഷപ്രഘോഷണങ്ങളുടെ ശൈലിയിലുള്ള ഒരു അപാകതയിലേക്ക് ഇതു വിരൽ ചൂണ്ടുന്നുണ്ട്. അത്ഭുതങ്ങൾക്കും അടയാളങ്ങൾക്കും മുൻതൂക്കം നല്കി മനുഷ്യരെ ആകർഷിക്കുന്ന സുവിശേഷപ്രഘോഷണശൈലിയാണ് ഇന്നു പരക്കെ സ്വീകരിച്ചുകാണുന്നത്. സഭയുടെ വിശ്വാസപ്രബോധനം വേണ്ടവിധത്തിൽ നടക്കാതെ പോകുന്നതുകൊണ്ട്, സഭാജീവിതത്തിൽ അതിന്റേതായ കുറവുകൾ കാണപ്പെടുന്നു. ആരംഭം മുതൽ 'ശ്ലൈഹികപ്രബോധന'ത്തിൽ സദാ താല്പര്യപൂർവ്വം പങ്കുചേരുന്ന ഒരു സമൂഹമാണ് സഭ (ശ്ലീഹ 2,42). വിശ്വാസികളുടെ സമൂഹമായ സഭയിൽ, വിശ്വാസത്തിൽ നിലനില്ക്കുന്നതിന് അത് ആവശ്യമാണുതാനും. അതുകൊണ്ട് വിശ്വാസത്തിന്റെ ഉറവിടങ്ങളായ വിശുദ്ധ ലിഖിതങ്ങളിലും വിശുദ്ധ പാരമ്പര്യങ്ങളിലും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളിലും അധിഷ്ഠിതമായി, പ്രബോധനപരമായ വചനശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതർ ശ്രദ്ധിക്കണം.

**2. വചനസ്വീകരണത്തിന് ഒരുക്കുന്ന വചനശുശ്രൂഷ**

"*ഈ സ്ഥലത്തെ യഹൂദർ തെസലോനിക്കായിലുള്ളവരെക്കാൾ മാന്യന്മാരായിരുന്നു. ഇവർ അതീവ താല്പര്യത്തോടെ വചനം*

*സ്വീകരിച്ചു. അവർ പറഞ്ഞതു സത്യമാണോയെന്ന് അറിയുവാൻ വിശു ദ്ധഗ്രന്ഥങ്ങൾ അനുദിനം പരിശോധിക്കുകയും ചെയ്തിരുന്നു. അവരിൽ പലരും വിശ്വാസം സ്വീകരിച്ചു; കൂടാതെ ഗ്രീക്കുകാരിൽ ബഹുമാന്യ രായ പല സ്ത്രീകളും പുരുഷന്മാരും*" (17,11-12).

അസൂയാലുക്കളായ ചില യഹൂദന്മാരുടെ പ്രേരണയ്ക്കു വിധേയ രായി നഗരാധിപന്മാരും ജനക്കൂട്ടവും പൗലോസിനെതിരായി തീർന്ന തിന്റെ ഫലമായി അവർക്ക് തെസലോനിക്കാ വിട്ട് ബെറോയായിലേക്കു പോകേണ്ടി വന്നു. അവിടെ എത്തിയതിനുശേഷം പൗലോസും സീലാസും യഹൂദരുടെ സിനഗോഗു കേന്ദ്രീകരിച്ച് വീണ്ടും സുവിശേഷ പ്രഘോഷണത്തിലേർപ്പെട്ടു. ഈ സ്ഥലത്തുള്ള യഹൂദർ തെസലോ നിക്കായിലുള്ളവരെക്കാൾ മാന്യന്മാരായിരുന്നതുകൊണ്ട്, അവർ അതീവ താല്പര്യത്തോടെ വചനം സ്വീകരിച്ചു. മാത്രമല്ല, പൗലോസും സീലാസും മറ്റും പറഞ്ഞത് സത്യമാണോയെന്ന് അറിയുവാൻ അവർ വിശുദ്ധഗ്രന്ഥങ്ങൾ അനുദിനം പരിശോധിക്കുകയും ചെയ്തിരുന്നു (17,11). വിശുദ്ധഗ്രന്ഥാധിഷ്ഠിതമായിട്ടാണ് പൗലോസും കൂട്ടരും പ്രസംഗിച്ചി രുന്നതെന്ന് നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ (17,2). അവരുടെ സുവിശേഷ പ്രഘോഷണത്തോട് സജീവമായി സഹകരിച്ചുകൊണ്ട് അവിടുത്തെ യഹൂദർ വചനം പഠിക്കുകയും വചനം സ്വീകരിക്കുകയും ചെയ്തു. അതിന്റെ ഫലമായി അവരിൽ പലരും വിശ്വാസം സ്വീകരിക്കുകയും ചെയ്തു (17,11).

'വചനസ്വീകരണം' ക്രിസ്തീയജീവിതത്തിലും സഭാജീവിത ത്തിലും വളരെ പ്രാധാന്യമുള്ള ഒരു വസ്തുതയാണ്. ആദിമക്രൈസ്ത വസമൂഹം വചനം സ്വീകരിച്ചവരുടെ സമൂഹമായിരുന്നു. പത്രോസും മറ്റു പതിനൊന്നു പേരും ചേർന്ന്, പന്തക്കുസ്താനുഭവത്തെത്തുടർന്ന് നടത്തിയ സുവിശേഷപ്രഘോഷണത്തിന്റെ ഫലമായിട്ടാണല്ലോ ആദിമ ക്രൈസ്തവസമൂഹം രൂപം കൊണ്ടത്. അതെപ്പറ്റി നടപടിഗ്രന്ഥം ഇപ്ര കാരമാണു പറയുന്നത്: "അവന്റെ വചനം സ്വീകരിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസംതന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു" (ശ്ലീഹ 2,41). 'വചനം ശ്രവിച്ചവർ' എന്നല്ല, 'വചനം സ്വീകരി ച്ചവർ' എന്നാണ് അവിടെ എടുത്തുപറയുന്നത്. (പി. ഒ. സി. ബൈബി ളിലെ 'വചനം ശ്രവിച്ചവർ' എന്ന വിവർത്തനം ഗ്രീക്കു മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന വാക്കിനോട് വിശ്വസ്തത പുലർത്തുന്നതല്ല). വചനം ശ്രവിച്ചാൽമാത്രം പോരാ. ജീവിതത്തിന്റെ മാനദണ്ഡമായി വചനം സ്വീകരിക്കുമ്പോഴാണ് യഥാർത്ഥത്തിൽ വചനസ്വീകരണം

നടക്കുന്നതും അതിന്റെ ഫലമായി വിശ്വാസസ്വീകരണമുണ്ടാകുന്നതും. ഇന്നു പലപ്പോഴും 'വചനശ്രവണം' മാത്രമേ നടക്കുന്നുള്ളു. വചന സ്വീകരണം നടക്കണമെങ്കിൽ ഹൃദയം നിർമ്മലമായിരിക്കണമെന്ന് സഭാ പിതാക്കന്മാർ പഠിപ്പിക്കുന്നുണ്ട്. നമ്മുടെ കുർബാനയിലെ സുവിശേഷ ത്തിനു മുമ്പുള്ള തുർഗാമാ (വ്യാഖ്യാനഗീതം) നമ്മെ അനുസ്മരിപ്പി ക്കുന്നുമുണ്ട്. അതുകൊണ്ട് 'വചനസ്വീകരണം' നടക്കുവാൻ തക്കവിധം ജനങ്ങളെ ഒരുക്കി വചനശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതൻ ശ്രമി ക്കണം.

### 3. വചനവിത്ത് വചനത്താൽ പൂർണമാക്കുന്ന വചനശുശ്രൂഷ

*"പൗലോസ് അവരെയും പ്രതീക്ഷിച്ച് ആഥൻസിൽ താമസിക്കവേ, നഗരം മുഴുവൻ വിഗ്രഹങ്ങൾക്കൊണ്ടു നിറഞ്ഞിരിക്കുന്നതു കണ്ട് അവന്റെ മനസ്സിൽ വലിയ ക്ഷോഭമുണ്ടായി. അതിനാൽ, സിനഗോ ഗിൽവച്ച് യഹൂദന്മാരുമായും മറ്റു ഭക്തജനങ്ങളുമായും, പൊതുസ്ഥല ത്തുവച്ച് എല്ലാ ദിവസവും അവിടെ കൂടിയിരിക്കുന്നവരുമായും അവൻ വാദപ്രതിവാദം നടത്തി"* (17,16-17).

ബെറോയായിൽ ഫലപ്രദമായി സുവിശേഷപ്രഘോഷണം നടത്തി ക്കൊണ്ടിരുന്നപ്പോൾ തെസലോനിക്കാക്കാരായ യഹൂദർ അവിടെ യെത്തി ജനങ്ങളെ പ്രകോപിപ്പിക്കുകയും ഇളക്കിവിടുകയും ചെയ്തു (17,13). അതുകൊണ്ട് പൗലോസിന്റെ കൂടെയുണ്ടായിരുന്നവർ അദ്ദേ ഹത്തെ ആഥൻസിൽ കൊണ്ടുചെന്നാക്കി (17,15). പൗലോസിന്റെ ആഥൻസിലെ സുവിശേഷപ്രഘോഷണമാണ് 17-ാം അദ്ധ്യായം 16 മുതൽ 31 വരെയുള്ള വാക്യങ്ങൾ അവതരിപ്പിക്കുന്നത്. മിശിഹായുടെ സുവിശേഷം വിജാതീയ ലോകവുമായി ആദ്യമായി കണ്ടുമുട്ടുന്ന സന്ദർഭമാണ് ആഥൻസിലെ അരെയോപ്പഗസിലെ പൗലോസിന്റെ പ്രസംഗം. നഗരം മുഴുവൻ വിഗ്രഹങ്ങൾക്കൊണ്ടു നിറഞ്ഞിരിക്കുന്നതു കണ്ട് പൗലോസിന്റെ മനസ്സിൽ വലിയ ക്ഷോഭമുണ്ടായി (17,16). വിഗ്ര ഹാരാധനയ്ക്കു പുറമെ എപ്പിക്കൂരിയൻ, സ്റ്റോയിക്ക് തുടങ്ങിയ തത്ത്വ ശാസ്ത്ര ചിന്തകരും ധാരാളമുണ്ടായിരുന്ന ഒരന്തരീക്ഷമാണ് ആഥൻസി ലുണ്ടായിരുന്നത്. ഈ പശ്ചാത്തലത്തിൽ പൗലോസ് ഈശോയെ ക്കുറിച്ചും പുനരുത്ഥാനത്തെക്കുറിച്ചും പ്രസംഗിച്ചുവെന്നും (17,18), പൊതുസ്ഥലത്തുവച്ച് അവിടെ കൂടിയിരുന്നവരുമായി എല്ലാ ദിവസവും വാദപ്രതിവാദം നടത്തിയെന്നു(17,17)മാണ് നടപടിഗ്രന്ഥം പ്രതി പാദിക്കുന്നത്.

സുവിശേഷം എല്ലാ സാഹചര്യങ്ങളിലും പ്രഘോഷണം ചെയ്യപ്പെടണമെന്ന് ഈ സംഭവം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. അന്ധവിശ്വാസമുള്ളിടത്തും വിശ്വാസമില്ലായ്മയുള്ളിടത്തും കേവലം ബൗദ്ധികതലത്തിൽ ചരിക്കുന്നവരുടെയിടയിലും സുവിശേഷപ്രഘോഷണത്തിന് പ്രസക്തിയും പ്രാധാന്യവുമുണ്ട്. ബൗദ്ധികതലത്തിൽ ഉന്നതനിലവാരം പുലർത്തുന്ന ജനങ്ങളുടെയിടയിലും സുവിശേഷപ്രഘോഷണത്തിനു പ്രസക്തിയുണ്ട്; സുവിശേഷപ്രഘോഷണം നടത്താൻ നമുക്കു കടമയുണ്ടെന്ന് ഇതു സൂചിപ്പിക്കുന്നു. പഴയനിയമത്തിലെ 'വചന'മാണ് പുതിയനിയമത്തിലെ 'സുവിശേഷ'മായി മാറിയത്. വചനത്തിലൂടെയാണ് സകലതും സൃഷ്ടിക്കപ്പെട്ടത്: "ആദിയിൽ വചനമുണ്ടായിരുന്നു... സമസ്തവും അവനിലൂടെ ഉണ്ടായി. ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല" (യോഹ 1,1-3). വചനത്തിന്റെ വിത്ത് എല്ലാ മനുഷ്യരിലും മതങ്ങളിലുമുണ്ട്. അതുകൊണ്ട് അതിനെ വചനത്തിന്റെ പൂർണതയിലെത്തിക്കുവാനുള്ള വിളി സാർവ്വത്രികമാണ്. അതുകൊണ്ട് എല്ലാവരിലും, എല്ലാ സാഹചര്യങ്ങളിലും, സന്നിഹിതമായിരിക്കുന്ന വചനവിത്തിന്റെ സാന്നിദ്ധ്യം വിവേചിച്ചറിഞ്ഞ് വചനശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതർക്കു കടമയുണ്ട്.

**4. സൃഷ്ടിപരമായ ബന്ധം ഉണർത്തിയുള്ള വചനശുശ്രൂഷ**

"*ഞാൻ ഇതിലെ കടന്നുപോയപ്പോൾ നിങ്ങളുടെ ആരാധനാവസ്തുക്കളെ നിരീക്ഷിച്ചു. അജ്ഞാതദേവന് എന്ന് എഴുതിയിട്ടുള്ള ഒരു ബലിപീഠം ഞാൻ കണ്ടു. നിങ്ങൾ ആരാധിക്കുന്ന ആ അജ്ഞാതദേവനെക്കുറിച്ചുതന്നെയാണ് ഞാൻ നിങ്ങളോടു പ്രസംഗിക്കുന്നത്. പ്രപഞ്ചത്തെയും അതിലുള്ള സകലത്തെയും സൃഷ്ടിച്ചവനും സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താവുമായ ദൈവം മനുഷ്യനിർമ്മിതമായ ആലയങ്ങളിലല്ല വസിക്കുന്നത്*" (17,23-24).

വിജാതീയരോടുള്ള ഏറ്റം നീണ്ട സുവിശേഷപ്രഘോഷണമാണ് പൗലോസിന്റെ അരെയോപ്പഗസിലെ പ്രസംഗം. ഒരാമുഖവും മൂന്നു ഭാഗങ്ങളും ഒരു ഉപസംഹാരവുമാണ് ഈ പ്രസംഗത്തിനുള്ളത്. ആമുഖത്തിൽ, അറിയപ്പെടാത്ത ദൈവത്തെക്കുറിച്ചാണ് പൗലോസ് സംസാരിക്കുന്നത് (17,23). ഒന്നാം ഭാഗത്ത്, പ്രപഞ്ചസ്രഷ്ടാവായ ദൈവം മനുഷ്യനിർമ്മിതമായ ആലയങ്ങളിലല്ല വസിക്കുന്നത് (17,24) എന്നും, രണ്ടാം ഭാഗത്ത്, ദൈവത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽത്തന്നെയാണ് അവിടുന്നു വസിക്കുന്നത്; അവൻ എല്ലാറ്റിനും ആ ദൈവത്തെത്തന്നെ ആശ്രയിക്കുകയും ചെയ്യുന്നു (17,26-27) എന്നും, മൂന്നാം ഭാഗത്ത്, ദൈവത്തിൽ നാം ജീവിക്കുന്നു; ചരിക്കുന്നു; നിലനില്ക്കുകയും ചെയ്യുന്നു; അവിടുന്നും നാമും തമ്മിൽ പിതൃപുത്രബന്ധവുമുണ്ട്

(17,28–29) എന്നും പറയുന്നു. ഉപസംഹാരത്തിൽ, അതുകൊണ്ട് വിഗ്ര ഹാരാധന തെറ്റാണ്, മാനസാന്തരപ്പെട്ട് സത്യദൈവത്തിലേക്കു തിരി ഞ്ഞുകൊണ്ട് യഥാർത്ഥമായ ആരാധനയിലേക്കു കടന്നുവരുവാനും (17,30–31), മനുഷ്യകുലം മുഴുവൻ രക്ഷിക്കപ്പെടുവാൻ തന്റെ പുത്രനെ രക്ഷകനായി നല്കുവാൻ ദൈവം തിരുമനസ്സായി (17,31) എന്ന് അംഗീ കരിക്കുവാനും പൗലോസ് ആഹ്വാനം ചെയ്യുന്നു.

സോളമന്റെ ദൈവാലയപ്രതിഷ്ഠാ പ്രാർത്ഥനയെയും ദൈവത്തെ വേണ്ടവിധം തിരിച്ചറിഞ്ഞ് ശരിയായ രീതിയിൽ പ്രത്യുത്തരം നല്കാതെപോയ ഇസ്രായേൽ മക്കളുടെ സ്ഥിതിവിശേഷത്തെയു മൊക്കെ അനുസ്മരിപ്പിക്കുന്ന വാക്കുകളാണ് പൗലോസിന്റെ ഈ പ്രഭാ ഷണത്തിൽ കാണുന്നത്. സോളമൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു: "ദൈവം യഥാർത്ഥത്തിൽ ഭൂമിയിൽ വസിക്കുമോ? അങ്ങയെ ഉൾക്കൊ ള്ളാൻ സ്വർഗ്ഗത്തിനും സ്വർഗാധിസ്വർഗ്ഗത്തിനും അസാദ്ധ്യമെങ്കിൽ ഞാൻ നിർമ്മിച്ച ഈ ഭവനം എത്ര അപര്യാപ്തം!" (1 രാജാ 8,27). ഏശയ്യാ പറയുന്നു: "ആകാശങ്ങളേ ശ്രവിക്കുക, ഭൂതലമേ ശ്രദ്ധിക്കുക, കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ മക്കളെ പോറ്റി വളർത്തി: എന്നാൽ, അവർ എന്നോടു കലഹിച്ചു. കാള അതിന്റെ ഉടമസ്ഥനെ അറിയുന്നു; കഴുത അതിന്റെ യജമാനന്റെ തൊഴുത്തും. എന്നാൽ ഇസ്രായേൽ ഗ്രഹിക്കുന്നില്ല; എന്റെ ജനം മനസ്സിലാക്കുന്നില്ല" (ഏശ 1,2–3). ദൈവ ത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവസ്നേഹം അറിയാതെയും അംഗീകരിക്കാതെയും ജീവിക്കുന്ന അവസ്ഥ മനസ്സിലാക്കി, തന്റെ സ്രഷ്ടാവായ ദൈവത്തിലേക്കു തിരിഞ്ഞ് അവിടുത്തെ ആരാധിക്കു വാനാണ് പൗലോസ് ആഥൻസ് ജനതയെ ആഹ്വാനം ചെയ്യുന്നത്. അടിസ്ഥാനപരമായി ഇപ്രകാരം ദൈവവുമായുള്ള സൃഷ്ടിപരമായ ബന്ധം ഉണർത്തി യഥാർത്ഥ ദൈവാരാധകരാകുവാനുള്ള ക്ഷണമാണ് വചനശുശ്രൂഷയിലൂടെ പുരോഹിതൻ നല്കേണ്ടത്.

**5. ഉത്ഥാനത്തിനും അന്ത്യാത്മകജീവിതത്തിനും പ്രാധാന്യം നല്കുന്ന വചനശുശ്രൂഷ**

*"മരിച്ചവരുടെ പുനരുത്ഥാനത്തെപ്പറ്റി കേട്ടപ്പോൾ ചിലർ അവനെ പരിഹസിച്ചു. എന്നാൽ, ചിലർ പറഞ്ഞു: ഇവയെക്കുറിച്ച് നിന്നിൽനിന്നു ഞങ്ങൾ പിന്നീടൊരിക്കൽ കേട്ടുകൊള്ളാം. അങ്ങനെ പൗലോസ് അവരുടെയിടയിൽനിന്നു പോയി. എന്നാൽ, കുറെയാളുകൾ അവനോടു ചേർന്ന് വിശ്വാസം സ്വീകരിച്ചു. അരെയോപ്പാഗസുകാരൻ ഡയനീഷ്യസും ദമാറിസ് എന്നു പേരുള്ള സ്ത്രീയും മറ്റു ചിലരും അക്കൂട്ടത്തിലുണ്ടായിരുന്നു"* (17,32–34).

അരെയോപ്പാഗസിലെ പ്രസംഗത്തിന് ആധികാരികത നല്കുന്ന അടിസ്ഥാനമായി പൗലോസ് എടുത്തു കാണിക്കുന്നത് ഈശോയുടെ ഉത്ഥാനമാണ്: "എന്തെന്നാൽ, താൻ നിയോഗിച്ചിരിക്കുന്ന ഒരു മനുഷ്യൻ വഴി ലോകത്തെ മുഴുവൻ നീതിയോടെ വിധിക്കാൻ അവിടുന്ന് ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു. ആ മനുഷ്യനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചുകൊണ്ട്, അവിടുന്ന് ഇതിന് ഉറപ്പു നല്കിയിട്ടുമുണ്ട്" (17,31). മിശിഹായുടെ ഉത്ഥാനമാണ് സുവിശേഷപ്രഘോഷണത്തിന്റെ കേന്ദ്ര ബിന്ദു: "മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊറി 15,14). അതുപോലെതന്നെ നമ്മുടെ ഉത്ഥാനവും സുവിശേഷപ്രഘോഷണ ത്തിന്റെ അടിസ്ഥാന യാഥാർത്ഥ്യമാണ്. "മരിച്ചവർ ഉയിർപ്പിക്കപ്പെടു ന്നില്ലെങ്കിൽ മിശിഹായും ഉയിർപ്പിക്കപ്പെട്ടിട്ടില്ല" (1 കൊറി 15,16). മിശി ഹായുടെ ഉത്ഥാനവും വിശ്വാസികളുടെ ഉത്ഥാനവും പ്രഖ്യാപിച്ചു കൊണ്ടാണ് പൗലോസ് അരെയോപ്പാഗസിലെ തന്റെ പ്രസംഗം അവ സാനിപ്പിക്കുന്നത്.

മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചു കേട്ടപ്പോൾ സമ്മിശ്ര പ്രതികര ണമാണ് ജനങ്ങളുടെ ഭാഗത്തുനിന്നുണ്ടായത്. "ചിലർ അവനെ പരി ഹസിച്ചു. എന്നാൽ, ചിലർ പറഞ്ഞു: ഇവയെക്കുറിച്ച് നിന്നിൽനിന്നു ഞങ്ങൾ പിന്നീടൊരിക്കൽ കേട്ടുകൊള്ളാം" (17,32). എന്നാൽ, മറ്റു "കുറെയാളുകൾ അവനോടു ചേർന്ന് വിശ്വാസം സ്വീകരിച്ചു. അരെ യോപ്പാഗസുകാരൻ ഡയനീഷ്യസും ദമാറിസ് എന്നു പേരുള്ള സ്ത്രീയും മറ്റു ചിലരും അക്കൂട്ടത്തിലുണ്ടായിരുന്നു" (17,34). മരിച്ച വരുടെ പുനരുത്ഥാനം നമ്മുടെ വിശ്വാസത്തിന് ശരിക്കും അർത്ഥം നല്കുന്നതാണ്. പൗലോസ്ശ്ലീഹാ പറയുന്നതുപോലെ, "ഈ ജീവിത ത്തിനുവേണ്ടി മാത്രം മിശിഹായിൽ പ്രത്യാശ വച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാ മനുഷ്യരെയുംകാൾ നിർഭാഗ്യരാണ്" (1 കൊറി 15,19). ഇന്നത്തെ പല വചനപ്രഘോഷണങ്ങളിലും മരിച്ചവരുടെ ഉത്ഥാനവും അദ്ധ്യാത്മികജീവിതവും പ്രസംഗവിഷയമാകാറില്ല. ഈലോകത്തിന്റേ തായ പ്രശ്നപരിഹാരങ്ങൾക്ക് പ്രാമുഖ്യം നല്കുന്ന കൺവെൻഷനു കളും പ്രസംഗങ്ങളുമൊക്കെയാണ് ഇന്ന് മനുഷ്യനെ ആകർഷിക്കുന്നത്. ഇതിന് മാറ്റം വരേണ്ടതുണ്ട്. അതുകൊണ്ട് ഉത്ഥാനത്തിനും അദ്ധ്യാത്മികജീവിതത്തിനും പ്രാധാന്യം നല്കുന്ന വചനശുശ്രൂഷക രാകുവാൻ പുരോഹിതർ ശ്രദ്ധിക്കണം.

**ജീവിതസൂചിക**

1. വിശുദ്ധഗ്രന്ഥാധിഷ്ഠിതവും പ്രബോധനപരവുമായ വചനശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ എത്രമാത്രം ശ്രദ്ധിക്കുന്നുണ്ട്?
2. വചനസ്വീകരണത്തിന് ജനങ്ങളെ ഒരുക്കി വചനപ്രഘോഷണം നടത്താൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
3. മനുഷ്യരിലുള്ള വചനവിത്തിന്റെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ് വചന ശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. ദൈവവും മനുഷ്യനും തമ്മിലുള്ള സൃഷ്ടിപരമായ ബന്ധം ഉണർത്തി, യാഥാർത്ഥ ദൈവാരാധകരാകുവാൻ മനുഷ്യരെ സഹായിക്കുന്ന വിധമാണോ ഞാൻ വചനശുശ്രൂഷ നിർവഹിക്കുന്നത്?
5. ഉത്ഥാനത്തിനും അന്ത്യാത്മകജീവിതത്തിനും പ്രാധാന്യം നല്കുന്ന വചനശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ജൂൺ 3-ാം തീയതി ബഹു. മാത്യു കൊല്ലിത്താനം അച്ചന്റെയും, 8-ാം തീയതി ബഹു. തോമസ് കാട്ടൂർ അച്ചന്റെയും ജൂലൈ 16-ാം തീയതി ബഹു. അബ്രാഹം മൂക്കനോലി അച്ചന്റെയും ചരമദിനങ്ങളാണ്. ഈ വൈദികരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**മാധ്യമദിനം – ജൂൺ 2**

2019 ജൂൺ 2 ന് മാധ്യമദിനമായി കേരളസഭ ആചരിക്കുകയാണല്ലോ. അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**പത്രോസിന്റെ കാശ് – ജൂൺ 23**

ജൂൺ 29 ന് ആദിമസഭയുടെ അടിസ്ഥാനശിലകളായി വർത്തിച്ച പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളാണല്ലോ. ജൂൺ 23-ാം തീയതി ഞായറാഴ്ച വി. പത്രോസിന്റെ കാശ് പിരിവിനുള്ള ദിവസമായി കണക്കാക്കി, പ്രത്യേകം സ്തോത്രക്കാഴ്ച നടത്തി ലഭിക്കുന്ന തുക റോമിലേയ്ക്ക് അയച്ചുകൊടുക്കുവാനായി കാലതാമസം വരുത്താതെ രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സീറോമലബാർ ദിനം – ജൂലൈ 3**

സീറോമലബാർ സഭാദിനമായി കൂടി ആചരിക്കുന്ന, നമ്മുടെ സഭയുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ തിരുനാൾ ദിനമായ ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു. നമ്മുടെ പിതാവിന്റെ ഓർമ്മതിരുനാളും സഭാദിനവുമായ ജൂലൈ 3 ന് പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും ലഭിക്കുന്ന തുക സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ പ്രവർത്തന ഫണ്ടിലേക്ക് നൽകുന്നതിനായി കഴിയുന്നത്ര നേരത്തെ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**യുവജനദിനം – ജൂലൈ 7**

കേരളസഭ ജൂലൈ 7-ാം തീയതി യുവജനദിനം ആചരിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ഭാവിവാഗ്ദാനങ്ങളായ യുവജനങ്ങളുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ നമുക്കെല്ലാവർക്കും

കഴിയുന്നവിധത്തിൽ സഹായിക്കാം. ഉചിതമായ വിധത്തിൽ യുവജന ദിനം ആഘോഷിക്കുവാൻ ബഹു. വികാരിയച്ചന്മാരും ബന്ധപ്പെട്ടവരും താല്പര്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിൽ യുവജനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന ബഹു. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ അച്ചനെയും ബഹു. ലാൽ പൈനുങ്കൽ അച്ചനെയും മറ്റു ഭാരവാഹികളെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അന്നേദിവസം യുവജനങ്ങൾക്കുവേണ്ടി പ്രത്യേകം സ്തോത്രക്കാഴ്ച സ്വീകരിക്കുകയും യുവജനപ്രവർത്തനങ്ങളെ സഹായിക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**നന്ദി**

ഇടവകകളിലും സ്ഥാപനങ്ങളിലുമായി പുതിയ സേവനമേഖലകളിലേക്ക് പ്രവേശിച്ചിരിക്കുന്ന എല്ലാ ബഹു. വൈദികർക്കും എല്ലാവിധ ദൈവാനുഗ്രഹങ്ങളും വിജയങ്ങളും ആശംസിക്കുന്നു. വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നും രൂപതയിൽ സേവനത്തിനായി കടന്നുവന്ന് സ്തുത്യർഹമായ സേവനത്തിനുശേഷം തിരിച്ചു പോകുന്ന വൈദികരെ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. വടപുറം വികാരിയായിരുന്ന ബഹു. ഷാജു ആനിത്തോട്ടത്തിൽ OFM Cap. അച്ചനും, നെയ്ക്കുപ്പ വികാരിയായിരുന്ന ബഹു. ജോൺസൺ മണിയങ്ങോട്ട് SAC അച്ചനും, നെയ്ക്കുപ്പ അസി. വികാരിയായിരുന്ന ബഹു. ജേക്കബ് ജെയിംസ് പൂവത്തോട്ടത്തിൽ SAC അച്ചനും, കയ്യൂന്നി അസി. വികാരിയായിരുന്ന ബഹു. ബാസ്റ്റിൻ വട്ടാങ്കിയിൽ SJ അച്ചനും, കൊട്ടിയൂർ അസി. വികാരിയായിരുന്ന ബഹു. പോൾ വല്ലാട്ട് OFM Cap. അച്ചനും, വാഴവറ്റ അസി. വികാരിയായിരുന്ന ബഹു. തോമസ് കളപ്പുരയ്ക്കൽ OFM Cap. അച്ചനും, ചുങ്കക്കുന്ന് അസി. വികാരിയായിരുന്ന ബഹു. ആന്റണി തുണ്ടത്തിൽ OFM Cap. അച്ചനും, മുള്ളൻകൊല്ലി അസി. വികാരിയായിരുന്ന ബഹു. അജേഷ് ഏനായിൽ അച്ചനും, കൽപ്പറ്റ അസി. വികാരിയായിരുന്ന ബഹു. ജോസഫ് തയ്യിൽ O.Pream അച്ചനും, ചുണ്ടക്കര അസി. വികാരിയായിരുന്ന ബഹു. ഫ്രാൻസിസ് നാരകത്തിൻകുടിയിൽ O.Pream അച്ചനും രൂപത മുഴുവന്റെയും നന്ദിയും കടപ്പാടും പ്രാർത്ഥനകളും അറിയിക്കട്ടെ. പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും വിജയങ്ങളും ആശംസിക്കുന്നു.

**സ്വാഗതം**

മാനന്തവാടി രൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. ഡേവിസ് എടക്കളത്തൂർ SAC അച്ചനും (നെയ്ക്കുപ്പ വികാരി), ബഹു. ജോസ് തോമസ് കരിങ്ങടയിൽ OFM Cap. അച്ചനും (വടപുറം വികാരി), ബഹു. അനൂപ് കുര്യൻ OFM Cap. അച്ചനും (വടപുറം

അസി.വികാരി) മാനന്തവാടി രൂപതയിലേക്ക് സ്വാഗതം. ഇവരുടെ ശുശ്രൂഷാ മേഖലകളിൽ എല്ലാവിധ വിജയങ്ങളും നന്മകളും ആശംസിക്കുന്നു.

| Transfer List of Priests of the Diocese of Mananthavady (w.e.f. 19th May 2019) | |
|---|---|
| **REV. FRS. HOUSE NAME** | **ASSIGNMENT** |
| Alukka George | Pulpally |
| Chakkittukudy Jose | Muthireri |
| Chakkittukudy James | On Administrative Leave |
| Cheruthottil Paul | Mary Matha Major Seminary, Thrissur |
| Chirackathottathil Augustine | Director, SMYM |
| Edakkudiyil Mathew | Thrissilery |
| Edayakondattu Paul | Adikolly |
| Kakkonal Thomas | Director, Media Commission |
| Kalappura Jose | Martin Nagar (Ondayangadi) |
| Kalliyattu Devassia | Principal, Sacred Heart Matriculation H.S.S. Kayyunni |
| Kappiarumalayil Johny | Kunnalady |
| Kattamkottil Joseph | On Leave (w.e.f. 26/05/2019) |
| Kattamkottil Thomas | Prasanthagiri |
| Kudakkachira Joseph | Valad (w.e.f. 26/05/2019)<br>Associate Director Family Apostolate (addtl. Charge) |
| Kuttikkattukunnel Thomas | Parathottam |
| Manikuttiyil Kurian | Velloonny |
| Maplassery Lukose | Palchuram |
| Moolayil Thomas | Kurumbalakotta |
| Moonannal Justin | Kuttimoola |
| Mulavelikunnel Jacob | Arattuthara |
| Mundackal Jose | Theneri |
| Mundackamattam Jose | Panavally |
| Muthanikattu Martin | Panthipoil |
| Nedumkallel Joseph | Vilambukandam |
| Nilackappillil Augustine | Poroor |
| Onampally Alex | Valiyakolly<br>Member, Media Commission (addtl. Charge) |
| Ousepparampil Joseph | Jude's Mount |
| Padinjarayil George | On Leave |
| Padinjarayil Mathew | Boys' Town (w.e.f. 02/06/2019) |

| | |
|---|---|
| Painumkal George | Vakery |
| Painumkal Kuriakose | Bavali, Director Jayamatha & Associate Director, Biowin |
| Palathadathil George | WSSS & Boys' Town Training Centre |
| Pallichankudiyil Mathai | On Leave |
| Parambil Kuriakose | Retired |
| Parunthanolil Thomas | Poolappadam |
| Paruvummel Joseph | Mananthavady Town |
| Perumattikunnel Johny | Puthusserikkadavu |
| Perumattikunnel Mathew | Yavanarkulam |
| Poothakuzhy Jacob | Padichira |
| Pullankunnel Chacko | Diocesan Chancellor |
| Punnackapadavil Sebastian | Associate Director, Pastoral Centre, Dwaraka |
| Thykkunnumpuram Thomas | Chulliyode |
| Unnipally Sebastian | Moolankavu |
| Vadayaparambil Jose | Kalpetta |
| Vazhakkala Chackochan | Valeri |
| **Assistants** | |
| Arackaparambil Emmanuel | Study |
| Chavaranal Thomas | Cherukattoor |
| Chittarackal Varghese | Chungakkunnu |
| Elamkunnapuzha Joseph | Assistant Manager, CEADOM (addtl. charge) |
| Kalarickal Paul | Diocesan Office Secretary & Notary |
| Kattath Thomas | Study |
| Kollamkunnel Varghese | Study |
| Oravaramthara Vincent | Thariode |
| Palakkattu Antony | Kallody |
| Peechattu Joseph | On Leave |
| Thevarkunnel Don Bosco | Study |
| Vattukulathil Mathew | Kalpetta |
| Vettickal John | Study |
| **Religious Priests** | |
| Edakalathur Davis | Neikuppa (w.e.f. 19/05/2019) |
| Karingadayil Jose Thomas | Vadapuram (w.e.f. 26/05/2019) |
| Anoop Kurian | Asst. Vicar, Vadapuram (w.e.f. 26/05/2019) |

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## മാനന്തവാടി രൂപതാ 47-ാം രൂപതാ ദിനാഘോഷം

മാനന്തവാടി രൂപതയുടെ 47-ാം രൂപതാദിനാഘോഷം മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് 2019 മെയ് 7 ന് നടന്നു. മാനന്തവാടി രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിയ വൈദികരും സന്യസ്തരും ഇടവക പ്രതിനിധികളും സംഘടനാ ഭാരവാഹികളും സൺഡേസ്കൂൾ അദ്ധ്യാപകരും തങ്ങളുടെ സാന്നിദ്ധ്യംകൊണ്ട് രൂപതാ ദിനാഘോഷത്തിന് മാറ്റ് കൂട്ടി. രാവിലെ 9.15 ന് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് പതാക ഉയർത്തി. ദൈവം രൂപതയ്ക്ക് നല്കിയ നന്മകൾക്ക് നന്ദി പറഞ്ഞുകൊണ്ട് രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ 9.30 ന് വി. ബലി അർപ്പിച്ചു. രൂപതാ വികാരി ജനറാൾ ഫാ. അബ്രാഹം നെല്ലിക്കൽ, റവ. ഫാ. ജോസ് മേച്ചേരിൽ പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹു. മാത്യു കാട്ടറാത്ത്, റവ. ഫാ. ജോസ് കുളിരാനി എന്നിവർ സഹകാർമ്മികരായി.

വി. കുർബാനയ്ക്ക് ശേഷം 10.30 ന് പൊതു സമ്മേളനം ആരംഭിച്ചു. നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഇടവകയിലെ കുട്ടികളുടെ രംഗപൂജ സദസ്സിനെ പ്രാർത്ഥനാനിർഭരമാക്കി. വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കലച്ചൻ എല്ലാവരേയും സ്വാഗതം ചെയ്തു. തുടർന്ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടന സന്ദേശം നല്കി. ഓരോ ക്രിസ്ത്യാനിയുടേയും സ്വത്വം ക്രിസ്തുവിനോട് ചേർന്നു നിൽക്കുന്നതായിരിക്കണം എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി പ്രൊഫസറും സീറോ മലബാർ സഭാ വക്താവുമായ ഡോ. മേരി റെജീന മുഖ്യപ്രഭാഷണം നടത്തി. സ്ത്രീകൾക്ക് വിശ്വാസത്തിലുള്ള ശാക്തീകരണം ആവശ്യമാണെന്നും അമ്മമാർ വിശ്വാസസംരക്ഷകരും വിശ്വാസ കാര്യങ്ങളിൽ കൂടുതൽ ആഴങ്ങളിലേയ്ക്ക് ഇറങ്ങിചെല്ലേണ്ടവരാണെന്നും ഓർമ്മിപ്പിച്ചു. ആനുകാലിക സഭാ പ്രശ്നങ്ങളിൽ വിശ്വാസം നഷ്ടപ്പെടുകയല്ല മറിച്ച് വിശ്വാസം കൊണ്ട് ആനുകാലിക പ്രശ്നങ്ങളെ ഒന്നായി നേരിടുകയും വീണ്ടെടുക്കുകയുമാണ് വേണ്ടതെന്ന് ഉദ്ബോധിപ്പിച്ചു.

പൗരോഹിത്യ സ്വീകരണത്തിന്റെ 50 വർഷങ്ങൾ പൂർത്തിയാക്കിയ ബഹുമാനപ്പെട്ട ഫാ. ജെയിംസ് പീടികപ്പാറ, ഫാ. മാത്യു കാട്ടറാത്ത്, ഫാ. ജോസ് കുളിരാനിയിൽ, ഫാ. ജോസഫ് കല്ലുങ്കമാക്കൽ, ഫാ. മാത്യു അത്തിക്കൽ എന്നിവരേയും പൗരോഹിത്യത്തിന്റെ സിൽവർ

ജൂബിലി ആഘോഷിക്കുന്ന ബഹു. ഫാ. ലൂക്കോസ് മാപ്ലശേരി, ഫാ.ജോൺ കോക്കണ്ടത്തിൽ, ഫാ. ജോസഫ് ഔസേപ്പറമ്പിൽ, ഫാ.ജോയി പുല്ലംകുന്നേൽ, ഫാ. ആന്റോ മാമ്പള്ളിൽ എന്നിവരെ ആദരിച്ചു.

സമർപ്പണവഴികളിൽ തങ്ങളുടെ 50 വർഷങ്ങൾ പൂർത്തിയാക്കിയ വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നുമുള്ള സന്യസ്തരെ ആദരിച്ചു. സി. കെറൂബിൻ മേരി സി.എം.സി., സി. ലിസ്യൂ സി.എം.സി., സി. വിൻസി സി.എം.സി., സി. എലിസബത്ത് സി.എം.സി., സി. കാർമ്മലെറ്റ് മൂലേപുത്തൻപുരയ്ക്കൽ എസ്.എച്ച്., സി. ത്രേസ്യ ജോസ് കുന്നേൽ, സി. റെസിറ്റ ചന്ദ്രൻകുന്നേൽ എസ്. എച്ച്., സി. ത്രേസ്യ മെലാനി കരിമ്പിൽ എസ്.എച്ച്., സി. എൽസിറ്റ മംഗലത്തിൽ എസ്.എച്ച്., സി. മേഴ്സി മാത്യു പടിഞ്ഞാറെതൊട്ടിയിൽ എസ്.എച്ച്., സി.ജോയ്സ് മരിയ പനമറ്റത്തിൽ എസ്.എച്ച്., സി. ജോവിറ്റ മണക്കാട്ടുമറ്റം എസ്.എച്ച്., സി. ലിറ്റിൽ തെരേസ എസ്.എച്ച്., സി. കാമില എം.എസ്.എം.ഐ., സി. പ്രസന്ന എം.എസ്. എം.ഐ., സി. സിനോബി എം.എസ്.എം.ഐ., സി. ബെൻസി എം.എസ്.എം.ഐ., സി. എൽസീസ് തെക്കേൽ എസ്.എ.ബി.എസ്., സി. വിമലാമേരി കൊച്ചുമുറിയിൽ എസ്.എ.ബി.എസ്., സി. ആനിബെൽ ഐക്കരക്കാനായിൽ എസ്.എ.ബി.എസ്., സി. ബെനീസി എഫ്.സി.സി., സി. ജെറോം എഫ്.സി.സി., സി.ജോവിറ്റ എഫ്.സി.സി., സി. സോഫിയ എഫ്.സി.സി., സി. സാലസ് എഫ്.സി.സി., സി. ലിറ്റിൽ മേരി എഫ്.സി.സി. എന്നിവർ ആദരങ്ങൾ ഏറ്റുവാങ്ങി. ജൂബിലി ആഘോഷിക്കുന്ന എല്ലാവർക്കും സന്യസ്ത പ്രതിനിധി സി. ലിസെറ്റ് എസ്.എ.ബി.എസ്. ആശംസകൾ അറിയിച്ച് സംസാരിച്ചു.

സഭയെ സ്നേഹിക്കുകയും സഭയോടൊത്ത് ചിന്തിക്കുകയും ചെയ്യുന്നവരാണ്, വിശ്വാസത്തിന്റെ അടിത്തറപാകാൻ നിലമൊരുക്കുന്നവരാണ് മതാദ്ധ്യാപകർ. സ്തുത്യർഹസേവനത്തിന്റെ 35 വർഷങ്ങൾ പൂർത്തിയാക്കിയ ആദരണീയ വ്യക്തിത്വങ്ങൾ രൂപതാദിനത്തിൽ ആദരിക്കപ്പെട്ടു. ബഹു. മേരി പുളിക്കൽ (കുറ്റിമൂല) ജോൺ മഞ്ചുവള്ളിൽ (ചുങ്കക്കുന്ന്), സി. ജുസ്സെ എഫ്.സി.സി. (കല്ലോടി), അമൽ ആലുങ്കത്താഴെ (കല്ലോടി), ജോസ് മുടിയാട്ടുപറമ്പിൽ (ചെന്നലോട്), സിബി നരിവേലിൽ (കബനിഗിരി) എന്നിവർ ആദരങ്ങൾ ഏറ്റുവാങ്ങി.

മാനന്തവാടി രൂപതയിൽ നിന്നും കഴിഞ്ഞ ഒരു വർഷം വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രതിഭകളെ പൊതുസമ്മേളത്തിൽ ആദരിച്ചു. നാഷണൽ അത്‌ലറ്റിക്സിൽ വിവിധ ഇനങ്ങളിൽ ഒന്നാം

സ്ഥാനം നേടിയ സിനിമോൾ മാനാടൻ, ദീപിക സമ്മിശ്ര കർഷക അവാർഡ് ജേതാവ് ഡൊമനിക് നമ്പ്യാപറമ്പിൽ, ഹൈദ്രാബാദ് ഇന്നോവേറ്റീവ് മീറ്റിൽ നൂതന കണ്ടുപിടുത്തത്തിനുള്ള അവാർഡ് നേടിയ സജയ് തോട്ടപ്പിള്ളി, വെജിറ്റബിൾ & ഫ്രൂട്സ് പ്രമോഷൻ കൗൺസിൽ ഓഫ് കേരള ഏർപ്പെടുത്തിയ ഹരിത കീർത്തി അവാർഡ് ജേതാവ് ഷിബു പാറയിൽ ഓൾ ഇൻഡ്യ ബെസ്റ്റ് കേഡറ്റ് കോമ്പറ്റീഷനിൽ 7-ാം സ്ഥാനം കരസ്ഥമാക്കിയ ദേവപ്രസാദ് പാലത്തിങ്കൽ എന്നിവർ ആദരങ്ങൾ ഏറ്റുവാങ്ങി. ചടങ്ങിൽ ദ്വാരക ഇടവകാംഗമായ ശ്രീ. തോമസ് ചാഴി എഴുതിയ 'മോചനദ്രവ്യം' എന്ന കവിതാ സമാഹാരം അഭിവന്ദ്യ പിതാവ് റേഡിയോ മാറ്റൊലി ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിക്ക് നൽകികൊണ്ട് പ്രകാശനം ചെയ്തു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ യോഗത്തിന് ആശംസകളറിയിച്ചു. മണിമൂളി ഫൊറോനാ കൗൺസിൽ സെക്രട്ടറി ശ്രീ. ബിജു പാലത്തിങ്കൽ എല്ലാവർക്കും നന്ദിപറയുകയും രൂപതാഗാനത്തോടെ യോഗമവസാനിക്കുകയും ചെയ്തു. തുടർന്ന് എല്ലാവരും സ്നേഹവിരുന്നിൽ പങ്കെടുത്തു.

രൂപതാദിനാഘോഷം മനോഹരമാക്കുന്നതിന് മണിമൂളി പാസ്റ്ററൽ സെന്ററിന്റെയും വൈദിക കൂട്ടായ്മയുടെയും വിവിധ കമ്മറ്റികളുടെയും സേവനം വളരെ സ്തുത്യർഹമായിരുന്നു. കൂടാതെ വിവിധ സന്യാസ സമൂഹങ്ങൾ മേജർ സെമിനാരിയൻസ് എന്നിവരെ നന്ദിയോടെ ഓർക്കുന്നു. പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച ജോസ് മേച്ചേരിൽ അച്ചനും കുര്യാക്കോസ് കുന്നത്തച്ചനും തോമസ് കച്ചിറയിലച്ചനും നന്ദി. ഇടവകകളുടെയും സന്യാസസമൂഹങ്ങളുടെയും സംഘടനകളുടെയും പ്രതിനിധികളായി എത്തിയ വൈദികർക്കും സന്യസ്തർക്കും അത്മായ സഹോദരങ്ങൾക്കും ഹൃദയപൂർവ്വം നന്ദി.

**ഫാ.ചാക്കോ പുല്ലൻകുന്നേൽ**
ചാൻസിലർ

# ബൈബിൾ അപ്പോസ്റ്റലേറ്റ്

## Logose Quiz -2019

സ്നേഹ ബഹുമാനപ്പെട്ട അച്ചാ,

രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഓഫീസിൽ നിന്ന് ആശംസകൾ. ലോഗോസ് ക്വിസിന് അച്ചൻ നൽകി വരുന്ന പ്രോത്സാഹനത്തിന് പ്രത്യേകം നന്ദി പറയുന്നു.

ലോഗോസ് ക്വിസ്സ് 2019-ലെ മത്സരങ്ങൾക്കുള്ള രജിസ്ട്രേഷൻ ജൂൺ 1-ാം തീയതി ഇടവകകളിലും സ്ഥാപനങ്ങളിലും ആരംഭിച്ച് രൂപതാ തലത്തിൽ ജൂലൈ 31 ന് അവസാനിക്കും. ജൂലൈ 1 മുതൽ രൂപതാ ഓഫീസിൽ രജിസ്ട്രേഷൻ സ്വീകരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസായ 10 രൂപ ഫോമിനൊപ്പം ഓഫീസിൽ അടയ്ക്കണം. ഈ വർഷവും തമിഴ് ചോദ്യപേപ്പർ ലഭ്യമാണ്. ലോഗോസ് ലഘു പഠനത്തിന്റെ പ്രിന്റു രൂപം ഉണ്ടായിരിക്കുന്നതല്ല. വിഷയത്തിന്റെ പശ്ചാത്തലത്തിൽ താൽപര്യമുള്ളവർക്ക് ലഘു പഠനത്തിനായി ജൂൺ 15 നു ശേഷം www.keralabiblesociety.com സന്ദർശിക്കാവുന്നതാണ്.

മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പ്രായത്തെ അടിസ്ഥാനമാക്കി A,B,C,D,E.F എന്നീ 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണ്ണയം നടത്തുന്നതും, സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

A വിഭാഗം : 1-1-2008 നുശേഷം ജനിച്ചവർ
B വിഭാഗം : 1-1-2003 നും 31-12-2007 നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം : 1-1-1988 നും 31-12-2002 നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം : 1-1-1968 നും 31-12-1987 നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം : 1-1-1955 നും 31-12-1967 നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം : 1-1-1954 ന് മുൻപ് ജനിച്ചവർ

നിർബന്ധമായും രജിസ്ട്രേഷൻ മുൻക്കൂട്ടി ചെയ്തിരിക്കേണ്ടതാണ്. എല്ലാ രൂപതകളും ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു. 25 മത്സരാർത്ഥികളുള്ള ഒരു

ഇടവകയെയും, ഒരു കത്തോലിക്കാ സ്ഥാപനത്തെയും ഒരു പരീക്ഷാ കേന്ദ്രമായി അംഗീകരിക്കുന്നതാണ്. അവിടെ നിങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**മത്സരത്തിനുള്ള പാഠഭാഗങ്ങൾ**

നിയമാവർത്തനം 12-21, പ്രഭാഷകൻ 11-17, മത്തായി 19-28, വെളിപാട് 17-22

മലയാളം പി.ഒ.സി. ബൈബിൾ, ഇംഗ്ലീഷ് NRSV ബൈബിൾ, തമിഴ് TNBCLC തിരുവിവിലിയം എന്നിവയാണ് പഠനത്തിനായി ഉപയോഗിക്കേണ്ടത്. പരീക്ഷാ സമയം രൂപതാ തലത്തിൽ സെപ്റ്റംബർ 29 ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെയായിരിക്കും.

അഖിലകേരള മത്സര പരീക്ഷയിൽ പങ്കെടുക്കാനുള്ളവരുടെ ജനനസർട്ടിഫിക്കറ്റും, (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ അഡ്രസ്സും ഓരോ ഫോട്ടോയും രൂപതാ ഡയറക്ടർവഴി നവംബർ 1 ന് മുമ്പായി പി.ഒ. സിയിൽ എത്തിച്ചിരിക്കണം. രൂപതാതല വിജയികൾക്കുള്ള (3x6=18) സംസ്ഥാനതല എഴുത്ത് പരീക്ഷ കേരളത്തിന്റെ മൂന്ന് സെന്ററുകളിൽ 2019 നവംബർ 10 ന് ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിക്കും. ഓരോ ഗ്രൂപ്പിലെയും 10 പേർക്കുള്ള ഫൈനൽ നവംബർ 23 ന് സംഘടിപ്പിക്കുന്നു. ലോഗോസ് പ്രതിഭ, ടെലിക്വിസ് പി.ഒ.സി.യിൽ വച്ച് നവംബർ 24-ാം തീയതിയിലായിരിക്കും.

ഈ വർഷവും ബധിര മൂകർക്കായി ലോഗോസ് പരീക്ഷ സംഘടിപ്പിക്കുന്നു. രൂപതകളിൽ അവർക്ക് പ്രത്യേകമായി നടത്തുന്ന പരീക്ഷയിൽ ഉന്നതമാർക്കു നേടുന്നവർക്കായി നവംബർ 23 ന് പി.ഒ.സി.യിൽ ഫൈനൽ മത്സരം സംഘടിപ്പിക്കുന്നു.

രൂപതകളിൽ ലോഗോസ് ഫമീലിയ ക്വിസ് മൽസരങ്ങളിൽ പങ്കെടുത്തവരിൽ രണ്ടു തലമുറകളിലുള്ളവർ ടീമിൽ ഉണ്ടായിരിക്കണം. ഈ വർഷം ഇടവകതലത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവർക്കായി രൂപതാതലത്തിൽ ഫൈനൽ മത്സരങ്ങൾ നടത്താൻ പ്രത്യേകം ശ്രദ്ധിക്കണം.

**സമ്മാനങ്ങൾ**

വിശുദ്ധനാട് തീർത്ഥാടനം, ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, സിഡികൾ, സ്വർണ്ണ മെഡലുകൾ ട്രോഫികൾ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടുന്നു.

**അഖില കേരള തലത്തിൽ – (ഓരോ വിഭാഗത്തിനും പ്രത്യേകം)**

ഒന്നാം സമ്മാനം 15000 രൂപയും സ്വർണ്ണ മെഡലും സർട്ടിഫിക്കറ്റും
രണ്ടാം സമ്മാനം 10000 രൂപയും സ്വർണ്ണ മെഡലും സർട്ടിഫിക്കറ്റും
മൂന്നാം സമ്മാനം 5000 രൂപയും സ്വർണ്ണ മെഡലും സർട്ടിഫിക്കറ്റും
നാലാം സമ്മാനം 1000 രൂപയും വെള്ളി മെഡലും സർട്ടിഫിക്കറ്റും (ഓരോ വിഭാഗത്തിലും 7 പേർക്കു വീതം)
അഞ്ചാം സമ്മാനം 500 രൂപ ബാക്കി എല്ലാവർക്കും ലഭിക്കുന്നതാണ്.

കേരളത്തിന് പുറത്തു നിന്നും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന വ്യക്തിക്ക് സ്വർണ്ണമെഡൽ

**രൂപതാ തലത്തിൽ**

ഒന്നാം സമ്മാനം 4000 രൂപയും സർട്ടിഫിക്കറ്റും
രണ്ടാം സമ്മാനം 3000 രൂപയും സർട്ടിഫിക്കറ്റും
മൂന്നാം സമ്മാനം 1000 രൂപയും സർട്ടിഫിക്കറ്റും
നാലാം സമ്മാനം 250 രൂപയും സർട്ടിഫിക്കറ്റും (ഓരോ വിഭാഗത്തിലും 8 പേർക്കു വീതം)
അഞ്ചാം സമ്മാനം 100 രൂപ വില വരുന്ന ബൈബിൾ സംബന്ധമായ പുസ്തകവും, സർട്ടിഫിക്കറ്റും 15 പേർക്ക് വീതം.

80 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന എല്ലാവർക്കും കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. സെപ്റ്റംബർ 29 ന് നടക്കുന്ന രൂപതാ തല പരീക്ഷയുടെ ഫലവും രൂപതാ തല സമ്മാനങ്ങൾ ഇടവകയ്ക്ക് നൽകുന്ന തീയതിയും രൂപതാ കേന്ദ്രത്തിൽ നിന്നും അറിയിക്കുന്നതാണ്.

രൂപതാതല രജിസ്ട്രേഷന്റെ എണ്ണമനുസരിച്ച് സമ്മാനങ്ങളുടെ തുക ക്രമീകരിക്കുവാൻ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും.

ഏറ്റവും കൂടുതൽ മത്സരാർത്ഥികളെ പങ്കെടുപ്പിക്കുന്ന രൂപതകൾക്കും ഇടവകകൾക്കും ജനസംഖ്യയ്ക്കനുപാതമായി കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന രൂപതകൾക്കും ക്യാഷ് അവാർഡ് ഉണ്ടായിരിക്കും.

60 ശതമാനത്തിൽ കൂടുതൽ മാർക്കുവാങ്ങുന്ന A പ്രായവിഭാഗത്തിലുള്ളവർക്കും, 70 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന B,C,D,E.F പ്രായ വിഭാഗത്തിലുള്ളവർക്കും കെസിബിസി ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. കൂടാതെ ഏറ്റവും കൂടുതൽ

അംഗങ്ങളെ പങ്കെടുപ്പിക്കുന്ന രൂപതകൾക്കും ഇടവകകൾക്കും പ്രത്യേക ക്യാഷ് അവാർഡും ഷീൽഡും നൽകുന്നതായിരിക്കും. ലോഗോസ് ക്വിസ് 2019 – ന്റെ പോസ്റ്റർ, രജിസ്ട്രേഷൻ ഷീറ്റ്, എന്നിവയ്ക്ക് ഇടവകകൾ രൂപതാ ബൈബിൾ അപ്പസ്റ്റോലേറ്റ് ഡയറക്ടറുമായി ബന്ധപ്പെടേണ്ടതാണ്. ലോഗോസ് ക്വിസ് 2019 – ന്റെ രക്ഷാധികാരി കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാനും, ചീഫ് കോ–ഓഡിനേറ്റർ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സെക്രട്ടറിയും, രൂപതാ കോ–ഓഡിനേറ്റർമാർ രൂപതാ ബൈബിൾ അപ്പസ്റ്റോലേറ്റ് ഡയറക്ടർമാരും ആയിരിക്കും. അന്വേഷണങ്ങൾക്കും രജിസ്ട്രേഷനുമായി രൂപതാ ബൈബിൾ അപ്പസ്റ്റോലേറ്റ് ഡയറക്ടറുമായി ബന്ധപ്പെടേണ്ടതാണ്.

NB :- കുടുംബ കൂട്ടായ്മകളിൽ ലോഗോസ് ക്വിസ്സിന്റെ പാഠഭാഗങ്ങൾ പരിചയപ്പെടുത്തുകയും യൂണിറ്റ് തലത്തിൽ മത്സരങ്ങൾ നടത്തി മത്സരാർത്ഥികളെ ഒരുക്കുകയും ചെയ്യുന്നത് നന്നായിരിക്കും. കുടുംബ കൂട്ടായ്മയുടെ നല്ല പ്രവർത്തനമായി ദൈവവചന പഠനത്തെ കാണുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യാം.

**ഫാ. പോൾ വാഴപ്പിള്ളി**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

## പുതിയ അധ്യയന വർഷം

ക്രിസ്തു ജീവിക്കുന്നു; നിങ്ങളും ജീവിക്കണമെന്ന് അവിടുന്നാഗ്രഹിക്കുന്നു എന്ന് ഉദ്ഘോഷിച്ചുകൊണ്ട് പരി. പിതാവ് ഫ്രാൻസിസ് പാപ്പ ക്രിസ്തുവിന്റെ യുവത്വത്താൽ ലോകത്തെ ആശ്ലേഷിക്കുവാൻ ആഹ്വാനം ചെയ്യുകയാണ് ക്രിസ്തു ജീവിക്കുന്നു എന്ന അപ്പസ്തോ ലിക പ്രബോധനത്തിലൂടെ. ക്രിസ്തുവിന്റെ യുവത്വത്താൽ വിശ്വാസ പരിശീലന രംഗത്തെ നവീകരിക്കാൻ ഏവർക്കും സാധിക്കട്ടെ.

2019-2020 അധ്യയനവർഷം മെയ് 26 ന് ആരംഭിച്ചു. പുതിയ അക്കാദമിക വർഷത്തിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങളിലേക്ക് ഏവരേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ വർഷത്തിൽ മതബോധന രംഗത്ത് സേവനം ചെയ്ത എല്ലാവരേയും ഏറെ നന്ദിയോടെ ഓർക്കുന്നു. ഉന്നതവിദ്യാഭ്യാസം, വിവാഹാന്തസിലേക്കുള്ള പ്രവേശനം, ജോലിസംബന്ധമായ കാര്യങ്ങൾ തുടങ്ങിയ കാരണ ങ്ങളാൽ താത്കാലികമായിട്ടെങ്കിലും ഈ സേവനരംഗത്ത് നിന്ന് മാറിയിട്ടുള്ളവരുണ്ട്. അവർക്ക് സ്നേഹപൂർവ്വം നന്ദിയും ആശംസകളും നേരുന്നു.

പുതുതായി വിശ്വാസപരിശീലന രംഗത്തേക്ക് കടന്നുവരുന്ന അധ്യാപകരെ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു. അധ്യാപകർ ബഹു.വികാരിയച്ചന്റെ നേതൃത്വത്തിൽ കുട്ടികളുടെ പരീക്ഷാ ഫലത്തെയും വിശ്വാസജീവിത വളർച്ചയെയും വിലയിരുത്തുകയും പുതിയവർഷത്തിലെ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്യണം. മതബോധനക്ലാസ്സുകൾ നഷ്ടപ്പെടുത്താതെ, രൂപതാ കലണ്ടറും പുതിയസിലബസും അനുസരിച്ച് ഇടവകയിലെ വിശ്വാസ പരിശീലന പ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ എല്ലാവരും ശ്രദ്ധി ക്കുമല്ലോ. പുതിയ അധ്യയന വർഷത്തിൽ എല്ലാവർക്കും വിജയാശംസകളും ദൈവാനുഗ്രഹവും നേരുന്നു.

**സി. സവിത ജോസ് FCC യ്ക്ക് സ്വാഗതം. സി. സൗമ്യ FCC യ്ക്ക് നന്ദി**

മതബോധന കേന്ദ്രത്തിന്റെ പുതിയ ഓഫീസ് സെക്രട്ടറിയായി ചാർജ്ജ് ഏറ്റെടുത്തിരിക്കുന്നത് സി. സവിത ജോസ് FCC ആണ്. സന്തോഷത്തോടെ രൂപതാ മതബോധന കേന്ദ്രത്തിലേക്ക് സിസ്റ്ററിനെ സ്വാഗതം ചെയ്യുകയും നൻമകൾ നേരുകയും ചെയ്യുന്നു. കഴിഞ്ഞ അഞ്ച് മാസക്കാലം ഓഫീസ് സെക്രട്ടറിയായി സേവനം ചെയ്ത സി.സൗമ്യ FCC യ്ക്ക് സ്നേഹപൂർവ്വം നന്ദിയും ദൈവാനുഗ്രഹവും നേരുന്നു.

**ആമുഖസെമിനാറും ക്ലാസ് ട്രെയിനിംഗും**

പുതുതായി വിശ്വാസപരിശീലന രംഗത്ത് അധ്യാപകരായി വരുന്നവർക്ക് വേണ്ടിയാണ് ആമുഖസെമിനാർ സംഘടിപ്പിക്കുന്നത്. പുതിയ അധ്യാപകർ, അവർ ഏതു ക്ലാസിലേക്ക് നിയോഗിക്കപ്പെട്ടാലും ആമുഖസെമിനാറിൽ സംബന്ധിക്കണം. തീയതികൾ ശ്രദ്ധിക്കുക.

ജൂൺ 07– 09 – ദ്വാരക, ആമുഖസെമിനാർ

ജൂൺ 14–16 – ദ്വാരക ആമുഖസെമിനാർ

ജൂൺ 09, 16 – ദ്വാരക ക്ലാസ്സ് ട്രെയിനിഗും (8.30 am 4 pm)

ഫീസ് Rs. 400/– സമയം: സെമിനാർ തുടങ്ങുന്ന ദിവസം 4.30 മണിക്ക് ആരംഭിച്ച്, അവസാനിക്കുന്ന ദിവസം 4 മണിവരെ. സ്ഥലം ദ്വാരക പാസ്റ്ററൽ സെന്റർ. അധ്യാപകർ പരിശീലനത്തിന് വരുമ്പോൾ പഠിപ്പിക്കുന്ന ക്ലാസ്സിലെ പാഠപുസ്തകം, ടീച്ചിംഗ് നോട്ട്, അധ്യാപക സഹായി, നോട്ട്ബുക്ക് എന്നിവ കൊണ്ടുവരണം. ആമുഖ സെമിനാറിന് വരുന്നവർ നിർബന്ധമായും രൂപതാ ഓഫീസിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. പരിശീലനത്തിന് വരുന്നവർ പാഠപുസ്തകം, നോട്ട്ബുക്ക്, അദ്ധ്യാപക സഹായി, ഫീസ് Rs.100/– എന്നിവയും കൊണ്ടുവരാൻ ശ്രദ്ധിക്കുക.

**പ്രത്യേക ശ്രദ്ധയ്ക്ക്**

അദ്ധ്യാപക പരിശീലനത്തിന് വരുന്നവർ (ആമുഖസെമിനാറിനും മറ്റ് പരിശീലനത്തിനും) നിർബന്ധമായും രൂപതാ ഓഫീസിൽ ജൂൺ 5–നു മുമ്പ് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. (ഫോൺ 04935 –245094)

**HDC, DCC Registration**

അടുത്ത അധ്യയനവർഷത്തേക്കുള്ള HDC, DCC കോഴ്സിലേക്കുള്ള അപേക്ഷകൾ ജൂലൈ 28–ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

**HCC (XI, XII) Registration**

HCC Registration കഴിഞ്ഞ വർഷത്തേതുപോലെ Online ആണ്. ജൂലൈ 14-ന് മുമ്പ് രജിസ്ട്രേഷൻ നടത്തി, ഫോമുകൾ രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഈ വർഷം ഫീസ് കൂട്ടിയതിനാൽ XI, XII Registration Fees 200 രൂപയാണ് .

**VII-ാം ക്ലാസ്സ്പ്രതിഭകൾ**

ഏപ്രിൽ 23-ന് ദ്വാരക പാസ്റ്ററൽസെന്ററിൽ നടന്ന 7-ാം ക്ലാസ് വിദ്യാർത്ഥികളുടെ രൂപതാ പ്രതിഭാസംഗമത്തിൽ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടവർക്ക് അഭിനന്ദനങ്ങൾ..

1. Shone Tomy Puzhipurath- Kabanigiri
2. Ajin Benny Pallithazhath - Ambayathode
3. Dijo Pedapadath - Chitharagiri
4. Agnes Mangapuram - Chungakunnu
5. Aiswarya Rose Kochupurackal - Kalluvayal
6. Diya Olickal - Sisumala

രൂപതാ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ട ഈ ആറുപേരും മെയ് 11 മുതൽ 13 വരെ സീറോമലബാർ സഭാ ആസ്ഥാന കാര്യാലയമായ കാക്കനാട് മൗണ്ട്സെന്റ് തോമസിൽവച്ചു നടന്ന സംസ്ഥാന പ്രതിഭാസംഗമത്തിൽ പങ്കെടുത്തു. ഇവരെ ഒരുക്കിയ മാതാപിതാക്കൻമാർ, ബഹു. വികാരിയച്ചൻമാർ, മതാധ്യാപകർ, മേഖലാ ടീം അംഗങ്ങൾ എന്നിവർക്കും പ്രത്യേകമായി ശ്രീ. ജോസ് വടക്കേകര, സി.ആൻസി സി.എം.സി, സജിൻ താന്നിയിൽ എന്നിവർക്കും നന്ദിയും അഭിനന്ദനങ്ങളും.

HDC രണ്ടാംവർഷക്കാരുടെ ഒന്നാമത്തെ കോണ്ടാക്ട് ക്ലാസ്സിന്റെ ക്രമീകരണം ഇപ്രകാരമാണ്.

ജൂലൈ - 15 - ദ്വാരക, ജൂലൈ - 31 മണിമൂളി

ഓഗസ്റ്റ് 10 - ദ്വാരക

**ദൈവശാസ്ത്ര പഠന കോഴ്സ് (BTh)**

വിശ്വാസപരിശീലനത്തിന്റെ പുതിയ ഒരു ഘട്ടം കൂടി നാം ആരംഭിക്കുകയാണ്. തലശേരി അതിരൂപത അൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെ ദൈവശാസ്ത്ര പഠനകോഴ്സ് തുടങ്ങുന്നു. വി.ഗ്രന്ഥത്തിലെ എല്ലാപുസ്തകങ്ങളേയും ആഴത്തിൽ പഠിക്കുവാൻ

സാധിക്കുന്ന രീതിയിലാണ് ഈ കോഴ്സിന്റെ സിലബസ് ക്രമീകരിച്ചിരിക്കുന്നത്. 6 സെമസ്റ്ററുകളിൽ 24 വിഷയങ്ങൾ മൂന്നു വർഷങ്ങളിലായി പഠിപ്പിക്കുന്നു. 6000/- രൂപയാണ് പുസ്തകം ഉൾപ്പെടെയുള്ള ഫീസ്. സെക്കുലർ ഡിഗ്രിയുള്ളവർക്ക് ഈ കോഴ്സിൽ ചേരാവുന്നതാണ്.

**നന്ദി**

ഡിപ്ലോമ സേ പരീക്ഷയ്ക്കായി ദ്വാരക യു. പി. സ്കൂളിലും, മണിമൂളി ഹൈസ്കൂളിലും സൗകര്യമൊരുക്കിയ ബഹു. വികാരി അച്ചൻമാർക്കും, ഹെഡ്മാസ്റ്റേഴ്സിനും സ്നേഹപൂർവ്വം നന്ദി പറയുന്നു.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് സുഹൃത്തുക്കളെ,

വിജയകരമായ ഒരു പ്രവർത്തനവർഷംകൂടി കടന്ന് പോവുകയാണ്. ഈ അവസരത്തിൽ കഴിഞ്ഞ പ്രവർത്തനവർഷത്തിൽ രൂപതയ്ക്ക് നൽകിയ എല്ലാ സഹകരണത്തിനും പ്രോത്സാഹനത്തിനും ഹൃദ്യമായ നന്ദി. ഏതൊരു സംഘടനയുടേയും വിജയത്തിനു പിന്നിൽ വികാരിയച്ചന്മാരുടെ പങ്ക് വളരെ വലുതാണ്. മാനന്തവാടി രൂപത മിഷൻലീഗ്, സംസ്ഥാനത്തെ മികച്ചതാണെങ്കിൽ അതിനുപിന്നിൽ പ്രിയ അച്ചന്മാരുടെ താൽപര്യവും അദ്ധ്വാനവുമാണെന്ന് വ്യക്തമായ ബോധ്യമുണ്ട്. എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു. വികാരിയച്ചനോട് ചേർന്ന് സംഘടനയെ മുന്നോട്ട് നയിക്കുന്ന എല്ലാ സിസ്റ്റേഴ്സിനേയും ഭാരവാഹികളെയും നന്ദിയോടെ സ്മരിക്കുന്നു.

മേഖലകളിൽ മിഷൻലീഗിന്റെ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്ന മേഖല ഡയറക്ടർ അച്ചന്മാരേയും, സിസ്റ്റേഴ്സിനേയും, ഭാരവാഹികളേയും നന്ദിയോടെ ഓർക്കുന്നു. വളരെ പ്രത്യേകമായി മേഖലകളിൽ നിന്നും സ്ഥലം മാറിയ സജി കാട്ടാംകോട്ടിൽ അച്ചനേയും, മനു അറയ്ക്കപ്പറമ്പിൽ അച്ചനേയും സി. ഷൈബി എസ്.കെ.ഡി, സി.റ്റെസി എസ്. എച്ച്, സി. ഷാരോൺ സി. എം. സി. എന്നിവരേയും നന്ദിപൂർവ്വം ഓർക്കുകയും, പുതിയ പ്രവർത്തന മേഖലകളിൽ വിജയം ആശംസിക്കുകയും ചെയ്യുന്നു.

വളരെ പ്രത്യേകമായി കഴിഞ്ഞ 3 വർഷക്കാലം സംഘടനയെ വളരെ വിജയകരമായ രീതിയിൽ നയിച്ച ഷാജി ചന്ദനപറമ്പിൽ, ബിനീഷ് തുമ്പിയാംകുഴി, ജിഷ ഇടുമനാംകുഴി, ലിന്റു വടക്കേക്കുറ്റ്, രഞ്ജിത്ത് മുതുപ്ലാക്കൽ, ജോയി മേപ്പാടത്ത്, ജോസഫ് തോട്ടുംങ്കര, ജോയ്സ് പുൽപ്പറമ്പിൽ, ടോം ജോസ് പൂവക്കുന്നേൽ, അരുൺ കുന്നത്ത്, തങ്കച്ചൻ മാപ്ലക്കുന്നേൽ, ബിനു മാങ്കൂട്ടം, സിബിൻ ഇല്ലിക്കൽ, ജോമോൻ മണപ്പാട്ട്, ജോൺസൺ ചിറായിൽ, തോമസ് കല്ലറയ്ക്കൽ, ജിജിൽ കിഴക്കരക്കാട്ട്, അരുൺ പേഴേക്കാട്ടിൽ, സിനീഷ് ആപ്പുഴയിൽ, നിനു മാങ്കൂട്ടത്തിൽ, ബിജു ചിറ്റേടം, സാബു ഊളവള്ളിക്കൽ, അഞ്ജു മൂഴിയാങ്കൽ, ഓഡിറ്റേഴ്സ് ആയിരുന്ന ബിനോ കടുപ്പിൽ, അനീഷ് മടലാങ്കൽ എന്നിവരെ നന്ദിയോടെ ഓർക്കുകയും, പ്രതിഫലേച്ഛ

കൂടാതെയുള്ള അവരുടെ അദ്ധ്വാനത്തിനും, ആത്മാർത്ഥമായ സേവന ത്തിനും ദൈവം പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഒപ്പംതന്നെ 1 വർഷക്കാലം രൂപത ജോയിന്റ് ഡയറക്ടർ ആയി കാര്യങ്ങൾ ഭംഗിയായി ക്രമീകരിച്ച് സ്ഥലം മാറി പോകുന്ന സി.പ്രശാന്തി MSMI – യ്ക്ക് സ്നേഹം നിറഞ്ഞ നന്ദി അർപ്പിക്കുന്നു.

**പുതിയ നേതൃത്വത്തിന് സ്വാഗതം**

2019–2022 പ്രവർത്തനവർഷത്തിലേയ്ക്ക് മിഷൻലീഗ് രൂപതാ കുടുംബത്തെ നയിക്കുവാനായി തിരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട് ശ്രീ.രഞ്ജിത്ത് മുതുപ്ലാക്കൽ, വൈസ്. പ്രസിഡണ്ട് കുമാരി ലിന്റു വടക്കേക്കുറ്റ്, സെക്രട്ടറി ശ്രീ. ടോം ജോസ് പൂവക്കുന്നേൽ, ജോയിന്റ് സെക്രട്ടറി കുമാരി അലോഷിൻ കൊല്ലപ്പിള്ളി, ജനറൽ ഓർഗനൈസർ ശ്രീ. തങ്കച്ചൻ മാപ്പിളക്കുന്നേൽ, ശ്രീ. ബിനു മാങ്കൂട്ടം,– റീജണൽ ഓർഗ നൈസേഴ്സ് – ശ്രീ. ജോസ് മാങ്കൂട്ടത്തിൽ, ശ്രീ. വിൻസെന്റ് തലച്ചിറ, ശ്രീ. സജീഷ് എടത്തട്ടേൽ, ശ്രീ. റോയി പാറയ്ക്കൽ, ശ്രീ. സിറിൽ ഐക്കരത്താഴത്ത്, സ്റ്റേറ്റ് മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ– ശ്രീ. ഷാജി ചന്ദനപറമ്പിൽ, ശ്രീ. ബിനീഷ് തുമ്പിയാംകുഴിയിൽ, ശ്രീ. ജോമോൻ മണപ്പാട്ട്, ശ്രീ. ടോണി ചെമ്പോട്ടിക്കൽ, നോമിനേറ്റഡ് അംഗങ്ങൾ – ശ്രീ. തോമസ് കല്ലറയ്ക്കൽ, ശ്രീ. സാബു ഊളവള്ളിക്കൽ, ശ്രീ. ബിജു ചിറ്റേടം, ശ്രീ. സിനീഷ് ആപ്പുഴയിൽ, ശ്രീ. അരുൺ പേഴേക്കാട്ടിൽ, ശ്രീ.ജോസഫ് തോട്ടുംകര, കുമാരി അഞ്ജു മൂഴിയാങ്കൽ, കുമാരി അഖില ആരംപുളിക്കൽ, കുമാരി നിമ്മി മൂലനിരപ്പേൽ ഓഡിറ്റേഴ്സ്– ശ്രീ. ഷിനോജ് കാരക്കുന്നേൽ, ശ്രീ. ജോയി മേപ്പാടത്ത് എന്നിവർക്ക് ഹൃദ്യമായ സ്വാഗതവും അഭിനന്ദനങ്ങളും.

മിഷൻ അഭിവാദനങ്ങളോടെ,

**ഫാ.ഷിജു ഐക്കരക്കാനായിൽ**

**ദൈവവിളി വർഷം**

പ്രേഷിതവീഥിയിൽ കത്തിജ്വലിക്കുന്ന വിശ്വാസദീപങ്ങളുമായി ചെറുപുഷ്പമിഷൻലീഗ് പുത്തൻപ്രവർത്തനവർഷത്തിലേയ്ക്ക് പ്രവേശിക്കുകയാണല്ലോ? 'ചെറുപുഷ്പമിഷൻലീഗ് ദൈവവിളിയുടെ വിത്ത് വിതയ്ക്കാനും വിളവെടുക്കാനും' എന്നതാണ് ഈ വർഷത്തെ പ്രവർത്തന വിഷയം. കൂടുതൽ മികവാർന്ന പ്രവർത്തനങ്ങളുമായി സംഘടനയുടെ ലക്ഷ്യങ്ങളിൽ അധിഷ്ഠിതമായി മാലിപ്പറമ്പിൽ അച്ചന്റേയും കുഞ്ഞേട്ടന്റേയും പ്രേഷിത തീക്ഷണത മാതൃകയാക്കി ക്കൊണ്ട് ഈ പ്രവർത്തനവർഷത്തിൽ മുന്നേറാം.

**രൂപതാ കൗൺസിൽ – പ്രവർത്തനവർഷ ഉദ്ഘാടനം**

രൂപതാ 2019–22 പ്രവർത്തനവർഷ ഉദ്ഘാടനവും കൗൺസിലും ജൂൺ 8–ാം തീയതി രാവിലെ 9 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിച്ച് ഉച്ചക്ക് 2 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. ശാഖാ, മേഖലാ, രൂപതാ ഭാരവാഹികൾ നിർബന്ധ മായും പങ്കെടുക്കുമല്ലോ? പങ്കെടുക്കുന്നവരുടെ എണ്ണം ജൂൺ 3–ന് മുമ്പ് രൂപതാ ഓഫീസിൽ അറിയിക്കുമല്ലോ?

**LIFE NEW YEAR**

ചെറുപുഷ്പമിഷൻലീഗ് മാനന്തവാടി രൂപതയുടെ പ്രവർത്തന വർഷാരംഭം ജൂൺ മാസം 1–ാം തീയതി (ശനിയാഴ്ച) രക്തദാനം മഹാ ദാനം എന്ന ആശയത്തെ മുൻനിർത്തി രക്തം ദാനം ചെയ്തു കൊണ്ട് ആരംഭിക്കുന്നു.

**സംസ്ഥാന പ്രവർത്തനവർഷ ഉദ്ഘാടനം–മാനന്തവാടി രൂപതയിൽ**

മണിമൂളി, നിലമ്പൂർ, നീലഗിരി റീജിയണൽ കൗൺസിലും സംസ്ഥാന പ്രവർത്തനവർഷ ഉദ്ഘാടനവും 2019 ജൂൺ 9 ഞായറാഴ്ച 2.00 pm ന് നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയത്തിൽ വച്ച് നടത്ത പ്പെടുന്നതാണ്. മുകളിൽ പറഞ്ഞ മേഖലകളിൽ ഉൾപ്പെടുന്ന ശാഖാ ഭാരവാഹികളും ജോ. ഡയറക്ടേഴ്സും പ്രസ്തുത മീറ്റിംഗിൽ പങ്കെടു ക്കേണ്ടതാണ്.

**മേഖലാ/രൂപതാ സാഹിത്യമത്സരം**

മേഖല/രൂപത സാഹിത്യമത്സരം ജൂലൈ മാസം 29–ാം തീയതി വിവിധ മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. മേഖലാ നേതൃത്വം ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു തരാൻ ശ്രദ്ധിക്കു കയും എല്ലാ ശാഖകളും അതിനു വേണ്ടി തയ്യാറാകുകയും ചെയ്യണ മെന്ന് ഓർമ്മിപ്പിക്കുന്നു.

**'മിഷൻ സാഹിത്യോത്സവം – 2019'**

ഈ വർഷം നടത്തുന്ന സാഹിത്യമത്സര വിവരങ്ങൾ താഴെ ചേർക്കുന്നു.

ഉപന്യാസം, കഥ, കവിത, ചിത്രരചന (പെൻസിൽ)

| | |
|---|---|
| സബ്ജൂണിയർ (ജലഛായം) | : വി. മത്തായി 21–ാം അദ്ധ്യായം |
| ജൂണിയർ | : വി. മത്തായി 22–ാം അദ്ധ്യായം |
| സീനിയർ | : വി. മത്തായി 23–ാം അദ്ധ്യായം |
| സൂപ്പർ സീനിയർ | : വി. മത്തായി 24–ാം അദ്ധ്യായം |

(രചനാ മത്സരങ്ങളിൽ ഭാഷാശൈലി, പ്രയോഗങ്ങൾ, വർണ്ണന, ആശയം, സന്ദേശം, കാലിക പ്രസക്തി എന്നിവയ്ക്കാണ് പ്രാധാന്യം)

മിഷൻലീഗ് അംഗങ്ങളുടെ സാഹിത്യോത്സവം ജൂലൈ ആദ്യ വാരം തന്നെ നടക്കുന്നതാണ്. നേരത്തെ ഒരുങ്ങണം. ജൂൺ 9 ന് തന്നെ സാഹിത്യ മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പേരു വിവരം ശാഖകളിൽ തയ്യാറാക്കി മേഖല കേന്ദ്രങ്ങളിൽ എത്തിക്കണം. ജൂലൈ - ആയിരിക്കും മേഖലാ- രൂപതാ സാഹിത്യ മത്സരങ്ങൾ നടക്കുക.

**ജോ.ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

ശാഖാ അംഗത്വലിസ്റ്റിന്റെ 3 കോപ്പി, തിരുബാലസഖ്യാംഗങ്ങളുടെ അംഗത്വലിസ്റ്റിന്റെ 3 കോപ്പി, പുതിയശാഖാ ഭാരവാഹികളുടെ അഡ്രസ്സ് എന്നിവ നൽകാത്തവർ എത്രയും പെട്ടന്ന് ഓഫീസിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ജൂലൈ രണ്ടാം ശനിയാഴ്ച രാവിലെ 9.30 - ന് ശാഖാ ജോ.ഡയറക്ടേഴ്സിന്റെ മീറ്റിംഗ് നടത്തപ്പെടുന്നു. എല്ലാ ജോ. ഡയറക്ടേഴ്സും നിർബന്ധമായും പങ്കെടുക്കുമല്ലോ?

**LUMINARY**

2019 രൂപതാ ക്യാമ്പ് മെയ് 7, 8, 9 തീയതികളിലായി കായക്കുന്ന് ലാസെലറ്റ് ആശ്രമത്തിൽ വെച്ച് രൂപതാ ക്യാമ്പ് നടത്തുകയുണ്ടായി. വിവിധ ഇടവകകളിൽ നിന്നുമായി 95-ഓളം കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. ശ്രീ. അജീഷ് ഇടപ്പാട്ട്, ശ്രീ. തോമസ് കല്ലറയ്ക്കൽ, ശ്രീ. അരുൺ പേഴക്കാട്ട്, ശ്രീ. ബെന്നി തെനേരി, ശ്രീ.ബിജു ചിറ്റേടം, ശ്രീ. ഷാജി ചന്ദനപറമ്പിൽ, എന്നിവർ ക്ലാസ്സുകൾ നയിച്ചു. ശ്രീ. സജീഷ് എടത്തട്ടേൽ, ജോയേൽ പെരുമ്പള്ളിൽ, നിനു മാങ്കൂട്ടം, ലിന്റു വടക്കേക്കുറ്റ്, അഞ്ജു മൂഴിയാങ്കൽ, അഖില ആരംപുളിക്കൽ, നിമിത നിരപ്പേൽ, രൂപതാ എക്സികൂട്ടീവ് & ടീം അംഗങ്ങൾ നേതൃത്വം നൽകി.

**മേഖലാ ക്യാമ്പ്**

ചുങ്കക്കുന്ന് ശാഖയിൽ വെച്ച് ശ്രീ. സിനീഷ് ആപ്പുഴയിൽ, ശ്രീ. അരുൺ പേഴക്കാട്ടിൽ എന്നിവരുടെ നേതൃത്വത്തിൽ ചുങ്കക്കുന്ന് മേഖല (LUMINARY - 2019) ക്യാമ്പ് നടത്തപ്പെട്ടു.

**ശാഖ സെമിനാർ**

കണിയാരം ശാഖയിൽ രൂപത എക്സിക്യൂട്ടീവ് അംഗം ശ്രീ.അരുൺ ജോണിയുടെ നേതൃത്വത്തിൽ ഏകദിന സെമിനാർ നടത്തി.

**സംസ്ഥാന ക്യാമ്പ്**

ഭരണങ്ങാനം മാതൃഭവനത്തിൽ വെച്ച് നടത്തപ്പെട്ട സംസ്ഥാന ക്യാമ്പിൽ രൂപതയിൽ നിന്നും 7 പേർ പങ്കെടുത്തു.

**സംസ്ഥാന മാനേജിംഗ് കമ്മിറ്റി**

ഭരണങ്ങാനം മാതൃഭവനത്തിൽ വെച്ച് നടത്തപ്പെട്ട സംസ്ഥാന മാനേജിംഗ് കമ്മിറ്റിയിൽ 14 പേർ പങ്കെടുത്തു.

**വചനഭേരി – സംസ്ഥാനതലം**

സംസ്ഥാനതലത്തിൽ നടത്തപ്പെട്ട വചനഭേരി ക്വിസ്സ് പ്രോഗ്രാമിൽ ചെറുപുഷ്പമിഷൻലീഗ് മാനന്തവാടിയിൽ നിന്നും സീനിയർ ടീം, ജൂണിയർ ടീം എന്നിങ്ങനെ 2 ഗ്രൂപ്പുകൾ പങ്കെടുത്തു. ജൂണിയർ ടീമിൽ പങ്കെടുത്ത മിലൻ മുണ്ടക്കൽ & ലിയാന മുണ്ടക്കൽ എന്നിവർ 5-ാം സ്ഥാനം നേടി ക്യാഷ് അവാർഡും പ്രശസ്തിപത്രവും കരസ്ഥമാക്കി. പങ്കെടുത്തവർക്കും വിജയികൾക്കും അഭിനന്ദനങ്ങൾ.

ശാഖാ -മേഖലാ പ്രവർത്തനങ്ങൾ സജീവമാക്കി തീർക്കുന്ന ശാഖാ – മേഖലാ ഭാരവാഹികൾ, ബഹു. വൈദീകർ, സിസ്റ്റേഴ്സ്, രൂപതയിലെ മുഴുവൻ മിഷൻലീഗ് അംഗങ്ങൾ എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. ഇനിയും എല്ലാവരുടേയും സഹായവും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ടോം ജോസ് പൂവക്കുന്നേൽ**

സി.എം.എൽ രൂപതാ സെക്രട്ടറി

# Department of Youth Ministry

**ലൈഫ് ട്രെയിനിംഗ് അവധിക്കാല പരിശീലനം**

2019 ഏപ്രിൽ 6 ശനിയാഴ്ച്ച വൈകുന്നേരം 4 മണിക്ക് 2016–2017 ബാച്ചിലെ ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികൾക്ക്‌വേണ്ടിയുള്ള അവധികാല പരിശീലന ക്ലാസ്സുകൾ കുഞ്ഞോം ശാന്തി നിലയത്തിൽ വെച്ച് ആരംഭിച്ചു. ശനി, ഞായർ ദിനങ്ങളിൽ വാർഷിക പരീക്ഷ നടത്തി. 17–ാം തിയതി ബുധനാഴ്ച്ച വരെ ആദ്യഘട്ട പരിശീലനം നടന്നു. ഈ 10 ദിനങ്ങളിൽ വിവിധ ക്ലാസുകൾക്ക് നേതൃത്വം നല്കിയത് ജോണി സാർ– വ്യക്തിത്വവികസനം, ഡെനീഷ് സാർ – പൊതു വിജ്ഞാനം, ജോസ് പള്ളത്ത് സാർ – പ്രസംഗ പരിശീലനം, വിപിൻ സാർ – കണക്ക്, ജെയിംസ് സാർ – ഇംഗ്ലീഷ്, ഷാജിൻ സാർ – ജോഗ്രഫി എന്നിവരാണ്.

2019 ഏപ്രിൽ 12 വെള്ളിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെ വയനാട് ജില്ലാ സബ് കളക്ടർ ഉമേഷ് എൻ. ജെ ലൈഫ് വിദ്യാർത്ഥികളോട് സംവദിച്ചു. പത്രം, പുസ്തക വായന, പുസ്തകങ്ങൾ തിരഞ്ഞെടുക്കേണ്ട വിധം, സിവിൽ സർവ്വീസ് പരീക്ഷ എന്നിവയെക്കുറിച്ചുള്ള ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് പുതിയ ഉൾകാഴ്ച്ചകൾ നല്കുന്നവയും ജീവിത ലക്ഷ്യത്തിലേക്ക് നയിക്കുന്നവയുമായിരുന്നു.

ആദ്യകാല പരിശീലനത്തിനുശേഷം ഈസ്റ്റർ കഴിഞ്ഞ് ഏപ്രിൽ 25 വ്യാഴാഴ്ച്ച വൈകുന്നേരം 4 മണിക്ക് പരീശീലന പരിപാടികൾ പുനരാരംഭിച്ചു. 26, 27, 28 (വെള്ളി, ശനി, ഞായർ) തീയതികളിലായി ഫിസിക്സ്, കെമിസ്ട്രി, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ കുമാരി നിനു, ജെയിംസ് സാർ, സിസ്റ്റർ റ്റിജി എസ്.കെ.ടി എന്നിവരും ക്ലാസ്സുകൾ നയിച്ചു. മാനന്തവാടി രൂപതാ ചാൻസിലർ ഫാ. സജി നെടുങ്കല്ലേൽ 28–ാം തീയതി ഞായറാഴ്ച്ച വിദ്യാർത്ഥികളോട് സംസാരിക്കുകയും ലക്ഷ്യ ബോധത്തോടെ ജീവിക്കാനുള്ള പ്രേരണ നല്കുകയും ചെയ്തു. 17 ദിനങ്ങൾ നീണ്ടുനിന്ന താമസിച്ചുള്ള പരിശീലനം 30–ാം തിയതി വ്യാഴാഴ്ച്ച ഏകദിന ധ്യാനത്തോടെ സമാപിച്ചു.

**രക്ഷകർതൃയോഗം**

2019 മെയ് 12–ാം തീയതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് ബാച്ചടിസ്ഥാനത്തിൽ രക്ഷാകർതൃയോഗം നടവയൽ ലാസലെറ്റ് ആശ്രമ

ത്തിൽ വെച്ച് നടന്നു. 2016, 2017 ബാച്ചുകാരുടെ മാതാപിതാക്കളുടെ കൂട്ടായ്മ ഉച്ചകഴിഞ്ഞ് 2.30 നും, 2018, 2019 ബാച്ചുകാരുടെ യോഗം ഉച്ച കഴിഞ്ഞ് 3.15 നും സംഘടിപ്പിച്ചു. യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ കുട്ടികളുടെ പഠനനിലവാരം, വ്യക്തിത്വപരിശീലനം, സർഗ്ഗാത്മക സിദ്ധികൾ തുടങ്ങിയ കാര്യങ്ങൾ വിലയിരുത്തുകയും ലൈഫിലെ മാതാ പിതാക്കളുടെ ജീവിത ശൈലിയെക്കുറിച്ചും ഇടപെടലുകളെക്കുറിച്ചും വ്യക്തമായ ധാരണ നല്കുകയും ചെയ്തു. തുടർന്ന് അടുത്ത വർഷത്തെ ധ്യാനം വലിയ നോമ്പിൽ ക്രമീകരിക്കണമെന്നും അതിന്റെ ഉത്തരവാദിത്വം മാതാപിതാക്കൾത്തന്നെ ഏറ്റെടുക്കണമെന്നും യോഗം തീരുമാനിച്ചു. ഇതിൻപ്രകാരം സിജു മണിമൂളി, ജേക്കബ് കേണിച്ചിറ, പോൾ കല്പറ്റ, റോജി കണിയാരം, അനിൽ കല്പറ്റ എന്നിവരെ ഉത്തര വാദിത്വം ഏല്പ്പിച്ചു. ലൈഫ് വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ നിലവാരം വെളിപ്പെടുത്തുന്ന മാർക്ക് ലിസ്റ്റ് മാതാപിതാക്കൾക്ക് നല്കി. തുടർന്ന് ബാച്ചടിസ്ഥാനത്തിൽ ഗ്രൂപ്പ് ഫോട്ടോ എടുത്തു. ബിജു പാല ത്തിങ്കൽ എല്ലാവർക്കും നന്ദി പറഞ്ഞു. ഫാ. ലാൽ ജേക്കബ് പൈനുങ്കലിന്റെ ആശീർവാദ പ്രാർത്ഥനയോടെ രക്ഷാകർതൃയോഗം സമാപിച്ചു.

**ലൈഫ് കുടുംബം വാർഷിക ധ്യാനം**

2019 മെയ് 10,11,12 (വെള്ളി, ശനി, ഞായർ) തീയതികളിൽ ലൈഫ് ട്രെയിനിംഗ് 2016, 2017, 2018, 2019 ബാച്ചിലെ വിദ്യാർത്ഥികളുടെ കുടുംബധ്യാനം ഫാ. ലാൽ ജേക്കബ് പൈനുങ്കലിന്റെയും ടീമിന്റെയും നേതൃത്വത്തിൽ വെള്ളിയാഴ്ച്ച രാവിലെ 10 മണിക്ക് നടവയൽ ലാസ ലെറ്റ് ധ്യാനകേന്ദ്രത്തിൽ വെച്ച് നടന്നു. 177 പേർ പങ്കെടുത്ത ഈ ധ്യാനം കോട്ടയം സ്വദേശി ബ്രദർ ജിബിയാണ് നയിച്ചത്. കുട്ടികളുടെ ധ്യാന ത്തിന് ബ്രദർ അനൂപ്, ബ്രദർ പ്രകാശ്, ബ്രദർ ബേസിൽ തുടങ്ങിയവർ നേതൃത്വം നല്കി. ഈ ധ്യാന ദിവസങ്ങളിൽ യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളായ ഫാ. റോബിൻ പടിഞ്ഞാറയിൽ, ഫാ. ജോബി മുക്കാട്ടുകാവുങ്കൽ എന്നിവരും ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ, ഫാ. മാത്യു ഒ.സി.ഡി., ഫാ. ഡിജിൻ ഒ. എഫ്.എം. ക്യാപ്, ഫാ. മാത്യു ലാസലെറ്റ്, ഫാ. ജെയ്നേഷ്, ഫാ.ജോമേഷ് തുടങ്ങിയ വൈദികരും കുമ്പസാരത്തിന് സഹായിച്ചു. ഈ ധ്യാന ദിവസങ്ങളിൽ എല്ലാവിധ സജ്ജീകരണങ്ങളും ഒരുക്കിത്തന്ന ലാസലെറ്റ് സുപ്പീരിയർ ഫാ. ജെൻസൺ, സഹായിച്ച മറ്റ് വൈദികരെയും

പ്രത്യേകിച്ച് ഫാ. വിപിനെയും നന്ദിയോടെ ഓർക്കുന്നു. ധ്യാനദിവസങ്ങളിൽ വോളണ്ടിയേഴ്സായി സഹായിച്ച ഡോൺ മുടതൊട്ടി, സോന ചേനപ്പാടി, റോസ് മേരി കോക്കാട്ട് എന്നിവരെ നന്ദിയോടെ ഓർക്കുന്നു. ത്യാഗപൂർവ്വം ധ്യാനത്തിൽ പങ്കെടുത്ത് ആത്മീയനവീകരണം നേടിയ മുഴുവൻ മാതാപിതാക്കൾക്കും ലൈഫ് കുടുംബാംഗങ്ങൾക്കും യൂത്ത് മിനിസ്ട്രിയുടെ നന്ദി. ധ്യാനവിജയത്തിനുവേണ്ടി പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്ത മുഴുവൻ ടീം അംഗങ്ങൾക്കും നന്ദി.

**നീന്തൽ പരിശീലനം**

നടവയൽ Chelly Villa -യിൽ നടത്തപ്പെടുന്ന നീന്തൽ പരിശീലനത്തിൽ 2016, 2017 ബാച്ചിലെ ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികൾക്ക് ഏപ്രിൽ 17 ബുധനാഴ്ച ഏകദിന നീന്തൽ പരിശീലനം നൽകി. നേതൃത്വം നൽകിയ ജോൺ സാറിനും ഗ്രേസി ടീച്ചറിനും പ്രത്യേകം നന്ദി.

**കരുണയുടെ തിരുനാൾ**

കരുണയുടെ തിരുനാൾ ദിനമായ ഏപ്രിൽ 28 ഞായറാഴ്ച ബഹു. പോൾ കൂട്ടാല അച്ചന്റെ നേതൃത്വത്തിൽ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് ശ്രീലങ്കയിൽ മരണമടഞ്ഞ രക്തസാക്ഷികളെ സ്മരിച്ചുകൊണ്ട് കരുണയുടെ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. കൂടാതെ, ഭീകരവാദത്തിനെതിരെ പോസ്റ്റർ തയ്യാറാക്കി, പ്രദക്ഷിണം നടത്തി സമാധാനത്തിനായി പ്രാർത്ഥിച്ചു. ഒരു മണിക്കൂർ ദിവ്യകാരുണ്യസിധിയിൽ ത്യാഗപൂർവ്വം ലോകം മുഴുവനുംവേണ്ടിയും പ്രത്യേകം ശ്രീലങ്കയ്ക്കുവേണ്ടിയും കരുണതേടി പ്രാർത്ഥിച്ചു. ഫാ. ലാൽ ജേക്കബ് പൈനുങ്കലും ടീമും നേതൃത്വം നൽകി.

**ജെ. ബാന്റ്**

പാടാനും സംഗീതോപകരണങ്ങൾ വായിക്കാനും കഴിയുന്ന യുവജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ആത്മീയ പരിപാടികൾ കോളേജുകളിലും ഇടവകകളിലും നടത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിരിക്കുന്ന മ്യൂസിക്ക് ജെ. ബാന്റിന്റെ പരിശീലനം പതിവുപോലെ എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ യൂത്ത് മിനിസ്ട്രി ഓഫീസിൽ നടക്കുന്നു.

**സി. ലിൻസി എസ്.സി.വി.**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

പ്രിയപ്പെട്ടവരേ,

കഴിഞ്ഞ ഒരു വർഷം കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ കൂടെ സഞ്ചരിക്കുവാൻ നല്ല ദൈവം എന്നെയും അനുവദിച്ചു. ആഴപ്പെട്ട ദൈവാനുഭവത്തിന്റെയും, സാഹോദര്യത്തിന്റെയും, സർഗ്ഗാത്മകതയുടെയും, സൗഹൃദത്തിന്റെയും വലിയ ശൃംഖല സൃഷ്ടിച്ച പ്രസ്ഥാനത്തിന്റെ ഭാഗമാകുന്നത് ദൈവകൃപയല്ലാതെ മറ്റൊന്നുമല്ല. തമ്പുരാന്റെ വിരൽ സ്പർശമേറ്റ കുറേയേറെപ്പേരെ പ്രോത്സാഹിപ്പിക്കാനും, പിഴവുകൾ തിരുത്താനും, ശക്തിപകരാനും ഒപ്പമുണ്ടായിരുന്നു എന്നതാണ് ഏറ്റവും വലിയ സന്തോഷം. രജത ജൂബിലി ആഘോഷങ്ങളുടെ നിറവിലായിരിക്കുന്ന സംഘടനയുടെ ഏതാനും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ സാധിച്ചു എന്നത് ഏറെ കൃതജ്ഞതയോടെ ഓർക്കുന്നു. മലബാർ യുവജന കൺവെൻഷൻ, 100 പേരെ സംഘടിപ്പിച്ച് നടത്തിയ ഡിവൈൻ ധ്യാനസെന്റർ ശുചികരണം, മറ്റ് പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾ, തുടർ പ്രവർത്തനങ്ങളായ വളർത്തുമൃഗങ്ങളെ നൽകുക എന്ന പരിപാടിയിൽ തുടങ്ങി ഇപ്പോൾ റൂഫ് എന്ന പേരിൽ നടന്നുകൊണ്ടിരിക്കുന്ന ഭവന നിർമ്മാണ പദ്ധതി, രജത ജൂബിലി ആരംഭം, ജൂബിലി ഗാനം, ജൂബിലി ലോഗോ, റിഫൈൻ- നേതൃത്വ പരിശീലന ക്യാമ്പ്, രൂപത യുവജന കൺവെൻഷൻ പ്രവർത്തനങ്ങൾ തുടങ്ങിയവ ഈ കാലയളവിൽ നടന്നവയാണ്. എനിക്കെന്തെങ്കിലും ചെയ്യാൻ സാധിച്ചിട്ടുണ്ടെങ്കിൽ അത് എന്നോടൊപ്പം ഉണ്ടായിരുന്ന രൂപതാ സമിതിയുടെ നിസ്വാർത്ഥമായ സഹകരണം കൊണ്ടുമാത്രമാണ്. ജിഷിൻ മുണ്ടക്കാത്തടത്തിലിന്റെ നേതൃത്വത്തിലുള്ള 2018 വർഷത്തെ സമിതിയും, എബിൻ മുട്ടപ്പള്ളിയുടെ നേതൃത്വത്തിലുള്ള 2019 വർഷത്തെ സമിതിയും, സിൻഡിക്കേറ്റംഗങ്ങൾ, മേഖലാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, മേഖല സമിതിയംഗങ്ങൾ ജൂബിലി വർഷ കമ്മിറ്റിയംഗങ്ങൾ, ആനിമേറ്ററും, ഓഫീസ് സെക്രട്ടറിയുമായിരുന്ന സി.സ്മിത എസ്.എ.ബി.എസ്, പാസ്റ്ററൽ സെന്ററിലെ ബഹുമാനപ്പെട്ട വൈദീകർ, തുടങ്ങിയവരെ നന്ദിയോടെ ഓർക്കുന്നു. പ്രസ്ഥാനത്തിന്റെ സാരഥ്യമേറ്റെടുത്ത് ആത്മീയപിതാവായി പ്രസ്ഥാനത്തെ നയിക്കുവാൻ പുതിയ ഡയറക്ടർ ബഹുമാനപ്പെട്ട അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടം

അച്ചനും പുത്തൻ ഉണർവ്വോടെ പ്രവർത്തിക്കുവാൻ രൂപതാ നേതൃത്വ ത്തിനും സാധിക്കട്ടെ എന്നാശംസിക്കുന്നു. എല്ലാവിധ ദൈവാനുഗ്രഹ ങ്ങളും വിജയാശംസകളും നേർന്നുകൊണ്ട്

സ്നേഹത്തോടെ,

**റോബിൻ പടിഞ്ഞാറയിലച്ചൻ**

**നന്ദിയോടെ**

കെ.സി.വൈ.എമ്മിന്റെ കരുണയുടെ മുഖം സമൂഹത്തിൽ പ്രകട മാക്കാൻ, പ്രളയം തകർത്ത നാടിന് കൈത്താങ്ങായി പ്രളയാനന്തര പ്രവർത്തനങ്ങൾ സജീവമാക്കുവാൻ രജത ജൂബിലി വർഷ പ്രവർത്ത നങ്ങൾക്ക് അടിത്തറ പാകുവാൻ കഴിഞ്ഞ ഒരു വർഷം പ്രസ്ഥാന ത്തിന്റെ അമരക്കാരനായി കൂടെയുണ്ടായിരുന്നു ഞങ്ങളുടെ പ്രിയ റോബിൻ പടിഞ്ഞാറയിലച്ചൻ. മിതഭാഷണംകൊണ്ടും, ആഴപ്പെട്ട വ്യക്തി ബന്ധം സൃഷ്ടിച്ചും, തിരുസന്നിധിയിൽ തീക്ഷണതയോടെ പ്രാർത്ഥിച്ചും, വിവേകമുള്ള തീരുമാനങ്ങൾ പക്വമായി കൈകാര്യം ചെയ്തും പ്രസ്ഥാനത്തിന്റെ ദിശ നിർണ്ണയത്തിൽ ശക്തമായ പങ്ക് വഹിച്ച് മാതൃക കാണിച്ച ഞങ്ങളുടെ പ്രിയ റോബിനച്ചന് പ്രസ്ഥാന ത്തിന്റെ പേരിലുള്ള നന്ദി അറിയിക്കുന്നു. പുതിയ ഇടവകയും, പ്രേഷിത മേഖലയും ദൈവസാന്നിധ്യത്തിന്റെയും ദൈവാനുഭവത്തിന്റെയും ഇടമായി തീരട്ടെ എന്നാശംസിക്കുന്നു.

ഒരമ്മയുടെ വാൽസല്യവും തള്ളപക്ഷിയുടെ കരുതലും, സൂക്ഷ് മതയും സംഗമിക്കുന്ന ഒരു ഭൂമികയായിരുന്നു ഞങ്ങളുടെ സ്മിത സിസ്റ്റർ. സുന്ദരമായ ഭാഷയും, മൗലീകതയും അച്ചുകൂടത്തിലെ പ്രാവീ ണ്യവും ദീർഘ വീക്ഷണവും സൈഥര്യവും ധൈര്യവും ഒരുമിച്ച് തീർന്ന സിസ്റ്ററിന്റെ സാന്നിധ്യം എന്നും ഈ പ്രസ്ഥാനത്തിന് കരുത്തായി രുന്നു. കാകദൃഷ്ടിയോടെ കാര്യങ്ങളെ അപഗ്രഥിക്കാനുള്ള സിസ്റ്ററിന്റെ കഴിവ് എന്നും ഞങ്ങൾക്ക് സഹായമായിരുന്നു. പ്രിയ സിസ്റ്റർ എന്നും ഞങ്ങളുടെ ഹൃദയത്തിൽ ഉണ്ടായിരിക്കും. പ്രസ്ഥാനത്തിന് ചെയ്ത സകല നന്മകൾക്കും ഒരായിരം നന്ദി. കഴിഞ്ഞ മൂന്ന് വർഷം മുഴുവൻ സമയ യുവജന ശുശ്രൂഷയ്ക്കായി സിസ്റ്ററിനെ വിട്ടു തന്ന SABS സമൂഹ ത്തോടുള്ള പ്രസ്ഥാനത്തിന്റെ കടപ്പാട് ദൈവസന്നിധിയിൽ ഓർമ്മി ക്കുന്നു. സിസ്റ്ററിന് പുതിയ ശുശ്രൂഷാ മണ്ഡലങ്ങളിൽ എല്ലാവിധ വിജയാശംസകളും പ്രാർത്ഥനാ മംഗളങ്ങളും നേരുന്നു.

**സ്വാഗതം**

യുവജന വർഷവും യുവജനസിനഡും സമ്മാനിച്ച ചൈതന്യം തുടരുവാൻ ജൂബിലി പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുവാൻ,

യുവത്വത്തിന്റെ പ്രസരിപ്പും, നൂതന ആശയങ്ങളുമായി പ്രസ്ഥാന ത്തിന്റെ ആത്മീയ ആചാര്യനാകുവാൻ കടന്നു വരുന്ന ബഹുമാനപ്പെട്ട അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടം അച്ചന്  കെ.സി.വൈ.എം. കുടുംബത്തി ലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

കെ.സി.വൈ.എം. ഓഫീസ് സെക്രട്ടറിയും ആനിമേറ്ററുമായി ചുമതലയേറ്റിരിക്കുന്ന ബഹുമാനപ്പെട്ട സി. ഡാനി എസ്.എച്ചിന് പ്രസ്ഥാനത്തിലേയ്ക്ക് സ്വാഗതം. മുഴുവൻ സമയ യുവജന ശുശ്രൂഷ യിലൂടെ സഭയുടെ പ്രേഷിത പ്രവർത്തനത്തിൽ തീക്ഷതയോടെ ആയി രിക്കാൻ തമ്പുരാൻ അനുഗ്രഹിക്കട്ടെ.

**റൂഫ് ഭവന നിർമ്മാണ പദ്ധതി – ആദ്യ ഭവനത്തിന്റെ വെഞ്ചിരിപ്പും താക്കോൽ ദാന കർമ്മവും**

പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി റൂഫ് എന്ന പേരിൽ നടത്തുന്ന ഭവന നിർമ്മാണ പദ്ധതിയുടെ ആദ്യ ഭവനത്തിന്റെ വെഞ്ചിരിപ്പ് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് നിർവ്വഹിച്ചു. വലിയക്കൊല്ലി ഇടവകയിൽ ജയേഷ് പുളിയാനിക്കലിന്റെ വീടാണ് വെഞ്ചരിച്ചത്. ഭവനത്തിന്റെ താക്കോൽദാന കർമ്മം രൂപതാ പ്രസിഡണ്ട് ശ്രീ.എബിൻ മുട്ടപ്പള്ളി നിർവ്വഹിച്ചു. ഡയറക്ടർ ബഹുമാനപ്പെട്ട റോബിൻ പടിഞ്ഞാറയിലച്ചൻ ആമുഖ പ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ സ്വാഗതവും, സി. സ്മിത എസ്.എ.ബി.എസ്, ട്രഷറർ ജിയോ മച്ചുകുഴയിൽ, കോഡിനേറ്റർ റ്റിബിൻ പാറയ്ക്കൽ എന്നിവർ ആശംസകളറിയിച്ച് സംസാരിച്ചു. സിൻഡിക്കേറ്റ് അംഗങ്ങളായ റോസ് മേരി തേറുകാട്ടിൽ, അലീന ജോയി പാണ്ടിയാം പ്പറമ്പിൽ എന്നിവർ നേതൃത്വം നൽകി. തുടർന്ന് വലിയകൊല്ലി പള്ളി യിൽ വച്ച് നടന്ന പൊതുസമ്മേളനത്തിൽ മണ്ഡ്യ രൂപതയിൽ നിന്നുള്ള പിതൃവേദി അംഗങ്ങൾ സന്നിഹിതരായിരുന്നു. ഭവനനിർമ്മാണത്തിന് വേണ്ട ശക്തമായ നേതൃത്വം നൽകിയ വികാരി ജസ്റ്റിൻ മുത്താനി ക്കാട്ട് അച്ചനും കെ.സി.വൈ.എം. അംഗങ്ങൾക്കും കൈക്കാൻമാർക്കും രൂപതാ സമിതിയുടെ നന്ദി.

**യൂണിറ്റ് വാർത്തകൾ**

**ബത്തേരി യൂണിറ്റ്**

നോമ്പുകാല ചൈതന്യത്തിൽ നാൽപതാം വെള്ളിയാഴ്ച്ച യുവ ജനങ്ങൾ കൃഷ്ണഗിരി കുരിശുമലയിലേയ്ക്ക് കുരിശിന്റെ വഴി നടത്തി. ശ്രീലങ്കയിൽ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവരോട് ഐക്യദാർഢ്യം പ്രകടിപ്പിച്ച് ദേവാലയത്തിൽ പ്രാർത്ഥനാ കൂട്ടായ്മ സംഘടിപ്പിച്ചു. കത്തിച്ച തിരികൾ കൈകളിലേന്തി പ്രഖ്യാപിച്ച ഐക്യദാർഢ്യത്തിന്

യൂണിറ്റ് സമിതി നേതൃത്വം നൽകി. എല്ലാ ഞായറാഴ്ച്ചയും ബത്തേരി ഗവൺമെന്റ് ഹോസ്പ്പിറ്റലിൽ ഉച്ചഭക്ഷണ വിതരണവും സന്ദർശനവും നടത്തി വരുന്നു. യൂണിറ്റ് സമിതിയുടെ നേതൃത്വത്തിൽ മുടക്കം കൂടാതെ നടത്തുന്ന ഈ പരിപാടിക്ക് ധാരാളം സുമനസുകളുടെ സഹായസഹകരണങ്ങൾ ലഭിക്കുന്നു. ഈസ്റ്റർ ദിനത്തിൽ മനോഹര മായ കല്ലറ നിർമ്മിച്ചു.

**പാലേമാട് യൂണിറ്റ്**

വചനത്തിലൂടെ വിമോചനത്തിലേയ്ക്ക് എന്ന ആശയത്തിലൂന്നി യൂണിറ്റ് യുവജന സംഗമം നടത്തി. ദു:ഖ ശനിയാഴ്ച്ച നടന്ന യുവജന സംഗമത്തിൽ ബഹുമാനപ്പെട്ട ഫാ. ജോസഫ് തൊണ്ടിപ്പറമ്പിലച്ചൻ സെമിനാർ നയിച്ചു. സഭ നേരിടുന്ന വെല്ലുവിളികൾ തരണം ചെയ്യാൻ സജ്ജമാകേണ്ട യുവത്വ ശക്തിയെക്കുറിച്ച് അച്ചൻ ഊന്നി പറയുകയു ണ്ടായി. നോമ്പുകാല ചൈതന്യത്തിൽ മേഖലയുടെ നേതൃത്വത്തിൽ നടന്ന കുരിശിന്റെ വഴിയിലെ പങ്കാളിത്തവും, ബസ്സ് വെയ്റ്റിംഗ്ഷെഡ് ശുചീകരണവും, കല്ലറ നിർമ്മാണവുമെല്ലാം പരിത്യാഗ ചൈതന്യത്തി ലൂടെ ഉത്ഥാന സന്തോഷത്തിലേയ്ക്ക് പ്രവേശിക്കാൻ യുവതയെ ശക്ത മാക്കി.

**ജിഷിൻ മുണ്ടക്കാത്തടത്തിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ മെയ് 5 മുതൽ 8 വരെ നടന്ന MPC യിൽ 108 പേർ പങ്കെടുത്തു. ഇതിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

ജൂലൈ 14-17 - പാസ്റ്ററൽ സെന്റർ ദ്വാരക
ആഗസ്റ്റ് 11-14 - പാസ്റ്ററൽ സെന്റർ ദ്വാരക

**സ്വാഗതം**

രൂപതാ കുടുംബപ്രേഷിതത്വത്തിലേക്ക് അസോസിയേറ്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ജോജോ (ജോസഫ്) കുടക്കച്ചിറ അച്ചന് ഹൃദ്യമായ സ്വാഗതം. അച്ചൻ വാളാട് ഇടവക വികാരി കൂടിയാണ്. അച്ചന്റെ എല്ലാ പ്രവർത്തനങ്ങൾക്കും സമൃദ്ധമായ ദൈവാനുഗ്രഹങ്ങൾ ആശംസിക്കുന്നു.

**മരിയൻ സിംഗിൾസ്**

മെയ് 13-ന് രൂപതാ മീറ്റിംഗ് കൂടി. 15 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ജൂൺ 17 - ന്.

**മാതൃവേദി**

**കൃതജ്ഞത**

മാതൃവേദി രൂപതാ ആനിമേറ്ററായി കഴിഞ്ഞ 5 വർഷങ്ങൾ സ്തുത്യർഹമായ സേവനം ചെയ്ത ബഹു. സിസ്റ്റർ കൃപ SABS ഇടപ്പെട്ടി കോൺവെന്റിൽ സുപ്പീരിയറായി സ്ഥലംമാറിയിരിക്കുന്നു. രൂപതാ ആനിമേറ്റർ എന്ന നിലയിൽ കൃപാ സിസ്റ്റർ മാതൃവേദിക്ക് നൽകിയ എല്ലാ നന്മകൾക്കും സഹായ സഹകരണങ്ങൾക്കും മാനന്തവാടി രൂപത ഹൃദ്യമായ നന്ദി അറിയിക്കുന്നു. ഇടപ്പെട്ടിയിലെ ശുശ്രൂഷകൾക്ക് എല്ലാവിധ ഭാവുകങ്ങളും ദൈവാനുഗ്രഹങ്ങളും നേരുന്നു.

ബഹു. സിസ്റ്റർ എമിലിൻ SABS ആണ് പുതിയ ആനിമേറ്റർ. സിസ്റ്റർ തെനേരി കോൺവെന്റിലെ അംഗമാണ്. സിസ്റ്ററിന് രൂപതാ മാതൃവേദിയിലേക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു. പുതിയ ഉത്തരവാദിത്വനിർവഹണത്തിന് ദൈവാനുഗ്രഹങ്ങൾ നേരുന്നു.

കഴിഞ്ഞ വർഷങ്ങളിൽ മാതൃവേദി മേഖലാ ഡയറക്ടർമാരായിരുന്ന ബഹു. കുര്യാക്കോസ് പറമ്പിൽ (ബത്തേരി), ബഹു. തോമസ് കുറ്റിക്കാട്ടുകുന്നേൽ (കല്ലോടി) എന്നീ അച്ചന്മാർ തൽസ്ഥാനം മാറിയിരിക്കുന്നു. അച്ചന്മാർ രണ്ടുപേർക്കും സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

മേഖല ആനിമേറ്റർമാരായിരുന്ന ബഹുമാനപ്പെട്ട സി. ഫിലോ SKD (ചുങ്കക്കുന്ന്), സി. കൃപ FCC (കല്ലോടി), സി. ജയ്ൻ SABS (കൽപറ്റ), സി. അനില SH (മാനന്തവാടി), സി. സനില FCC (മണിമൂളി), സി. ഡെയ്സ് മരിയ CMC (നടവയൽ), സി. ആൻസി FCC (തരിയോട്), സി. ലൂസി SH (ബത്തേരി) എന്നിവരും പുതിയസ്ഥലങ്ങളിലേക്ക് മാറിയിരിക്കുന്നു. അതാത് മേഖലകളിൽ മാതൃവേദിക്ക് അവർ ചെയ്ത എല്ലാ നന്മകൾക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

**ചുങ്കക്കുന്ന്**

പത്തു ശാഖകളിൽനിന്നായി 86 അമ്മമാർ രോഗീസന്ദർശനവും മരിച്ചവരുടെ ഭവനസന്ദർശനവും നടത്തി. ബഹു വൈദികരുടേയും സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തി. ബഹു ഫാ. സുനീഷ് തിരുവചനസന്ദേശം നൽകി. ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി വിവിധ ശാഖകളിൽ കുമാരി സി. കെ. ജയിംസ് യോഗപരിശീലനം നടത്തി. 26 അമ്മമാർ പങ്കെടുത്തു. കൊട്ടിയൂരിൽ ഒരു നിർദ്ധനരോഗിക്ക് 2500 –രൂപയും വെള്ളൂന്നിയിൽ 1000 രൂപയും 10 ഇടവകകളിൽ ഈസ്റ്റർ കിറ്റായി 5000 രൂപയും സഹായം നൽകി.

**കയ്യൂന്നി**

പട്ടയം ലഭിക്കാത്ത ഭൂമിക്ക് പട്ടയം ലഭിക്കുവാനായി അംഗങ്ങൾ ഓരോരുത്തരായി ഒരുമാസത്തോളം ഉപവാസമനുഷ്ഠിച്ച് പ്രാർത്ഥിച്ചു. എരുമാട് പാലിയേറ്റീവ് കെയർ സന്ദർശിച്ചു. 10 കുടുംബങ്ങൾക്ക് ഭക്ഷണകിറ്റ് നൽകി. ദൈവജനത്തിൽനിന്നും ദാനമായി ലഭിച്ച 15000 രൂപകൊണ്ട് 5 പേരെ ജീവസ് ഇൻഷൂറൻസിൽ ചേർത്തു. എച്ച്. ഡി. കോട്ട സന്ദർശിച്ച് 5000 രൂപ നൽകി. ഈ വർഷം ആദ്യകുർബാന സ്വീകരിച്ച ഒരു നിർദ്ധനകുടുംബത്തിന് 2500 രൂപ നൽകി.

**കളത്തുവയൽ**

വൈദിക വിദ്യാർത്ഥികൾക്കുവേണ്ടിയും യുവജനങ്ങൾക്കുവേണ്ടിയും എല്ലാദിവസവും കരുണകൊന്തയും തിരുഹൃദയകൊന്തയും ചൊല്ലി പ്രാർത്ഥിച്ചു. സെന്റ് ജോർജ്ജിന്റെ തിരുനാളിനോടനുബന്ധിച്ച് അമ്മമാർ കാഴ്ചസമർപ്പണം നടത്തി.

**വാഴവറ്റ**

പ്രകൃതിസംരക്ഷണത്തിനായി അഖണ്ഡ ജപമാല നടത്തി. ശ്രീല ങ്കയിലെ ക്രൈസ്തവ സമൂഹത്തിനുവേണ്ടി ജാഗരണപ്രാത്ഥന നടത്തി. വിവാഹതടസ്സം നേരിടുന്ന യുവജനങ്ങൾക്കുവേണ്ടി കുരിശിന്റെ വഴി നടത്തി. വി.ഗീവർഗ്ഗീസിന്റെ തിരുനാൾ ആഘോഷിച്ചു. മലയാറ്റൂർ തീർത്ഥാടനം നടത്തി.

**കാവുമന്ദം**

ഇടവകയിലെ ഭിന്നശേഷിക്കാരെ സന്ദർശിച്ച് പ്രാർത്ഥിച്ചു. പാവ പ്പെട്ട ഒരു രോഗിക്ക് 2500 രൂപ നൽകി. കൽപറ്റ ഗവ. ആശുപത്രി സന്ദർശിച്ച് അരിയും പൈസയും നൽകി സഹായിച്ചു.

**കുഞ്ഞോം**

അമ്മമാർ വാർഷിക ധ്യാനത്തിനും വിശുദ്ധവാര കർമ്മങ്ങളിലും സജ്ജീവമായി പങ്കെടുത്തു. എല്ലാ വെള്ളിയാഴ്ചകളിലും അമ്മമാർ പ്രാർത്ഥന നടത്തിവരുന്നു.

**അസംപ്ഷൻ**

ബഹു. വികാരിയച്ചൻ ജീവസംരക്ഷണത്തെക്കുറിച്ച് അമ്മമാർക്ക് ക്ലാസ്സ് കൊടുത്തു. സദുപദേശത്തിന്റെ മാതാവിന്റെ തിരുനാൾ സാഘോ ഷംകൊണ്ടാടി. വി. ജാന്നബരേത്തയുടെ തിരുനാൾ ദിനത്തിൽ അംഗ ങ്ങൾ അംഗത്വനവീകരണം നടത്തി.

**കൽപ്ര**

ഓസ്സാനാം ഭവൻ സന്ദർശിച്ച് ഭവനവും പരിസരവും വൃത്തിയാ ക്കി. 11000–രൂപസഹായവും 3750 രൂപയുടെ സാധനങ്ങളും നൽകി. ബഹു. സജി പുതുകുളങ്ങരയച്ചന്റെ നേതൃത്വത്തിൽ മദ്യപാനത്തിന്റെ ദൂഷ്യവശങ്ങളെ കുറിച്ച് സെമിനാർ നടത്തി. 120–ഓളം അമ്മമാർ പങ്കെ ടുത്തു. പ്രൊ–ലൈഫ് പ്രവർത്തനത്തിന്റെ വിജയത്തിനായി തിരുഹൃദ യകൊന്ത ചൊല്ലി പ്രാർത്ഥിച്ചു.

**പൂളപ്പാടം**

പാതാർ മരിയ സദൻ സന്ദർശിച്ച് ഭക്ഷ്യ ധാന്യങ്ങൾ നൽകി. കിടപ്പുരോഗികളെ സന്ദർശിച്ച് പ്രാർത്ഥിച്ചു. ഇടവക തിരുനാളിന് അമ്മ മാർ പ്രദക്ഷിണത്തിനായി മുത്തുക്കുടകൾ വഹിച്ചു.

**ജൂഡ്സ് മൗണ്ട്**

കോളയാട് സ്നേഹഭവൻ സന്ദർശിച്ചു. 12000–രൂപയും വസ്ത്രവും നൽകി. ആശുപത്രിയിൽ കഴിയുന്ന രോഗികളുടെ ഭക്ഷ ണത്തിനായി 5000–രൂപ നൽകി. സെമിത്തേരി വൃത്തിയാക്കൽ, കുരി ശിന്റെ വഴി എന്നിവ നടത്തി.

**പാതിരിപ്പാടം**

ചെയിൻ റോസറി നടത്തി. ഇടവകയിൽ നടന്ന മൃതസംസ്കാരങ്ങളിൽ അമ്മമാർ പങ്കെടുത്ത് പ്രാർത്ഥിച്ചു. രോഗീസന്ദർശനം നടത്തി. വി. ജാന്നബരേത്തയുടെ തിരുനാൾ ആചരിച്ചു.

**കോട്ടത്തറ**

കൽപ്പറ്റ ഹോസ്പിറ്റൽ മിനിസ്ട്രിക്കുവേണ്ട അരിയും സാധനങ്ങളും ശേഖരിച്ചു. ഭവനസന്ദർശനം നടത്തി. ഒരു പാവപ്പെട്ട രോഗിയുടെ ഭവനം സന്ദർശിച്ച് വേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തു. തീർത്ഥാടനയാത്ര നടത്തി.

**അമ്പായത്തോട്**

ആലഞ്ചേരിയിലെ അറയങ്ങാട്ട് സ്നേഹഭവൻ സന്ദർശിച്ച് 10000 രൂപയുടെ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്തു. 100 വട്ടയപ്പം നൽകി. ഇടവകയിലെ തനിയെ താമസിക്കുന്ന വൃദ്ധമാതാപിതാക്കളെ സന്ദർശിച്ച് ഈസ്റ്റർകിറ്റ് വിതരണം ചെയ്തു. 1000 രൂപ സഹായം നൽകി. രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ച് കുരിശിന്റെ വഴി നടത്തി. യോഗപരിശീലനം നടത്തി.

**പാറത്തോട്ടം**

5 പാവപ്പെട്ട കുടുംബങ്ങൾക്ക് അരിയും സാധനങ്ങളും അടങ്ങിയ കിറ്റ് വിതരണം ചെയ്തു. രോഗികളേയും പ്രായമായവരേയും കുമ്പസാരിപ്പിക്കാനുള്ള ഒരുക്കങ്ങൾ നടത്തി.

**കല്ലുവയൽ**

പള്ളിയും പരിസരവും വൃത്തിയാക്കി. യൂണിറ്റു പ്രാർത്ഥനയിലും കുരിശിന്റെ വഴിയിലും അമ്മമാർ സജീവമായി പങ്കെടുത്തു. രോഗീസന്ദർശനം നടത്തി.

**കുന്നൂർ**

മാതൃവേദിയംഗങ്ങൾ കാരമട കരുണ ഇല്ലം സന്ദർശിച്ച് 15000 രൂപ നൽകി.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി (3-5-19)**

രാവിലെ 10 മണിക്ക് എൽഡറിംഗ് ആരംഭിച്ചു. തുടർന്ന് കുരിശിന്റെ വഴിയും സ്തുതി ആരാധനയും നടത്തി. ടീം മീറ്റിംഗിൽ ഒരു മാസത്തെ ശുശ്രൂഷകളെ വിലയിരുത്തി. തുടർന്ന് ആദ്യശനി കൺവെൻഷനുള്ള ഒരുക്ക ശുശ്രൂഷകൾ നടത്തി. 6 മണിക്ക് ജാഗരണ പ്രാർത്ഥന നടത്തി. 10 മണിക്ക് സമാപിച്ചു.

**ആദ്യശനി- ( 4-05-19)**

രാവിലെ 6 മണിക്ക് സഹനജപമാലചൊല്ലി പ്രാർത്ഥിച്ചു. 8.45ന് പൊതുശുശ്രൂഷകൾ ആരംഭിച്ചു. ജപമാല പ്രദക്ഷിണം, സ്തുതി ആരാധന, എന്നിവയ്ക്ക് ശേഷം സിയോൻ ധ്യാനകേന്ദ്രം അസി. ഡയറക്ടർ റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ വചനപ്രഘോഷണവും ഡയറക്ടർ റവ. ഫാ. സോണി വാഴക്കാട്ട് വി. ബലിയും അർപ്പിച്ചു. ലഘുഭക്ഷണത്തിനുശേഷം സോണി അച്ചന്റെ നേതൃത്വത്തിൽ ആരാധന നടത്തി. 3.30 ന് ശുശ്രൂഷകൾ സമാപിച്ചു.

**രണ്ടാം ശനി (11-05-19)**

വെള്ളിയാഴ്ച വൈകിട്ട് 4 മുതൽ സ്പിരിച്ച്വൽ ഷെയറിംഗും ഒരുക്കമായി പ്രാർത്ഥനയും ആരാധനയും നടത്തി. ശനിയാഴ്ച രാവിലെ 6 മണിമുതൽ ശുശ്രൂഷകർ പ്രാർത്ഥിച്ചൊരുങ്ങി. 9.30 ന് സ്പിരിച്ച്വൽ ഷെയറിംഗ് ആരംഭിച്ചു. 45 പേർ പങ്കെടുത്തു.

**ജാഗരണം മൂന്നാം വെള്ളി ( 17-05-19)**

വൈകിട്ട് 6 മണിക്ക് കുരിശിന്റെ വഴി ആരംഭിച്ചു. തുടർന്ന് ജപമാല, കരുണകൊന്ത, മദ്ധ്യസ്ഥപ്രാർത്ഥന എന്നിവ നടത്തി. റവ.ഫാ.ജിന്റോ തട്ടുപറമ്പിൽ വചനപ്രഘോഷണവും വി. ബലിയും അർപ്പിച്ചു.

**താമസിച്ചുള്ള ധ്യാനം**

9 വ്യാഴം മുതൽ 11 ശനിയാഴ്ചവരെ രൂപതയുടെ മതബോധന വിഭാഗം, +2 പ്രൈവറ്റ് വിദ്യാർത്ഥികൾക്കായി മൂന്ന് ദിവസത്തെ താമസിച്ചുള്ള ധ്യാനത്തിന് സിയോൻ ധ്യാനകേന്ദ്രം നേതൃത്വം നല്കി. ഡയറക്ടർ റവ. ഫാ. സോണി വാഴക്കാട്ട്, റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ റവ. ഫാ. ബാബു മൂത്തേടത്ത് ബ്രദർ അഖിൽ ഉപ്പുവീട്ടിൽ, ബ്രദർ

ജോസഫ് വട്ടക്കുന്നേൽ, ബ്രദർ ബിജു, സി. അന്ന എഫ്.സി.സി. എന്നിവർ നേതൃത്വം നല്കി. 82 വിദ്യാർത്ഥികൾ പങ്കെടുത്തു. (17-19) താമസിച്ചുള്ള ദമ്പതിധ്യാനത്തിന് ഡയറക്ടർ റവ. ഫാ. സോണി വാഴക്കാട്ട് അസ്സി. ഡയറക്ടർ റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, റവ. ഫാ. ജയ്മോൻ കളമ്പുകാട്ട്, റവ. ഫാ. ബാബു മൂത്തേടം, ബ്രദർ ജോസഫ് വട്ടക്കുന്നേൽ എന്നിവർ നേതൃത്വം നല്കി.

**നാലാം ശനി - രോഗസൗഖ്യ ശുശ്രൂഷാദിനം (25-05-19)**

രാവിലെ 9.30ന് സൗഖ്യ ശുശ്രൂഷകൾക്ക് വേണ്ടിയുള്ള പ്രാർത്ഥന ആരംഭിച്ചു. ജപമാല, കുരിന്റെ വഴി, സ്തുതി ആരാധന, വി. കുർബാന എന്നിവയ്ക്ക് ശേഷം തൈലാഭിഷേക പ്രാർത്ഥന നടത്തി.

**ക്രിസ്റ്റീൻ ധ്യാനം**

(21-23) കുറുമ്പാല ഇടവകയിലും (24-27) തലഞ്ഞി ഇടവകയിലും (25-27) നടവയൽ ഇടവകയിലും (31-2) ചുങ്കക്കുന്ന് ഇടവകയിലും സിയോൻ ധ്യാനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ക്രിസ്റ്റീൻ ധ്യാനം നടത്തി.

**2019 ജൂൺ മാസത്തിലെ ശുശ്രൂഷകൾ**

| | | |
|---|---|---|
| 01-06-2019 ആദ്യശനി | - | ഏകദിന കൺവെൻഷൻ |
| 14-06-2019 രണ്ടാം വെള്ളി | - | തൂവാനീസ സംഗമം |
| 08-06-2019 രണ്ടാം ശനി | - | പൊതുസ്പിരിച്ച്വൽ ഷെയറിംഗ് |
| 21-06-2019 മൂന്നാം വെള്ളി | - | ജാഗരണ പ്രാർത്ഥന |
| 22-24 വെള്ളി-തിങ്കൾ | - | ആന്തരികസൗഖ്യ ധ്യാനം |
| 22-06-2019 നാലാം ശനി | - | രോഗസൗഖ്യശുശ്രൂഷാദിനം |

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# ജീസസ് യൂത്ത്

യേശു ക്രിസ്തുവിൽ പ്രിയപ്പെട്ട ജീസസ്‌യൂത്ത് കുടുംബാംഗങ്ങളെ,

*"യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും പ്രീതിയിലും വളർന്നു വന്നു". (ലൂക്കാ 2:52)*

പുതിയ അദ്ധ്യായന വർഷത്തിന്റെ ആരംഭത്തിലാണല്ലോ നമ്മളെല്ലാവരും. അവധിക്കാല ആലസ്യത്തിൽ നിന്ന് ഉണർന്ന് വിജയ പടവുകളിലേക്ക് കുതിച്ചുയരുവാൻ നമുക്കു സമയമായി. പഠന മേഖലയിലായിരിക്കുന്നവർക്ക് നല്ലൊരു അദ്ധ്യായന വർഷവും, അധ്വാന മേഖലയിലായിരിക്കുന്നവർക്ക് ചൈതന്യം നിറഞ്ഞ ഫലദായകമായ ദിനങ്ങളും ഈശോ നൽകട്ടെയെന്ന് ഏറെ സ്നേഹത്തോടെ പ്രാർത്ഥിക്കുകയാണ്.

സഭയിൽ പുതിയ ചൈതന്യം നിറഞ്ഞ ദിവസമാണ് പന്തക്കുസ്താദിനം. ഈ ചൈതന്യം ഓരോ ജീസസ് യൂത്തിലും നിറയുവാൻ വേണ്ടി നമുക്കു പ്രാർത്ഥിക്കാം. സഭയോടൊത്ത് ചിന്തിക്കുവാനും സഭയോടൊത്ത് പ്രവർത്തിക്കുവാനും നമുക്കു പരിശുദ്ധാത്മാവിന്റെ അനുഗ്രഹം കൂടിയേത്തീരൂ. ഓരോ ജീസസ് യൂത്തും പരിശുദ്ധാത്മാവിനാൽ നിറയുന്നതിനായി ജൂൺ 9 - പന്തക്കുസ്താദിവസത്തിൽ ഒരുമിച്ചു ചേരുകയും ദൈവത്തിനായി സ്വയം സമർപ്പിക്കുകയും ചെയ്യുന്ന ദിവസമാണ്. അന്നേ ദിവസം ജീസസ്‌യൂത്ത് സഹോദരങ്ങളെല്ലാവരും തന്നെ എത്തിച്ചേരണമെന്ന് ഏറെ സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

കഴിഞ്ഞ രണ്ടു വർഷക്കാലത്തോളം മാനന്തവാടി സോൺ ജീസസ് യൂത്ത് മുന്നേറ്റത്തെ നയിച്ച കോർഡിനേറ്റർ ബൈജു ജോസ് കൊച്ചുകുടിയിലിന്റെ നേതൃത്വത്തിലുള്ള സോണൽ കൗൺസിൽ അംഗങ്ങൾക്ക് എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നതോടൊപ്പം അവരുടെ ഭാവിജീവിതം ഐശ്വര്യപൂർണ്ണമാകട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു. ദൈവീക ശുശ്രൂഷകൾക്കായി സമയവും ആരോഗ്യവും ചിലവഴിക്കാൻ മടിയില്ലാതെ പ്രവർത്തിച്ച എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

2019-2021 വർഷത്തേക്ക് മാനന്തവാടി സോൺ ജീസസ് യൂത്തിനെ നയിക്കാനായി തിരഞ്ഞെടുക്കപ്പെട്ട കോർഡിനേറ്റർ ഡോ. ഡിനു ആൻ ഡൊമിനിക്കിന്റെ നേതൃത്വത്തിലുള്ള സോണൽ കൗൺസിൽ അംഗങ്ങൾക്ക് എല്ലാവിധ ദൈവാനുഗ്രഹങ്ങളും പ്രാർത്ഥനകളും നേരുന്നു. സോണിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ നമുക്കെല്ലാവർക്കും ഒത്തു ചേരാം, പ്രാർത്ഥിക്കാം, സഹകരിക്കാം, വചനപ്രഘോഷകരാകു

വാൻ പരിശ്രമിക്കാം, നമുക്കൊരുമിച്ച് ഈശോയൊടൊപ്പം സഞ്ചരിക്കാം. ഈശോ ദൈവത്തോടും മനുഷ്യരോടും ഒരുപോലെ സ്നേഹത്തിൽ വളർന്നതുപോലെ, നമുക്കും പരസ്പരം സ്നേഹിക്കാം, സ്നേഹത്തിൽ ജീവിക്കാം.

**ഫാ. ജെയ്മോൻ കളമ്പുകാട്ട്**
ചാപ്ലയിൻ, ജീസസ് യൂത്ത്, മാനന്തവാടി.

**കഴിഞ്ഞ മാസങ്ങളിൽ നടന്ന ശുശ്രൂഷകൾ/ പ്രോഗ്രാമുകൾ**

**റീ-കോൺസ്റ്റിറ്റ്യൂഷൻ - 2019 ഏപ്രിൽ 27**

മാനന്തവാടി മേരിമാതാ കോളേജിൽ വെച്ച് ഏപ്രിൽ മാസം 27-ാം തീയതി ശനിയാഴ്ച്ച വൈകുന്നേരം 5 മണി മുതൽ രാത്രി 10 മണി വരെ നടന്ന പുതിയ കൗൺസിൽ അംഗങ്ങളുടെ തെരഞ്ഞെടുപ്പിൽ 39 പേർ പങ്കെടുത്തു. കേരള ജീസസ് യൂത്ത് കോർഡിനേറ്റർ ഗിനീസും, കേരള ജീസസ്യൂത്ത് കൗൺസിൽ അംഗമായ സിന്റോയും പൊതു തെരഞ്ഞെടുപ്പിനു നേതൃത്വം നൽകുകയും തലശ്ശേരി സോൺ അംഗമായ ബിനോഷ് (ഇരിട്ടി) എല്ലാവരേയും തെരഞ്ഞെടുപ്പിനായി ഒരുക്കുകയും ചെയ്തു. നേരത്തെ നിർദ്ദേശിക്കപ്പെട്ടിരുന്ന 14 അംഗങ്ങളടങ്ങുന്ന പാനലിൽ നിന്നും 6 പേരെ രഹസ്യ വോട്ടെടുപ്പിലൂടെ സോണൽ കൗൺസിലിലേക്ക് തെരഞ്ഞെടുത്തു. ഈ തെരഞ്ഞെടുക്കപ്പെട്ട 6 പേരും ബഹുമാനപ്പെട്ട അച്ചനും, സിസ്റ്ററും, എൽഡറും, ഫാമിലി കോർഡിനേറ്ററും, മുൻ കോർഡിനേറ്ററും അടങ്ങുന്നതാണ് മാനന്തവാടി സോൺ ജീസസ് യൂത്ത് കൗൺസിൽ ടീം.

1. റവ. ഫാ. ജെയ്മോൻ കളമ്പുകാട്ട് - ചാപ്ലയിൻ - 9947959977
2. സിസ്റ്റർ ഷെറിൻ SABS - ആനിമേറ്റർ - 8606354287
3. ഡോ. ഡിനു ആൻ ഡൊമിനിക്ക് (കണിയാരം)-സോണൽ കോർഡിനേറ്റർ/ ക്യാമ്പസ്സ് മിനിസ്ട്രി/ഫോർമേഷൻ - 8281345039
4. വിനു മാത്യു ചാത്തംകണ്ടത്തിൽ (തവിഞ്ഞാൽ)-സോണൽ അസിസ്റ്റന്റ് കോർഡിനേറ്റർ/സെക്രട്ടറി/ഫിനാൻസ് കോർഡിനേറ്റർ - 9995 523 269
5. ബിജു ജോസഫ് അരീപ്ലാക്കൽ (പോരൂർ) - എൽഡർ - 9061228844
6. ജോബി ജോസ് കൈതമന (ദീപ്തിഗിരി)-ഫാമിലിസ്ട്രീം & സബ് - സോൺ കോർഡിനേറ്റർ/ഹൗസ് ഹോൾഡ് - 9947 147 601
7. ഷൈജു ജോസ് കൊച്ചുകുടിയിൽ (യവനാർകുളം)-പ്രോ-ലൈഫ് മിനിസ്ട്രി കോർഡിനേറ്റർ - 9497127300
8. സന്തോഷ് കുര്യൻ തേക്കുമല (പോരൂർ)-മദ്ധ്യസ്ഥ പ്രാർത്ഥന കോർഡിനേറ്റർ - 9544071168

9. റിബിൻ ബേബി കുന്നുമ്മേൽ (വെള്ളമുണ്ട)–പാരിഷ് മിനിസ്ട്രി കോർഡിനേറ്റർ – 8943995457
10. അനില ഷാജി കുമ്പളപറമ്പിൽ (വെള്ളമുണ്ട)–ടീൻസ് മിനിസ്ട്രി കോർഡിനേറ്റർ – 9747031179
11. അമല ജോസഫ് കലവനാൽ (കല്ലുമുക്ക്)–കിഡ്സ് & ഔട്ട്–റീച്ച് മിനിസ്ട്രി കോർഡിനേറ്റർ – 9544385915

**മേയ് 9 – ലീഡേഴ്സ് ഗ്യാതറിംങ്**

9–ാം തീയതി, രണ്ടാം വെള്ളിയാഴ്ച്ച വൈകുന്നേരം 6.30ന് ജപമാലയോടുകൂടി ആരംഭിച്ച് 11.30 ന് അവസാനിച്ച കൂട്ടായ്മയിൽ 29 ലീഡേഴ്സ് പങ്കെടുത്തു. ബഹു. ജെയ്മോൻ കളമ്പുകാട്ട് അച്ചൻ വിശുദ്ധ കുർബാനയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. അതോടൊപ്പം തന്നെ, പുതിയ കൗൺസിൽ അംഗങ്ങൾ ലീഡേഴ്സിനോട്, ജീസസ് യൂത്ത് മുന്നേറ്റത്തെപ്പറ്റിയുള്ള അവരവരുടെ സ്വപ്നങ്ങൾ ചോദിച്ചറിയുകയും ചെയ്തു. രാത്രിയിലെ ശുശ്രൂഷകൾക്കെല്ലാം റിബിൻ ബേബി കുന്നുമ്മേൽ നേതൃത്വം നൽകി.

**മേയ് 10 – ഏകദിന യുവജനശുശ്രൂഷ**

രണ്ടാം ശനിയാഴ്ച്ച ദ്വാരക സീയോൻ ചാപ്പലിൽ വെച്ച് ജീസസ് യൂത്ത് അംഗമായ ജോൺ ബ്രിട്ടോയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഏകദിന യുവജന ശുശ്രൂഷ രാവിലെ 9.30 ന് ജപമാലയോടുകൂടി ആരംഭിച്ച് 4.00 മണിക്ക് അവസാനിച്ചു. കുമ്പസാരത്തിനുശേഷം ദ്വാരക സിയോൻ ധ്യാനകേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ ബഹു. ജിന്റോ അച്ചൻ വചനസന്ദേശം നൽകുകയും വി.കുർബാനയർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. ബഹു. സിസ്റ്റർ ക്രിസ്റ്റി SABS യുവജനങ്ങൾക്കായി ക്ലാസ്സെടുക്കുകയും ചെയ്തു. ജീസസ് യൂത്ത് അംഗമായ അനീഷ് ഉപ്പുവീട്ടിലിന്റെ നേതൃത്വത്തിലുള്ള മാനന്തവാടി മെലോഡിയ മ്യൂസിക്ക് ടീമിലെ കുട്ടികൾ ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**നടക്കാനിരിക്കുന്ന വിവിധ ശുശ്രൂഷകൾ/പ്രോഗ്രാമുകൾ**

**ക്രിസ്റ്റീൻ ധ്യാനം – സെന്റ് തോമസ് ചർച്ച്, ദീപ്തിഗിരി.**

മാനന്തവാടി ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ദീപ്തിഗിരി സെന്റ് തോമസ് ദൈവാലയത്തിലെ സൺഡേ സ്കൂളിലെ 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി മേയ് മാസം 31 (വെള്ളിയാഴ്ച്ച) രാവിലെ 9 മണി മുതൽ ജൂൺ മാസം 2 (ഞായറാഴ്ച്ച) വൈകുന്നേരം 4 മണി വരെ ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെടുന്നു.

**ജീസസ് യൂത്ത് നാഷണൽ കോൺഫറൻസ് – ബാംഗ്ലൂർ**

ജൂൺ മാസം 1, 2 തീയതികളിൽ ബാംഗ്ലൂരിൽ (Asirvanam Benedictine Monastery) വെച്ച് നടത്തപ്പെടുന്ന ജീസസ് യൂത്ത് നാഷണൽ കോൺഫറൻസിലേക്കായി മാനന്തവാടി സോണിൽ നിന്നും അമൽ സെബാസ്റ്റ്യൻ അരീപ്ലാക്കൽ തെരഞ്ഞെടുക്കപ്പെട്ടു.

**ജൂൺ 5 – മാനന്തവാടി സോണൽ ജീസസ് യൂത്ത് കൗൺസിൽ മീറ്റിംഗ്**

ഒരുമിച്ചിരുന്നു പ്രാർത്ഥിച്ചൊരുങ്ങുവാനും, ആശയങ്ങൾ പങ്കുവെയ്ക്കുവാനും, പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനുമായി ജൂൺ 5 (ബുധനാഴ്ച്ച) രാവിലെ 9 മണി മുതൽ രാത്രി 8 മണി വരെ സോണൽ കൗൺസിൽ മീറ്റിംഗ് നടത്തപ്പെടുന്നു.

**ലീഡേഴ്സ് ഗ്യാതറിങ് – ജൂൺ 8**

മാനന്തവാടി സോൺ ജീസസ് യൂത്ത് മുന്നേറ്റത്തിൽ നിലവിൽ ശുശ്രൂഷ ചെയ്തുവരുന്ന എല്ലാ ലീഡേഴ്സിന്റേയും ഒരു കൂട്ടായ്മ ജൂൺ മാസം 8–ാം തീയതി വൈകുന്നേരം 6.30 മുതൽ രാത്രി 11.30 വരെ ദ്വാരക സീയോൻ വട്ടചാപ്പലിൽ വെച്ച് നടത്തപ്പെടുന്നു. പിറ്റേ ദിവസം നടത്തപ്പെടുന്ന സോണൽ റീ–കമിറ്റ്മെന്റ് പ്രോഗ്രാമിലെ വിവിധ ശുശ്രൂഷകൾക്ക് വേണ്ടി പ്രാർത്ഥിച്ചൊരുങ്ങുന്ന ഈ നൈറ്റ് വിജിലിൽ വിശുദ്ധ കുർബാന, ക്ലാസ്സ്, ദിവ്യകാരുണ്യ ആരാധന എന്നിവ ഉണ്ടായിരിക്കുന്നതാണ്.

**ജൂൺ 9 – റീ–കമിറ്റ്മെന്റ് പ്രോഗ്രാം**

നിലവിൽ ജീസസ് യൂത്ത് മുന്നേറ്റത്തിലൂടെ ദൈവിക ശുശ്രൂഷയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട ജീസസ് യൂത്ത് അംഗങ്ങൾ, തങ്ങൾ ഇതിനു മുൻപ് തങ്ങളെ തന്നെ ദൈവത്തിനു സമർപ്പിച്ച ദിവസത്തെ പുതുക്കുവാനും, നിലവിൽ ജീസസ് യൂത്ത് മുന്നേറ്റത്തിലുള്ളവരും എന്നാൽ ദൈവത്തിനായി സമർപ്പണം നടത്താൻ സാധിക്കാത്തവർക്ക് അതിനായി പ്രാർത്ഥിച്ചൊരുങ്ങുവാനുമായി ജൂൺ മാസം 9–ാം തീയതി (ഞായറാഴ്ച്ച) ദ്വാരക സീയോൻ ചാപ്പലിൽ വെച്ച് റീ–കമിറ്റ്മെന്റ് പ്രോഗ്രാം (സമർപ്പണ–പുനരർപ്പണ ശുശ്രൂഷ) നടത്തപ്പെടുന്നു. അന്നേ ദിവസത്തെ മുഴുവനുമുള്ള പ്രാർത്ഥനയിലൂടെയും ശുശ്രൂഷകളിലൂടെയും ദൈവത്തോടും ജീസസ് യൂത്ത് മുന്നേറ്റത്തോടുമുള്ള തങ്ങളുടെ പ്രതിബദ്ധത ദൈവകരങ്ങളിൽ ലീഡേഴ്സ് സമർപ്പിക്കുന്നു.

**ഡോ.ഡിനു ആൻ ഡൊമിനിക്ക്**
സോണൽ കോ–ഓർഡിനേറ്റർ ജീസസ് യൂത്ത്, മാനന്തവാടി.
ഫോൺ : 8281 345 039

**നീർത്തട വികസന പദ്ധതിയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും**

നബാർഡ് ഈ വർഷം മുതൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സമഗ്ര നീർത്തട വികസന പദ്ധതിയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയേയും ഉൾപ്പെടുത്തി. വയനാട്, കാസർഗോഡ്, പാലക്കാട് ജില്ലകളിൽ അടുത്ത നാലു വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന 52 നീർത്തട വികസന പദ്ധതികളിൽ 02 നീർത്തട വികസന പദ്ധതികൾ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ആണ് നടപ്പിലാക്കുന്നത്. വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിലെ മട്ടിലയം, പൊർലോം നീർത്തട വികസന പദ്ധതികൾ ഈ മാസം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് നബാർഡ് ഓഫീസിൽ നടന്ന ആസൂത്രണ യോഗത്തിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്. പി. എ. പങ്കെടുത്തു.

**പ്രകൃതിദത്ത ജല സ്രോതസുകളിലൂടെ കുടിവെള്ളം ഉറപ്പുവരുത്തി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി**

പ്രളയ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് കുടിവെള്ളം രൂക്ഷമായ പ്രദേശങ്ങളിൽ പ്രകൃതിദത്ത ജലസ്രോതസുകൾ സംരക്ഷിച്ചുകൊണ്ട് കുടിവെള്ളം ഉറപ്പുവരുത്തുന്ന പദ്ധതിക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തുടക്കം കുറിച്ചു. വയനാട്ടിൽ സുലഭമായിട്ടുള്ള തലകുളങ്ങൾ, കേണികൾ എന്നിവ പുനഃരുജ്ജീവിപ്പിച്ച് ശുദ്ധവും സുരക്ഷിതവുമായ കുടിവെള്ളം കുറഞ്ഞ ചെലവിൽ വളരെ വേഗം നൽകുവാനാണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ലക്ഷ്യം വെക്കുന്നത്. പ്രളയത്തിൽ തകർന്നുപോയ തലകുളങ്ങൾ, കേണികൾ എന്നിവ കണ്ടെത്തി, ജനകീയ പങ്കാളിത്തത്തോടെ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്ത് പ്രദേശത്ത് സുലഭമായി ലഭിക്കുന്ന കാട്ടുകല്ല് ഉപയോഗിച്ച് കെട്ടി സംരക്ഷിക്കുകയാണ് ഈ പദ്ധതിയിലൂടെ ചെയ്യുന്നത്. വളരെ വേഗത്തിൽ പൂർണമായ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്ന ഈ പദ്ധതിയും ഏറെ ശ്രദ്ധേയമായി കഴിഞ്ഞു. കാരിത്താസ് ഇന്ത്യ

യുടെ അതിജീവനം പദ്ധതിയിൽ ഉൾപ്പെടുത്തി 40 തലകുളങ്ങൾ/ കേണികൾ പുനഃരുദ്ധരിക്കാനാണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ലക്ഷ്യമിടുന്നത്. പദ്ധതി പ്രവർത്തനങ്ങൾക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ്.പി.എ. കോഓർഡിനേറ്റർ ചാക്കോ എൻ.ജെ എന്നിവർ നേതൃത്വം നൽകുന്നു.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ പരിപാടിയുടെ ഭാഗമായി കുടുംബോദ്ധാരണ പ്രവർത്തനങ്ങൾ ഭംഗിയായി മുന്നേറുന്നു. ഈ മാസം പുതിയതായി 5 കുടുംബങ്ങളെ ഈ പദ്ധതിയിൽ ചേർത്തിട്ടുണ്ട്. ഈ മാസം 14-16 തീയതികളിൽ എറണാകുളം-സേവ് എ ഫാമിലി ഇന്ത്യാ ഓഫീസിൽ വച്ചു നടത്തിയ വാർഷിക സമ്മേളനത്തിലും കോഓർഡിനേറ്റേഴ്സിന്റെ ട്രെയിനിംഗിലും രൂപതാ സേവ് എ ഫാമിലി കോ-ഓർഡിനേറ്റർ സി. അനിലിറ്റ് എഫ്.സി.സി. പങ്കെടുത്തു.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

**മെയ്ദിനാഘോഷം**

ലോകമെമ്പാടുമുള്ള തൊഴിലാളികളുടെ അവകാശ പോരാട്ടത്തിന്റെ സ്മരണദിനമായി മെയ് 1 ആചരിച്ചു വരുന്നു.

മെയ്ദിനത്തിൽ WSSS ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ മെയ്ദിനാഘോഷ പരിപാടിയിൽ 'തൊഴിൽ നിയമവും തൊഴിലാളികളുടെ അവകാശവും' എന്ന വിഷയത്തെ ആസ്പദമാക്കി അഡ്വ. ജോസഫ് തറപ്പേൽ ക്ലാസ്സെടുത്തു. 62 തൊഴിലാളി സുഹൃത്തുക്കൾ പങ്കെടുത്തു. KLM രൂപതാ പ്രസിഡണ്ട് ശ്രീ. ബിജു പോൾ, വൈസ് പ്രസിഡണ്ട് സിസിലി മാത്യു, സെക്രട്ടറി ബിജു മരോട്ടിക്കൽ, എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീ. പൈലി, ആലീസ്, ഷീന എന്നിവർ പങ്കെടുത്തു. കോ-ഓർഡിനേറ്റർ മിനി നേതൃത്വം കൊടുത്തു.

**സോണൽ മീറ്റിംഗ്**

9-5-2019 ന് WSSS ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന കേരളാ ലേബർ മൂവ്മെന്റിന്റെ സോണൽ മീറ്റിംഗിൽ താമരശ്ശേരി, മാനന്തവാടി, കണ്ണൂർ, കോഴിക്കോട് രൂപതകളിലായി 19 പേർ പങ്കെടുത്തു.

മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ ഉദ്ഘാടനം ചെയ്തു. KLM സംസ്ഥാന ഡയറക്ടർ റവ. ഫാ. പ്രസാദ് കണ്ടത്തിൻപറമ്പിൽ, സംസ്ഥാന പ്രസിഡണ്ട് ശ്രീ. ഷാജു ആന്റണി, ജനറൽ സെക്രട്ടറി തോമസ് കുരിശിങ്കൽ, ശ്രീ. സെബാസ്റ്റ്യൻ പാലം പറമ്പിൽ, സംസ്ഥാന സെക്രട്ടറി ശ്രീ. ജോസ് മാത്യു, WSSS ഡയറക്ടർ ഫാ. പോൾ കൂട്ടാല എന്നിവർ സന്നിഹിതരായിരുന്നു.

എല്ലാ രൂപതകളും റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ചർച്ച ചെയ്ത് കാര്യങ്ങൾ തീരുമാനിക്കുകയും ചെയ്തു. ഫാ. പോൾ കൂട്ടാല സ്വാഗതം പറഞ്ഞ മീറ്റിംഗിൽ സംസ്ഥാന ഡയറക്ടർ അദ്ധ്യക്ഷത വഹിക്കുകയും ശ്രീ. ജോസ് മാത്യു നന്ദി പറയുകയും ചെയ്തു.

**ജീവസ്**

ജീവസ് ജീവകാരുണ്യ മെഡിക്കൽ പദ്ധതി മാനന്തവാടി രൂപതയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന പദ്ധതിയാണ്. ഈ പദ്ധതി ആരംഭിച്ചിട്ട് 2-ാം വർഷത്തിൽ 3000 കുടുംബങ്ങൾ അംഗത്വമെടുത്തു. ഇതുവരെ ഈ സാമ്പത്തിക വർഷത്തിൽ 30 ക്ലയിമുകൾ ലഭിച്ചു.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിൽ ഏപ്രിൽ മാസവും മികവുറ്റ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ സാധിച്ചു. ഫീൽഡ് കോർഡിനേറ്റർമാരായി ശ്രീ. ജിജിമോൻ (ബയോനെല്ലാക്കോട്ട, ബയോ ചേരങ്കോട്, ബയോ ഒവ്വാലി), ശ്രീമതി സിജി (ബയോ മുള്ളൻകൊല്ലി, ബയോ പുൽപ്പള്ളി), പ്രൊഡക്ഷൻ സൂപ്പർവൈസറായി ശ്രീ. അരുൺ എന്നിവർ പുതിയ അംഗങ്ങളായി എത്തുകയും ബയോ മുട്ടിൽ ICS ഫീൽഡ് ഓഫീസറായിരുന്ന ശ്രീമതി ഷാലി പിരിഞ്ഞു പോവുകയും ചെയ്തു.

**ജൈവകൃഷി-ശാസ്ത്രീയ രീതിയിൽ : പരിശീലന ശിബിരങ്ങൾ**

കർഷകരെ ജൈവകൃഷി രീതീയുമായി ആഭിമുഖ്യമുള്ളവരാക്കുവാനും ജൈവ വളങ്ങൾ ശാസ്ത്രീയ രീതിയിൽ ഉണ്ടാക്കി കൃഷിയിടങ്ങളിൽ ഉപയോഗിക്കുവാൻ പ്രാപ്തക്കുന്നതിനുമായി ബയോവിന്റെ ആഭിമുഖ്യത്തിൽ ബോസ്പര, തെനേരി, കൊളവയൽ, കല്ലുവയൽ എന്നിവിടങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കുകയും, കുമാരി ലീമ, ശ്രീ. സജി, ശ്രീ. അമീഷ് എന്നിവർ ക്ലാസ്സുകൾ നയിക്കുകയും ചെയ്തു. ബയോവിൻ അഗ്രോ റിസേർച്ച് ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ, പർച്ചേസ് മാനേജർ ശ്രീ. ഷാജി ജോസ്, ICSകോഓർഡിനേറ്റർ ശ്രീ. സെബാസ്റ്റ്യൻ പി.ജെ, ഫീൽഡ് കോഓർഡിനേറ്റർമാർ എന്നിവർ യോഗങ്ങളിൽ പങ്കെടുക്കുകയും കർഷകരുടെ സംശയങ്ങൾക്ക് മറുപടി പറയുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു.

**റീജിണൽ മീറ്റിംങ്:കഫേ ഗ്രൂപ്പ് ലീഡേഴ്സ്**

കഫെയുടെ വിവിധ മേഖലകളിലെ ഗ്രൂപ്പ് ലീഡേഴ്സിന് വേണ്ടിയുള്ള റീജിണൽ മീറ്റിംങ്ങുകൾ ഏപ്രിൽ മാസം 24, 25, 26, 27 തീയതികളിലായി മാനന്തവാടി, പുൽപ്പള്ളി, കൽപ്പറ്റ, ബത്തേരി, പാട്ടവയൽ എന്നിവിടങ്ങളിലായി നടത്തി. 250 ഓളം കർഷക ഗ്രൂപ്പ് ലീഡർമാർ യോഗങ്ങളിൽ പങ്കെടുത്തു. ബയോവിൻ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ മുഖ്യ പ്രഭാഷണം നടത്തുകയും കർഷകരുടെ

പ്രശ്നങ്ങൾ കേട്ട് പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. പർച്ചസ് മാനേജർ ശ്രീ. ഷാജി ജോസ്, ICSകോഓർഡിനേറ്റർ ശ്രീ. സെബാസ്റ്റ്യൻ പി. ജെ. എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി യോഗങ്ങളിൽ സംസാരിച്ചു.

ലാക്കോൺ ഇൻസ്പെക്ഷൻ: WSSS നെല്ലാക്കോട്ട ICS ൽ സർട്ടിഫിക്കേഷന്റെ ഭാഗമായി ഒരു ഷോർട്ട് ഇൻസ്പെക്ഷൻ നടക്കുകയും ലാക്കോൺ ഓഡിറ്റർ ശ്രീ. അനൂപ് കൃഷിയിടങ്ങൾ സന്ദർശിക്കുകയും ചെയ്തു. 21 കർഷകരുടെ കൃഷിയിടങ്ങളിലാണ് പരിശോധന നടന്നത്.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കർഷക ഗ്രൂപ്പുകളിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ 168 ഗ്രൂപ്പുകളിൽ നടക്കുകയും തിരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പുകളിൽ റീജിയണൽ കോർഡിനേറ്റർമാർ, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ പങ്കെടുക്കുകയും കർഷക ഭവനങ്ങളും കൃഷിയിടവും സന്ദർശിക്കുകയും ചെയ്തു.

**പുതിയ അംഗത്വം**

പുതിയ വർഷം കൂടുതൽ കർഷകരെ ജൈവകൃഷി രീതിയിലേക്ക് കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോട് കൂടി വിവിധ റീജിയനുകളിൽ നിന്നും 389 കർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തി.

**ജൈവ വളം വിതരണം**

പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് ജൈവ വളങ്ങൾ വിതരണം ചെയ്യുന്നതിനായി വിവിധ കമ്പനികളുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയും ഗുണമേന്മയുള്ള വേപ്പിൻ പിണ്ണാക്ക്, സ്വീറ്റ് പൊട്ടാഷ്, എല്ലുപൊടി എന്നീ ഉത്പ്പന്നങ്ങൾ വിതരണം നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

**കാപ്പി തൈ നേഴ്സറി**

വോഫെയിൽ അംഗങ്ങളായ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി C*R ഇനത്തിൽപ്പെട്ട കാപ്പി പരിപ്പ്, കോഫി ബോർഡിൽ നിന്നും വാങ്ങുകയും ജൂലൈ മാസത്തോടെ കർഷകരിലേക്ക് എത്തിക്കാവുന്ന രീതിയിൽ രണ്ടു ലക്ഷത്തോളം തൈകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

**സംഭരണം**

ഓർഗാനിക് സ്റ്റാറ്റസിൽ എത്തിയ വൊഫയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ഏപ്രിൽ മാസം ഉണക്ക കാപ്പി കിലോയ്ക്ക് 88 രൂപ നിരക്കിൽ 211200 കിലോയും കുരുമുളക് കിലോയ്ക്ക് 395 രൂപ

നിരക്കിൽ 9500 കിലോയും സംഭരിച്ചു. പദ്ധതിയിൽ അംഗങ്ങളായ ഒന്ന്, രണ്ട്, മൂന്ന്, വർഷക്കാരിൽ നിന്നും, കഫെയിൽ അംഗങ്ങളായ കർഷ കരിൽ നിന്നുമായി 165800 കിലോ ഉണക്ക കാപ്പി കിലോഗ്രാമിന് 73 രൂപ നിരക്കിൽ സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധ നവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസ സ്സിംഗ് സെന്റർ ഏപ്രിൽ മാസത്തിലും കാപ്പി, മഞ്ഞൾ, കുരുമുളക് തുട ങ്ങിയവ സംസ്കരിക്കുകയും ഇതിനായി 750 തൊഴിൽ ദിനങ്ങൾ ഉപ യോഗപ്പെടുത്തുകയും ചെയ്തു. മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ബയോ വിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാ നുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോറിസർച്ച്

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

ദൈവകൃപയാൽ നീലഗിരി ഡവലപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ സുഗമമായി നടന്നു വരുന്നു. യൂണിറ്റ് മീറ്റിംഗുകളും മേഖലാ ഇവാലുവേഷൻ മീറ്റിംഗും വഴി അംഗങ്ങളെ സജീവമായി മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കുന്നു.

എല്ലാ യൂണിറ്റുകളും പൊതുപ്രവർത്തന രംഗത്തും തനത് പ്രവർത്തനരംഗത്തും ഊർജ്ജസ്വലമായി പ്രവർത്തിച്ച് വരുന്നു. ഈ മാസത്തെ ടാർജറ്റായി എല്ലാ സംഘങ്ങളും യൂണിറ്റുകളും ഓഡിറ്റ് പൂർത്തിയാക്കി ഓഡിറ്റ് റിപ്പോർട്ടുമായി മേഖലാ ഇവാലുവേഷൻ മീറ്റിംഗിൽ പങ്കെടുക്കണം എന്ന് നിർദ്ദേശിച്ചു.

**ജൈവകൃഷി**

ശ്രീമധുര, ദേവർഷോല പഞ്ചായത്തുകളിലെ 400 കർഷകരെ ഒരു സംഘമായി രൂപീകരിച്ച് നീലഗിരി രജിസ്റ്റർ ഓഫീസിൽ രജിസ്റ്റർ ചെയ്യാനുള്ള വർക്കുകൾ നടന്നുവരുന്നു.

ഓരോ മാസവും പ്രവർത്തനങ്ങൾ വിലയിരുത്തുകയും പോരായ്മകൾ പരിഹരിക്കുകയും ചെയ്തുകൊണ്ട് സംഘടനയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ ദൈവം കൃപ നല്കട്ടെ എന്ന പ്രാർത്ഥനയോടെ നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി ഓരോ ചുവടും ആത്മവിശ്വാസത്തോടെ മുന്നോട്ട് നീങ്ങുന്നു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudallur

**കത്തോലിക്ക കോൺഗ്രസ്സ് ഗ്ലോബൽ സമിതിയുടെ കർമ്മപദ്ധതി യിലെ വിവിധ സമിതികൾ രൂപീകരിച്ചു. സമിതിയുടെ പേരുവിവര ങ്ങൾ താഴെ ചേർക്കുന്നു.**

1. പഞ്ചായത്തിലെ സമിതി, 2. ഹരിത സമൃദ്ധി, 3. കാർഷിക പ്രതി സന്ധികൾ, 4. സാമ്പത്തിക സംവരണം, 5. റോഡുസുരക്ഷ പ്രവർത്ത നങ്ങൾ, 6. ലീഡർഷിപ്പ് ട്രെയിനിംഗ്, 7. പ്രവർത്തനഫണ്ട്, 8. ക്ലീൻഹോം – ക്ലീൻസിറ്റി, 9. പരിസ്ഥിതി സംരക്ഷണം, 10. ശതാബ്ദി സുവനീർ, 11. വിവിധ ദിനാചരണങ്ങൾ, 12. യൂണിറ്റ് സന്ദർനങ്ങൾ, യൂണിറ്റ് യോഗ ങ്ങൾ, 13. മെമ്പർഷിപ്പ് ക്യാമ്പയിൻ, 14. മാധ്യമസമിതി

രൂപതാ തലത്തിലും ഫൊറോനാതലത്തിലും മുകളിൽ പറഞ്ഞി ട്ടുള്ള സമിതികൾ രൂപീകരിക്കേണ്ടതുണ്ട്. ഫൊറോനാതലത്തിൽ നിന്നും ഇടവകാതലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവരെ ഉൾപ്പെ ടുത്തി വിവിധ സമിതികൾക്ക് രൂപം കൊടുക്കണം.

**മാധ്യമപരിശീലന ക്യാമ്പ് (ഫോക്കസ്)**

കത്തോലിക്ക കോൺഗ്രസ് മാധ്യമസമിതി പാലാരിവട്ടം പി.ഒ.സി. യിൽ സംഘടിപ്പിച്ച മാധ്യമ പരിശീലന ക്യാമ്പിൽ ഇന്ത്യയിലെ വിവിധ രൂപതകളിൽ നിന്നുള്ള മാധ്യമപ്രവർത്തകർ പങ്കെടുത്തു. ഹൈക്കോ ടതി മുൻജഡ്ജ് ജസ്റ്റിസ് എബ്രഹാം മാത്യു ഉദ്ഘാടനം ചെയ്ത ശില്പ ശാലയിൽ ഫാ. ബോബി അലക്സ് കണ്ണംപ്ലാക്കൽ, ജോണി ലൂക്കോസ്, ഡോ. ഫ്രാൻസീസ് കാരക്കാട്ട് SDB എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു.

കത്തോലിക്ക കോൺഗ്രസ്സ് പ്രസിഡണ്ട് അഡ്വ. ബിജു പറയനിലം അധ്യക്ഷതവഹിച്ച യോഗത്തിൽ മാധ്യമ ഫോറത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ സീറോമലബാർ സഭ യിലെ വിവിധ രൂപതകളെ 6 മേഖലകളായി തിരിച്ച് മേഖല സമിതി കൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കു വാൻ കൺവീനർമാരേയും സെക്രട്ടറിമാരേയും ചുമതലപ്പെടുത്തി.

**പരിശീലന ക്യാമ്പിൽ രൂപീകരിച്ച കർമ്മപദ്ധതികൾ ചുവടെ കൊടു ക്കുന്നു.**

1. എല്ലാ യൂണിറ്റിൽ നിന്നും (ഇടവക) ഒരു പ്രതിനിധിയെ വീതം ഉൾപ്പെടുത്തിക്കൊണ്ട് രൂപതാ തലത്തിൽ മീഡിയാ ഫോറം രൂപീ കരിക്കുക.
2. രൂപത ജനറൽ കൗൺസിലിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 10 അംഗങ്ങളെ ഉൾപ്പെടുത്തി മേഖലാ ഫോറം രൂപീകരിക്കുക.

3. എല്ലാ രൂപതയിൽ നിന്നും കേന്ദ്ര സമിതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന 3 അംഗങ്ങളും മേഖല, കേന്ദ്രസമിതികളുടെ ചുമതല വഹിക്കുന്നവരും രൂപത മാധ്യമ സമിതിയിൽ അംഗങ്ങളായിരിക്കും.
4. കേന്ദ്രസമിതിയുടേയും മേഖലാകൗൺസിലിന്റേയും നേതൃത്വത്തിൽ പത്രപ്രവർത്തനരംഗത്ത് പരിചയമുള്ളവരെ ഉൾപ്പെടുത്തി രൂപത-ഫൊറോന തലത്തിൽ മാധ്യമസമിതിയിലെ അംഗങ്ങൾക്ക് പരിശീലനം നൽകുക.
5. കേന്ദ്രസമിതിയിൽ നിന്നുള്ള നിർദ്ദേശങ്ങൾ ഇടവകതലത്തിൽ എത്തിക്കുന്നതിന് ഓരോ ഇടവകയും കേന്ദ്രീകരിച്ച് വാട്സാപ് ഗ്രൂപ്പുകൾ രൂപീകരിക്കുക.
6. ചങ്ങനാശ്ശേരി, എറണാകുളം, തൃശ്ശൂർ, തലശ്ശേരി, രാമനാഥപുരം, ഫരിദാബാദ് എന്നിവയാണ് സമിതികൾ.
7. മാധ്യമ ലോകത്തെ നീക്കങ്ങളെ കൃത്യമായി വീക്ഷിക്കാനും വിലയിരുത്തുവാനും വിജിലൻസ് സെൽ രൂപീകരിക്കുക.
8. നവമാധ്യമങ്ങൾ പരിചിതമില്ലാത്തവർക്ക് ആവശ്യമായ പരിശീലനം നൽകി സോഷ്യൽ മീഡിയ ലിറ്ററസി ക്യാമ്പിൽ നടത്തുക.
9. പ്രാദേശികമാധ്യമപ്രവർത്തകരെ ഉൾപ്പെടുത്തി മാധ്യമ സൗഹൃദ സായാഹ്നങ്ങൾ നടത്തുക.
10. രൂപതാ കൗൺസിലുകളുടേയും മേഖലാ കൗൺസിലുകളുടേയും തീരുമാനങ്ങൾ അതാതുമാസം കേന്ദ്രസമിതിയിൽ അറിയിക്കുക. നമ്മുടെ രൂപതയിൽ നിന്നും ശില്പശാലയിൽ പങ്കടുത്തവർ - ഡോ. കെ.പി. സാജു, ജെയിംസ് മറ്റത്തിൽ, ശ്രീമതി മോളി കരിമ്പനാക്കുഴി, ശ്രീമതി ലൗലി ഇല്ലിക്കൽ തുടങ്ങിയവരാണ്.

**ജെയിംസ് മറ്റത്തിലിന് അഭിനന്ദനങ്ങൾ**

തലശ്ശേരി മേഖലാ മാധ്യമസമിതി സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ജെയിംസ് മറ്റത്തിലിന് രൂപതസമിതിയുടെ അഭിനന്ദനങ്ങളും ആശംസകളും

**ചർച്ച് ബിൽ - ജാഗ്രതാ സെമിനാറുകൾ**

യൂണിറ്റ് തലത്തിലും ഇടവകതലത്തിലും ചർച്ച് ബിൽ പഠന - ബോധവല്ക്കരണ - ജാഗ്രതാപരിപാടികൾ സംഘടിപ്പിക്കുന്നതിന് യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകണമെന്ന് അറിയിക്കട്ടെ. ഇതിനോടകം സെമിനാറുകൾ, ചർച്ചകൾ സംഘടിപ്പിക്കുന്നതിന് നേതൃത്വം കൊടുത്ത യൂണിറ്റ് ഭാരവാഹികളേയും ബഹു. വൈദീകരേയും അഭിനന്ദിക്കുന്നു. കൂടുതൽ ജാഗ്രത പാലിക്കുവാൻ ശ്രദ്ധിക്കുക.

## ക്രൈസ്തവർ വംശനാശത്തിനരികെ - ബ്രിട്ടീഷ് കമ്മീഷന്റെ റിപ്പോർട്ട്

ലോകമെങ്ങുമായി നടക്കുന്ന ക്രൈസ്തവപീഡനം ക്രിസ്ത്യാനികളെ വംശനാശത്തിന്റെ പടിക്കലെത്തിച്ചിരിക്കുകയാണെന്ന് പഠനഫലം. ബ്രിട്ടീഷ് സർക്കാരിന്റെ നിർദ്ദേശപ്രകാരം ഫോറിൻ സെക്രട്ടറി ജെറമിഹണ്ട് കമ്മീഷൻ ചെയ്ത ട്രൂറോയിലെ ആംഗ്ലിക്കൻ മെത്രാനായ ഫിലിപ്പ് മൗസ്റ്റെഫെൻ നടത്തിയ പഠനമാണ് ഈ ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്തു കൊണ്ടുവന്നിരിക്കുന്നത്. വികലമായ രാഷ്ട്രീയ നയങ്ങളാണ് ക്രിസ്ത്യാനികൾക്കുണ്ടായ ദുരവസ്ഥയുടെ കാരണമായി ജെറമിഹണ്ട് ചൂണ്ടിക്കാട്ടുന്നത്.

ക്രിസ്ത്യാനികൾക്കെതിരായ പീഡനത്തിൽ അതാത് രാജ്യങ്ങൾ മൗനം പാലിക്കുന്നതിനെ ബ്രിട്ടീഷ് ഫോറിൻ സെക്രട്ടറി കടുത്തഭാഷയിലാണ് വിമർശിച്ചത്. “ലോകമെമ്പാടുമുള്ള ക്രിസ്ത്യാനികൾ വേട്ടയാടപ്പെട്ടപ്പോൾ നമ്മൾ ഉറങ്ങുകയായിരുന്നു. ട്രൂനേയിലെ മെത്രാന്റെ ഈ റിപ്പോർട്ട് മാത്രമല്ല. ഇക്കഴിഞ്ഞ ഈസ്റ്റർ ദിനത്തിൽ ശ്രീലങ്കയിൽ സംഭവിച്ചത് നമ്മളെ ഉണർത്തുകയും ഞെട്ടിപ്പിക്കുകയും ചെയ്തിരിക്കുന്നു” ഹണ്ട് പറഞ്ഞു. ഇക്കാര്യം തുറന്നുപറയുവാനുള്ള ധൈര്യം രാഷ്ട്രീയക്കാർ കാണിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മറ്റേത് മതവിഭാഗങ്ങളേക്കാളുമധികം ക്രിസ്ത്യാനികളാണ് ആഗോളതലത്തിൽ വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുന്നതെന്ന് റിപ്പോർട്ടിൽ പറയുന്നു. 2013-ൽ 15 ലക്ഷമായിരുന്ന പലസ്തീനിയിലെ ക്രിസ്ത്യാനികളുടെ എണ്ണം ഇപ്പോൾ വെറും 1,20,000-ൽ താഴെയാണ്. ക്രൈസ്തവരുടെ വിശ്വാസത്തിനെതിരായ പീഡനം അതിവേഗത്തിൽ വളർന്നുകൊണ്ടിരിക്കുകയാണെന്ന് തെളിവുകൾ ചൂണ്ടിക്കാട്ടുന്നതായി ബിഷപ്പ് മൗസ്റ്റെഫെൻ പറഞ്ഞു. മധ്യപൂർവ്വേഷ്യയിൽ 20 ശതമാനമായിരുന്ന ക്രിസ്ത്യൻ ജനസംഖ്യ ഇപ്പോൾ വെറും 5 ശതമാനമായി ചുരുങ്ങിയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഫിലിപ്പ് മൗസ്റ്റെഫെന്റെ ഇടക്കാലറിപ്പോർട്ട് ആഗോളതലത്തിൽ വലിയ ചർച്ചകൾക്ക് വഴിതെളിയിക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

കഴിഞ്ഞ ഈസ്റ്റർ ദിനത്തിൽ ശ്രീലങ്കയിൽ സംഭവിച്ചതുപോലെ ഒരിടത്തും സംഭവിക്കാതിരിക്കാൻ നമുക്കും ജാഗ്രതപുലർത്താം.

**അനുശോചനവും പ്രാർത്ഥനയും**

താമരശ്ശേരി രൂപത കത്തോലിക്ക കോൺഗ്രസ് ട്രഷറർ ശ്രീ. ജോസ് തോമസ് കുന്നേൽ സാറിന്റെ ആകസ്മികമായ വിയോഗത്തിൽ (മുത്തങ്ങയിൽവെച്ചുണ്ടായ അപകടം) മാനന്തവാടി രൂപത സമിതിയുടെ അനുശോചനവും പ്രാർത്ഥനയും.

**വർക്കി നിരപ്പേൽ**

രൂപതാ ജനറൽ സെക്രട്ടറി

**നിറവിന്റെ പത്താണ്ട്**

ശബ്ദംകൊണ്ട് വയനാടൻ ജനതയ്ക്ക് കരുത്തു പകർന്ന് കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി പ്രക്ഷേപണത്തിന്റെ പത്ത് വർഷം പൂർത്തിയാക്കുകയാണ്. അറിവ് പകർന്ന് ആസ്വാദ്യതയും അനുഭൂതിയും നിറച്ച് എന്നും ശ്രോതാക്കൾക്കൊപ്പമായിരുന്നു റേഡിയോ മാറ്റൊലി. വയനാടിന്റെ പോയ പത്ത് വർഷത്തെ ചരിത്രത്തിൽ ഒട്ടും ചെറുതല്ലാത്ത പങ്ക് റേഡിയോ മാറ്റൊലിക്ക് അവകാശപ്പെടാനാകും. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകന്ന് കഴിയുന്നവർക്ക് വേണ്ടി മാത്രം പ്രവർത്തിച്ചു എന്നുള്ളതാണ് ഈ മാധ്യമപ്രസ്ഥാനത്തെ എന്നും വേറിട്ടതാക്കുന്നത്. മാറ്റൊലിയുടെ നേട്ടം, നിങ്ങൾ ഓരോരുത്തരുടേയും കൂടിയാണ്. അതുകൊണ്ട് തന്നെ നിറവിന്റെ, മികവിന്റെ പത്ത് വയസ്സ് പൂർത്തിയാക്കുന്ന ഈ വേളയിൽ ഏവർക്കും ഹൃദയം നിറഞ്ഞ നന്ദി.

2019 ജൂൺ ഒന്നിന് രാവിലെ പത്ത് മുതൽ ദ്വാരക കോർപ്പറേറ്റ് എജുക്കേഷൻ ഏജൻസി ഓഫീസ് ഓഡിറ്റോറിയത്തിൽ ആണ് പത്താം വാർഷികാഘോഷ പരിപാടി നടക്കുന്നത്. വൊളണ്ടിയേഴ്സ് സംഗമം, പഴയകാല മാറ്റൊലി പ്രവർത്തകരുടെ സംഗമം, മാറ്റൊലിക്കൂട്ടം -ശ്രോതാക്കൾ-മുൻ സ്റ്റാഫ് സംഗമം, കിടപ്പുരോഗികൾക്കുള്ള റേഡിയോ സെറ്റ് വിതരണ ഉദ്ഘാടനം, ആദരിക്കൽ, പുതിയ പ്രോഗ്രാം ലോഞ്ചിംഗ്, മാധ്യമ പുരസ്കാരദാനം, സുവനീർ പ്രകാശനം എന്നിവ പരിപാടിയുടെ ഭാഗമായി നടക്കും.

**അഭിനന്ദനങ്ങൾ**

രൂപതാ മീഡിയ കമ്മീഷൻ ഡയറക്ടറായി അധിക ചുമതല ഏറ്റെടുത്ത റേഡിയോ മാറ്റൊലി അസിസ്റ്റന്റ് ഡയറക്ടർ ഫാ. മനോജ് കാക്കോനാലിന് അഭിനന്ദനങ്ങൾ.

**കാവലാൾ**

സംസ്ഥാന ലഹരിവിമുക്ത മിഷൻ 'വിമുക്തി'യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഷോർട് ഫിലിം ഫെസ്റ്റിവലിൽ റേഡിയോ മാറ്റൊലിയും ദ്വാരക ഗുരുകുലം കോളേജും ചേർന്ന് നിർമ്മിച്ച കാവലാൾ എന്ന ഷോർട് ഫിലിം 4-ാം സ്ഥാനം നേടി.

**മാനേജ്മെന്റ് കമ്മിറ്റി**

മെയ് 11 ന് 3.30 ന് മോൺ. അബ്രാഹം നെല്ലിക്കലിന്റെ അദ്ധ്യക്ഷതയിൽ മാനേജ്മെന്റ് കമ്മിറ്റിയോഗം ചേർന്നു. കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി പ്രക്ഷേപണത്തിന്റെ പത്ത് വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി ജൂൺ 1 ന് നടക്കുന്ന വാർഷികാഘോഷങ്ങൾ ചർച്ച ചെയ്തു.

**മാറ്റൊലിക്കൂട്ടം**

കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി പ്രക്ഷേപണത്തിന്റെ പത്ത് വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി ജൂൺ 1 ന് നടക്കുന്ന വാർഷികാഘോഷങ്ങൾ ചർച്ച ചെയ്യുന്നതിനും സ്വാഗതസംഘം രൂപീകരിക്കുന്നതിനുമായി മാറ്റൊലിക്കൂട്ടം ഭാരവാഹികളുടെ യോഗം മെയ് 18 ന് ചേർന്നു.

**സെല്ലോ ടേപ്പ് കാർട്ടൂൺ പ്രദർശനം**

മാനന്തവാടി പഴശ്ശി സ്മാരക ഗ്രന്ഥാലയത്തിൽ സംഘടിപ്പിച്ച അനീസ് മാനന്തവാടിയുടെ കാർട്ടൂൺ ചിത്ര പ്രദർശനം റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പിള്ളി നിർവ്വഹിച്ചു.

**ജനാധിപത്യത്തിന്റെ ആഘോഷം**

ജനാധിപത്യത്തിന്റെ ആഘോഷം എന്ന പ്രോഗ്രാമിന്റെ അവലോകനം നടത്തി. ചീഫ് ഇലക്ഷൻ കമ്മീഷന്റെ ഓഫീസിൽ നിന്നും കലക്ട്രേറ്റിൽ നിന്നും വന്ന ടീം ആണ് പ്രോഗ്രാമുകൾ വിലയിരുത്തിയത്.

**ഇന്റേൺഷിപ്പ്**

കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ്സ് കോളജ് BA മാസ് കമ്മ്യൂണിക്കേഷൻ വിദ്യാർത്ഥി ഏയ്ഞ്ചൽ അഗസ്റ്റിൻ, കോഴിക്കോട് ലിസ്സ കോളേജ് എം.സി.ജെ വിദ്യാർത്ഥി ക്രിസ്റ്റീന മത്തായി എന്നിവർ ഒരുമാസത്തെ ഇന്റേൺഷിപ്പ് പൂർത്തിയാക്കി.

**പഠനസന്ദർശനം**

ഡോൺ ബോസ്കോ കോളേജ് ബത്തേരി, എം.ഇ.എസ് കോളേജ് എരുമേലി, ലയോള കോളേജ് തിരുവനന്തപുരം എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**റേഡിയോ പ്രക്ഷേപണങ്ങളിലൂടെ**

**തത്സമയ ഫോൺ ഇൻ:** മാനസികാരോഗ്യപ്രശ്നങ്ങൾ എന്ന വിഷയത്തിൽ മെയ് 7 ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. കല്പറ്റ ജനറൽ ആശുപത്രിയിലെ കസൾട്ടന്റ് സൈക്യാട്രിസ്റ്റ് ഡോ.ജോസ്റ്റിൻ ഫ്രാൻസിസ് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

**ജനാധിപത്യത്തിന്റെ ആഘോഷം:** സുതാര്യമായും ഉത്തര വാദിത്വത്തോടെയും ജനാധിപത്യപ്രക്രിയയിൽ പങ്കെടുക്കാൻ വോട്ടർമാർക്ക് ഉണ്ടായിരിക്കേണ്ട അടിസ്ഥാനപരമായ കാര്യങ്ങളെ കുറിച്ചാണ് ജനാധിപത്യത്തിന്റെ ആഘോഷം പരിപാടി പങ്കുവെച്ചത്. സ്വീപ് വയനാട് ജില്ലാ നോഡൽ ഓഫീസർ എൻ.എ.ഷാജുവാണ് വിവരങ്ങൾ നൽകിയത്. വോട്ട് ചെയ്യുന്നതിന് ഉപയോഗിക്കാവുന്ന വിവിധ തിരിച്ചറിയൽ കാർഡുകളേയും വോട്ടിംഗ് രീതിയേയും കുറിച്ചാണ് സ്വീപ് വയനാട് ജില്ലാ നോഡൽ ഓഫീസർ എൻ.എ.ഷാജു ജനാധിപത്യത്തിന്റെ ആഘോഷം പരിപാടിയിൽ പങ്കുവെച്ചത്.

**കാവലും കരുത്തും:** പഠനം, പരീക്ഷ, ഓർമ്മശക്തി എന്ന വിഷയ മാണ് കാവലും കരുത്തും പരിപാടി പങ്കുവെച്ചത്. പഠിച്ചതെല്ലാം കൃത്യ മായി എഴുതാനാകുമോ എന്നും സമയം തികയുമോ തുടങ്ങി ഒട്ടേറെ സംശയങ്ങളാണ് വിദ്യാർത്ഥികൾക്ക് ഉണ്ടാവുക. ഇതേ കുറിച്ച് പങ്കുവെച്ചത് എഡ്യുക്കേഷണൽ സൈക്കോളജിസ്റ്റ് ഡോ.ഫാ.ജോജൻ ജോസഫ് സി.എസ്.ടി. ആണ്.

**ജലോത്സവം:** നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ റേഡിയോമാറ്റൊലി പ്രക്ഷേപണം ചെയ്യുന്ന ജലസാക്ഷരതാ പരിപാടിയിൽ നീരുറവകളിൽ നിന്ന് ദാഹജലം എന്ന പരിപാടി പ്രക്ഷേപണം ചെയ്തു. ഇതിൽ വാളാട് കരിമ്പിൽ പ്രദേശത്ത് നടപ്പാക്കിയ ശുദ്ധജല പദ്ധതിയെ പരിചയപ്പെടുത്തി.

**ജനങ്ങൾക്കൊപ്പം:** അഗ്നിശമന സേനാവിഭാഗം സേനയുടെ വിവിധ പ്രവർത്തനങ്ങളെ കുറിച്ച് പങ്കുവെച്ചത് വയനാട് ജില്ലാ ഫയർ ഓഫീസർ വിശ്വനാഥനാണ്, പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ കുറിച്ച് പങ്കുവെച്ചത് പൊതുമരാമത്ത് വകുപ്പ് വകുപ്പ് റോഡ് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ ഹരീഷ് ആണ്.

**നേരും പൊരുളും:** ഇന്ത്യയിൽ മാധ്യമസ്വാതന്ത്ര്യം ഹനിക്ക പ്പെടുന്നു, കേരളത്തിൽ കുടിയേറ്റ പ്രസക്തി, അതിജീവനത്തിന്റെ വിജയം എന്നീ വിഷയങ്ങൾ നേരും പൊരുളും ചർച്ച ചെയ്തു.

**മനസൗഖ്യ:** മറവിരോഗം, ബൈപോളാർ ഡിസോഡർ എന്നിവയെക്കുറിച്ച് കൽപ്പറ്റ ജനറൽ ആശുപത്രിയിലെ കസൾട്ടന്റ് സൈക്യാട്രിസ്റ്റ് ജോസ്റ്റിൻ ഫ്രാൻസിസ് വിശദമാക്കി.

**അരങ്ങ്:** മോഹനൻ ചന്ദൻചിറ ആലപിച്ച നാടൻ പാട്ട്, മീനങ്ങാടി സ്വദേശികളായ മുത്തു, കാർത്ത്യായനി, സുകുമാരി എന്നിവർ ആലപിച്ച ഗാനങ്ങൾ എന്നിവ പ്രക്ഷേപണം ചെയ്തു.

**ധന്യമീ ജീവിതം:** വിളമ്പുകണ്ടം സ്വദേശി കോറോത്ത് ജോസഫ് വൈദ്യർ, പാലക്കമൂല സ്വദേശി അബ്ദുൾ ജലീൽ, ഒഴുക്കൻമൂല സ്വദേശി കുഞ്ഞാഗസ്തി എന്നിവർ ധന്യമീ ജീവിതത്തിലൂടെ ജീവിതാനുഭവങ്ങൾ പങ്കുവെച്ചു.

**ഓട്ടോറിക്ഷ:** മീനങ്ങാടി, പനമരം, മക്കിയാട്, വെള്ളമുണ്ട ഓട്ടോറിക്ഷ സ്റ്റാൻഡുകളെ ആണ് പരിപാടിയിൽ പരിചയപ്പെടുത്തിയത്.

**പൊൻപുലരി:** മീനങ്ങാടി ഒരപ്പുവയൽ സ്വദേശിയായ സിന്ധു വിജയനെയാണ് പൊൻപുലരി പരിചയപ്പെടുത്തിയത്. കുടുംബശ്രീയുടെ നേതൃത്വത്തിൽ ഒരപ്പുവയലിൽ പ്രവർത്തിക്കുന്ന എസ്.എം. ഫ്ളോർമില്ലിന്റെ നടത്തിപ്പുകാരിൽ ഒരാളാണ് സിന്ധു.

**ടെക്നോമാറ്റൊലി:** ഒപ്പോ എ5എസ്, റിയൽമി 3 പ്രോ, റിയൽമിസി 2 എന്നീ ഫോണുകളെയാണ് ടെക്നോമാറ്റൊലി ശ്രോതാക്കൾക്കായി അവതരിപ്പിച്ചത്.

**ജാലകം:** രാജേഷ് അഞ്ചിലൻ, ശ്രീവത്സൻ മങ്കര എന്നിവരുടെ ക്യാൻവാസിലെ ഇടവും അടയാളങ്ങളും എന്ന പേരിൽ മാനന്തവാടി ലളിത കലാഅക്കാദമിയിൽ സംഘടിപ്പിച്ച ചിത്രപ്രദർശനത്തെക്കുറിച്ചുള്ള റേഡിയോ റിപ്പോർട്ട് പ്രക്ഷേപണം ചെയ്തു.

**ക്ഷീരവാണി:** മീനങ്ങാടി സ്വദേശികളായ ഗോപാലകൃഷ്ണൻ, സവിത, മാനന്തവാടി പാണ്ടിക്കടവ് സ്വദേശി മുരളീധരൻ എന്നീ ക്ഷീരകർഷകരാണ് അനുഭവങ്ങൾ പങ്കുവെച്ചത്.

**വയൽനാട്:** അവശിഷ്ട വിഷവീര്യം എന്ന വിഷയത്തിൽ ഹോർട്ടികൾച്ചർ കോളേജിലെ അസി.പ്രൊഫസർ ഡോ.ബെറിൻ പത്രോസ് നയിച്ച വിഷയാവതരണത്തിന്റെ പ്രസക്ത ഭാഗങ്ങളാണ് വയൽനാട് പരിപാടിയിൽ ഉൾപ്പെടുത്തിയത്.

**പ്രതിഭയും അതിഥിയും:** ഹിന്ദി ടിടിസിയിൽ സംസ്ഥാനത്ത് മൂന്നാം റാങ്ക് സ്വന്തമാക്കിയ സിനിയാണ് പ്രതിഭയും അതിഥിയും പരിപാടിയിൽ അതിഥിയായി എത്തിയത്. ഈ നേട്ടം സ്വന്തമാക്കിയ ആദിവാസി വിഭാഗത്തിൽ നിന്നുള്ള ആദ്യവ്യക്തി കൂടിയാണ് സിനി.

**കുടുംബവേദി:** രാഷ്ട്രപിതാവ് മഹാത്മഗാന്ധിയുടെ ജീവിത മാതൃക സ്വീകരിച്ച് എങ്ങനെ മുന്നേറാം എന്നതാണ് കുടുംബവേദി പങ്കുവെച്ചത്. ദുരന്തങ്ങളെ കരുതലോടെ എങ്ങനെ നേരിടാം, മക്കളുടെ മുൻപിൽ മാതാപിതാക്കളുടെ പെരുമാറ്റവും മക്കളോടുള്ള സമീപനവും, പ്രപഞ്ചത്തെ പ്രണയിക്കുക എന്നീ വിഷയങ്ങളും കുടുംബവേദി പങ്കുവെച്ചു.

**സ്മരണാഞ്ജലി:** ആകാശവാണി വാർത്താ അവതാരകൻ ഗോപനെ അനുസ്മരിച്ചു.

**ചിത്രവിശേഷം:** അതിരൻ, മധുരരാജ, ഉയരെ, ജൂൺ എന്നീ ചിത്രങ്ങളുടെ വിശേഷങ്ങളാണ് ചിത്രവിശേഷം പങ്കുവെച്ചത്.

**മാറ്റൊലി ക്ലബ്ബ് ടൈം:** മാനന്തവാടി ലിറ്റിൽഫ്ളവർ സ്കൂൾ, തോണിച്ചാൽ ഹോളിക്രോസ് എന്നീ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ കലാപരിപാടികളാണ് മാറ്റൊലി ക്ലബ്ബ് ടൈമിൽ ഉൾപ്പെടുത്തിയത്.

കിലുക്കാംപെട്ടി : ഹാലിയ റാഷിദ, നെജ തൻസി, റിഷ ഫാത്തിമ എന്നീ കൊച്ചുകൂട്ടുകാർ വിശേഷങ്ങൾ പങ്കുവെച്ചു.

**മയിൽപ്പീലി:** ദാസനക്കര, തേറ്റമല എന്നീ അംഗൻവാടികളിലെ കൊച്ചുകൂട്ടുകാർ അവതരിപ്പിച്ച പരിപാടികൾ മയിൽപ്പീലിയിൽ പ്രക്ഷേപണം ചെയ്തു.

**മാറ്റൊലി ടാക്കീസ്:** മുന്നറിയിപ്പ്, മഹേഷിന്റെ പ്രതികാരം, ഷട്ടർ എന്ന ചിത്രങ്ങളുടെ ശബ്ദരേഖയാണ് മാറ്റൊലി ടാക്കീസിൽ ഉൾപ്പെടുത്തിയത്.

**ആയുർകെയർ:** ആമാശയ രോഗങ്ങളും പ്രതിവിധികളും എന്ന വിഷയത്തിൽ വൈത്തിരി കോളിച്ചാൽ ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർ ഡോ. ബിജില ബാലനും ക്യാൻസർ രോഗവും ആയുർവ്വേദവും എന്ന വിഷയത്തിൽ സുൽത്താൻ ബത്തേരി സെന്റ് പോൾസ് ആയുർവ്വേദയിലെ സീനിയർ മെഡിക്കൽ ഓഫീസർ ഡോ.അനർഘയും വിവരങ്ങൾ പങ്കുവെച്ചു.

**എഴുത്തരങ്ങ്:** എന്റെ പ്രതിമ, എന്റെ കൂട്ടുകാരിക്ക്, പാണന്റെ പാട്ട്, തുഷാരബിന്ദുക്കൾ, പ്രവാസ പ്രസവം എന്നീ കവിതകളും കിടപ്പാടം, ഭ്രാന്തൻ എന്നീ കഥകളുമാണ് എഴുത്തരങ്ങിൽ ഉൾപ്പെടുത്തിയത്.

**റേഡിയോ ചിത്രീകരണം:** പന്തയം-റഷ്യൻ സാഹിത്യകാരനായ ആന്റൺ ചെക്കോവിന്റെ ദി ബെറ്റ് എന്ന കൃതിയുടെ റേഡിയോ ആവിഷ്കാരം.

**റംസാൻ മാറ്റൊലി:** റംസാൻ മാസാചരണപരിപാടിയുടെ ഭാഗമായി സന്ദേശങ്ങൾ പ്രക്ഷേപണം ചെയ്തു.

**പ്രത്യേക പരിപാടികൾ**

**അക്ഷരങ്ങളിലൂടെ നിറവിലേക്ക്:** ഏപ്രിൽ 23 ലോക പുസ്തകദിനത്തോട് അനുബന്ധിച്ച് പ്രക്ഷേപണം ചെയ്ത പ്രത്യേക പരിപാടിയാണ് അക്ഷരങ്ങളിലൂടെ നിറവിലേക്ക്.

**സേവനം തന്നെ ജീവിതം:** പയ്യംപ്പള്ളി സ്വദേശി കുളമാക്കൽ ആനീസ് ബാബുവെന്ന സാമൂഹ്യപ്രവർത്തകയെ ആണ് സേവനം തന്നെ ജീവിതം എന്ന പരിപാടി പരിചയപ്പെടുത്തിയത്. മലങ്കര കത്തോലിക്കാസഭയുടെ സാമൂഹ്യസേവന വിഭാഗമായ ശ്രേയസ്സിന്റെ മാനന്തവാടി മേഖല ചെറൂർ യൂണിറ്റിലെ ഒരു പ്രവർത്തകയാണ് ഇവർ.

**കാരുണ്യത്തിനൊരു കൈത്താങ്ങ് :** ജീവജ്യോതി ചാരിറ്റബിൾ ട്രസ്റ്റിനെയും പ്രവർത്തനങ്ങളേയും പരിചയപ്പെടുത്തി.

കാവ്യം സുകേയം കേന്ദ്ര പ്രെട്രോളിയം & നാച്ചുറൽഗ്യാസ് ഡയറക്ടറൽ ജനറൽ ഡോ. ജോയ് വാഴയിലിന്റെ കവിതകളെ പരിചയപ്പെടുത്തിയ പ്രത്യേക പരിപാടി.

**സമർപ്പണത്തിനുള്ള അംഗീകാരം:** 2016-17 ലെ മികച്ച അംഗൻവാടി അധ്യാപികയ്ക്കുള്ള അവാർഡ് നേടിയ ദാസനക്കര അംഗൻവാടിയിലെ ടീച്ചർ പി.എ ലിസ്സമ്മയുമായുള്ള അഭിമുഖം.

**വയനാർട്ട് 2019:** കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇന്റർസോ കലോത്സവ പരിപാടികൾ പ്രക്ഷേപണം ചെയ്തു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

**April - May 2019**

1. In the Kannur University UG Examination 2018-19, Mary Matha Arts and Science College bagged two university ranks. Anusha Tom, B Sc Zoology, bagged the first Rank with 93% and Midhuna V Ajith, B Sc Mathemaics, bagged the second rank with 95.63%.
2. The Second Semester Examination for M Sc Mathematics and Computer Science began on 25th April 2019.
3. Farewell programs in honour of the outgoing batches were conducted soon after their final exams.
4. Dr Sudha Devi A R Associate Professor and Research Guide of Department of Zoology retired on 30th April 2019. I gratefully acknowledge the 22 years of service rendered by her to our college.
5. II TM Mayyil School organised a three day residential workshop for their teachers from 1st -3rd May in our Academic centre in Collaboration with Mary Matha College.
6. A State level badminton residential coaching camp was organised in association with Malabar Badminton Academy Calicut from 1st April to 30th April 2019. Indonesian Coach Mr Indra led the camp. The college Fitness club members got 12 sessions of 'Basics of badminton fundamentals '.
7. Admission to the UG and PG courses will be through the single window system. Online registration for PG admissions start on 13 May and UG on 14 May, through the link of Kannur University website.
8. The college will reopen on 3rd June for the academic year 2019-20. Classes for the second year and third year B.A/B.Sc/ B.Com and M Sc second year will start on 3rd June 2019.
9. First year M Sc classes will start from 17th June and first year degree classes will commence on 26th June 2019.

**Dr Maria Martin Joseph**
Principal

## CEADOM *വിദ്യാഭ്യാസ മേഖല*

ഒരു പുതിയ അദ്ധ്യയനവർഷം കൂടി ആരംഭിക്കുകയാണ്. അവധിക്കാലത്തിന്റെ ആഹ്ളാദത്തിലായിരുന്ന കുട്ടികൾ പുത്തൻ പുസ്തകങ്ങളും ഉടുപ്പുകളും പുതിയസ്ഥലങ്ങളും പുതിയസാഹചര്യങ്ങളുമായി പൊരുത്തപ്പെട്ട് അറിവിന്റെ പുതിയ ലോകത്തേക്ക് എത്തിയിരിക്കുകയാണ്. മാനന്തവാടി കോർപ്പറേറ്റിനു കീഴിലുള്ള വിദ്യാലയങ്ങളിലേക്ക് എത്തിച്ചേർന്നിരിക്കുന്ന എല്ലാ വിദ്യാർത്ഥികളെയും സ്വാഗതം ചെയ്യുന്നു.

സ്വന്തം മക്കളെ വലിയവരായി കാണാനാഗ്രഹിച്ച് വലിയ സ്വപ്നങ്ങളും പ്രതീക്ഷകളുമായി സ്കൂളിലേക്ക് പറഞ്ഞയക്കുന്ന മാതാപിതാക്കളുടെ പ്രാർത്ഥനകളും സ്വപ്നങ്ങളും യാഥാർത്ഥ്യമാകാൻ സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കഴിഞ്ഞ വർഷം മികവാർന്ന ധാരാളം പ്രവർത്തനങ്ങൾ നമ്മുടെ വിദ്യാലയങ്ങളിൽ നടന്നു. ധാരാളം ബഹുമതികൾ പല വിദ്യാലയങ്ങളും കരസ്ഥമാക്കി. മികവാർന്ന വിദ്യാഭ്യാസവും അച്ചടക്കവും നമ്മുടെ വിദ്യാലയങ്ങളെ മറ്റു വിദ്യാലയങ്ങളിൽ നിന്നും വേറിട്ടതാക്കി മാറ്റുന്നു. പുതിയ വിദ്യാഭ്യാസവർഷം ധാരാളം ദൈവാനുഗ്രഹങ്ങളും നൻമകളും നിറഞ്ഞതാകട്ടെയെന്ന് ആശംസിക്കുന്നു.

**പുതിയ ഓഫിസ് കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു**

മാനന്തവാടി രൂപതാ കോർപ്പറേറ്റ് ഓഫിസിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ 2019 മെയ് ഒന്നിന് രാവിലെ രൂപതാവികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കലിന്റെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനയോടെ ആരംഭിച്ചു.

**സ്വാഗതം**

മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ അസോസിയേറ്റ് മാനേജരായി നിയമിതനായ റവ. ഫാ. സിജോ ഇളംകുന്നപ്പുഴ അച്ചനും ഓഫീസ് സെക്രട്ടറിയായി നിയമിതയായ സി.ടെസ്സിൻ മരിയ CMC യ്ക്കും, ഓഫീസ് അക്കൗണ്ടന്റായി നിയമിതയായ സി.ജൂലിയ SKD യ്ക്കും കോർപ്പറേറ്റ് കുടുംബത്തിലേക്ക് സ്വാഗതം.

**പ്രധാനാദ്ധ്യാപക നിയമന കൂടിക്കാഴ്ച 2019 മാർച്ച് 23 ന്**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ

ഏജൻസിയ്ക്ക് കീഴിൽ ന്യൂനപക്ഷപദവി ലഭിച്ച വിദ്യാലയങ്ങളിലെ 2019-2020 അധ്യയന വർഷത്തേയ്ക്കുള്ള പ്രധാനാദ്ധ്യാപക പ്രമോഷന് നിശ്ചിത ഫോറത്തിലും, കോർപ്പറേറ്റ് വെബ് പോർട്ടലിലും അപേക്ഷ നൽകിയവർക്ക് പ്രധാനാധ്യാപക നിയമനമാനദണ്ഡങ്ങൾ അടിസ്ഥാന മാക്കിയുള്ള അഭിമുഖം 2019 മാർച്ച് മാസം 23-ാം തിയ്യതി രാവിലെ 10.00 മണിക്ക് ദ്വാരക കോർപ്പറേറ്റ് ഓഫീസിൽ വച്ച് നടത്തപ്പെട്ടു.

## Refreshment Course

2016 ജനുവരി ഒന്നിന് ശേഷം മാനന്തവാടി കോർപ്പറേറ്റിനു കീഴിലുള്ള വിദ്യാലങ്ങളിൽ ജോലിയിൽ പ്രവേശിച്ച അധ്യാപകർക്കും അനധ്യാപകർക്കുമായി രണ്ടു ദിവസത്തെ ഒരു റീഫ്രഷ്മെന്റ് കോഴ്സ്, ദ്വാരക CEADOM ഓഫീസിന്റെ ഓഡിറ്റോറിയത്തിൽ വെച്ച് മെയ് 11,12 തീയതികളിൽ നടന്നു. ശ്രീ. സിനോജ്, ശ്രീ. സജി നരിവേലിൽ, ശ്രീ.സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. 12-ാം തീയതി രാവിലെ വിശുദ്ധ കുർബ്ബാനക്ക് മാനന്തവാടി രൂപതാ മെത്രാൻ മാർ ജോസ് പൊരുന്നേടം നേതൃത്വം നൽകി. തുടർന്ന് കോഴ്സിൽ പങ്കെടുത്തവർക്ക് പിതാവുമായി സംസാരിക്കാൻ അവസരം ലഭിച്ചു. 120 ഓളം പേർ പങ്കെടുത്ത കോഴ്സ് വളരെ ഫലപ്രദമായിരുന്നു.

**സീഡോം കൺവെൻഷൻ 2019 മെയ് 15 (സദ്ഗമയ 2019)**

2019 മെയ് മാസം 15-തീയതി ബുധനാഴ്ച രാവിലെ പത്തുമണിക്ക് ദ്വാരക പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വെച്ച് മാനന്തവാടി രൂപതാ കോർപ്പറേറ്റ് സ്ക്കൂൾ ജീവനക്കാരുടെ ഏകദിന സംഗമം(സദ്ഗമയ 2019) നടന്നു. രാവിലെ നടന്ന അധ്യാപക കൺവെൻഷനിൽ അങ്ങാടിക്കടവ് ഡോൺ ബോസ്ക്കോ കോളേജ് പ്രിൻസിപ്പാൾ റവ. ഡോ. ഫ്രാൻസിസ് കാരക്കാട്ട് 'മാറിയ വിദ്യാർത്ഥി കൾ മാറേണ്ട അധ്യാപകർ' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസെ ടുത്തു. ഉച്ചക്ക് ശേഷം നടന്ന യാത്രയയപ്പ് സമ്മേളനം മാനന്തവാടി രൂപതാ മെത്രാൻ മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ അദ്ധ്യക്ഷത വഹിച്ചു. സർവ്വീസിൽ നിന്നും വിരമിക്കുന്ന 41 അധ്യാപക അനധ്യാപക ജീവന ക്കാരെ ചടങ്ങിൽ ആദരിച്ചു. വിവിധ മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ച കോർപ്പറേറ്റ് സ്കൂളുകളിലെ അധ്യാപകരായ മാധവൻ വി. (ദേശീയ ഐ.സി.ടി അവാർഡ്), ശ്രീമതി. ഗോൾഡലൂയിസ് (ഫിസിക്സിൽ ഡോക്ടറേറ്റ് ബിരുദം), എന്നിവരെയും, ഐ.എ.എസ് വിജയിയായ കുമാരി ശ്രീധന്യ സുരേഷിനെയും, കെസിബിസിയുടെ നേതൃത്വത്തിൽ നടന്ന സന്മാർഗ്ഗപാഠം സ്ക്കോളർഷിപ്പ് പരീക്ഷയിൽ സംസ്ഥാന

തലത്തിൽ മൂന്നാംസ്ഥാനം നേടിയ നടവയൽ ഹൈസ്ക്കൂളിലെ കുമാരി ലിയാന ജോസിനെയും ചടങ്ങിൽ അനുമോദിച്ചു. ടീച്ചേഴ്സ്ഗിൽഡ് സംസ്ഥാന സെക്രട്ടറി ശ്രീ. ജോഷി വടക്കൻ ടീച്ചേഴ്സ്ഗിൽഡ് പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു കൊണ്ട് മുഖ്യ പ്രഭാഷണം നടത്തി. കോർപ്പറേറ്റ് മാനേജർ റവ.ഫാ.ജോൺ പൊൻപാറക്കൽ സ്വാഗതവും, ടീച്ചേഴ്സ്ഗിൽഡ് പ്രതിനിധി ശ്രീ. അലക്സ് മാത്യു നന്ദിയും പറഞ്ഞു.

സദ്ഗമയ 2019 വിജയത്തിലേയ്ക്ക് എത്തിക്കാൻ കഠിനാധ്വാനം ചെയ്ത കൺവെൻഷൻ കമ്മറ്റി അംഗങ്ങളെ പ്രത്യേകം നന്ദിയോടെ സ്മരിക്കുന്നു. ഈ ഏകദിനസംഗമത്തെ സ്വന്തം ചുമലിലേറ്റി നമ്മുടെ നിയോഗത്തിൽ മനസുറപ്പിക്കാൻ, വിജയഗാഥകളുടെ സന്തോഷം പങ്കുവയ്ക്കുവാൻ നിങ്ങൾ ഓരോരുത്തരും നൽകിയ സഹായസഹകരണത്തിനും, സാന്നിദ്ധ്യത്തിനും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും. തുടർന്നും നമ്മുടെ എല്ലാ പ്രവർത്തനങ്ങളും വിജയത്തിലെത്തിക്കാൻ നമുക്കൊന്നുചേർന്ന് പരിശ്രമിക്കാം പ്രവർത്തിക്കാം.

**പ്രോത്സാഹനം – അഭിനന്ദനങ്ങൾ**

## 1. SSLC Result

ഈ വർഷത്തെ SSLC, Plus Two പരീക്ഷാഫലം പുറത്തുവന്നപ്പോൾ കോർപ്പറേറ്റിനു കീഴിലുള്ള വിദ്യാലയങ്ങൾ മികച്ച നേട്ടങ്ങൾ കൊയ്തു. പരീക്ഷയിൽ 100 ശതമാനം വിജയം നേടിയ ഐ.ജെ.എം. എച്ച്.എസ് കൊട്ടിയൂർ, സെന്റ് ജോസഫ്സ് എച്ച്.എസ്. അടക്കാത്തോട്, അസംപ്ഷൻ എച്ച്. എസ് സു.ബത്തേരി സ്ക്കൂളുകൾക്ക് മുൻപ് പ്രഖ്യാപിച്ചിരുന്നതുപോലെ പ്രത്യേക പാരിതോഷികമായി സദ്ഗമയ 2019–വെച്ച് ഒരുലക്ഷം രൂപയുടെ ക്യാഷ് അവാർഡ് നൽകി. അതോടൊപ്പം 25 ൽ കൂടുതൽ എ പ്ലസ് നേടിയ വിദ്യാലയങ്ങൾക്കുള്ള അൻപതിനായിരം രൂപയുടെ ക്യാഷ് അവാർഡ് അസംപ്ഷൻ എച്ച്.എസ് സു.ബത്തേരി, ഫാ.ജി.കെ. എം.എച്ച്.എസ് കണിയാരം, സെന്റ് കാതറൈൻസ് എച്ച്. എസ് പയ്യംപള്ളി, എന്നിവർക്കും നൽകി. ഇത്ര നല്ല വിജയം കരസ്ഥമാക്കാനായി അത്യധ്വാനം ചെയ്ത സ്കൂൾമാനേജർമാരെയും പ്രധാനാദ്ധ്യാപകരെയും അദ്ധ്യാപകർ, അനദ്ധ്യാപകർ, പി.ടി.എ, മദർ പി.ടി.എ അംഗങ്ങൾ എന്നിവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

## 2. Plus Two Result

പ്ലസ്ടു പരീക്ഷയിൽ 98.3 നേടിയ കല്ലോടി സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്ക്കൂളിനെയും 34 ഫുൾ എ പ്ലസ് കരസ്ഥമാക്കിയ

കൊട്ടിയൂർ ഐ.ജെ.എം.ഹയർ സെക്കണ്ടറി സ്ക്കൂളിനെയും സദ്ഗമയ 2019–ൽ വച്ച് അഭിനന്ദിക്കുകയും കൊട്ടിയൂർ ഹയർസെക്കണ്ടറിസ്ക്കൂളിന് അൻപതിനായിരം രൂപയുടെ ക്യാഷ് അവാർഡ് നൽകുകയും ചെയ്തു. നല്ല വിജയം കരസ്ഥമാക്കാനായി അത്യധ്വാനം ചെയ്ത സ്കൂൾ മാനേജർമാരെയും പ്രധാനാദ്ധ്യാപകരെയും അധ്യാപകർ, അനധ്യാപകർ, പി.ടി.എ, മദർ പി.ടി.എ അംഗങ്ങൾ എന്നിവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

3. Moral Science Result 2016-2017

നമ്മുടെ എല്ലാ സ്കൂളുകളിലും നടത്തിയ മോറൽ സയൻസിന്റെ പരീക്ഷയിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് യഥാക്രമത്തിൽ 1000/, 500/, 250/ രൂപ വീതം ക്ലാസ്സ് അടിസ്ഥാനത്തിൽ ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും നൽകി.

| Moral Science - 2019<br>Std - I - Subject : Malayalam | | | |
|---|---|---|---|
| **SNo** | **Name** | **School** | **Prize** |
| 1 | Blessy Elizabath | Dwaraka AUPS | First |
| 2 | Sivani K.S | Dwaraka AUPS | First |
| 3 | Alga Shiju | Dwaraka AUPS | First |
| 4 | Savio George | St.Thomas LPS Nadavayal | First |
| 5 | Joviel Susan Joby | St.Thomas LPS Nadavayal | First |
| 6 | Ayisha Thahliya | St.Thomas LPS Nadavayal | First |
| 7 | Muhammed Shadhil | St.Thomas LPS Nadavayal | First |
| 8 | Aldin Joe Paul | St.Joseph T.T.I | First |
| 9 | Alphia Sino | Elapeedika L.P.S | First |
| 10 | Anvitha Lakshmi | St.Antony's UPS Pazhoor | First |
| 11 | Hridhya | St.Antony's UPS Pazhoor | First |
| 12 | Devanandha RamakrishnanSt. | Antony's UPS Pazhoor | First |
| 13 | Aryanandha | St.Antony's UPS Pazhoor | First |
| 14 | Ayisha Naniya K | St.Antony's UPS Pazhoor | First |
| 15 | Alvin | St.Antony's UPS Pazhoor | First |
| 16 | Aman Hadhi | St.Antony's UPS Pazhoor | First |
| 17 | Saarika | St.Antony's UPS Pazhoor | First |
| 18 | Edwin Eldhose | St.Antony's UPS Pazhoor | First |
| 19 | Ann Maria Binoy | St.Sebastian's AUP Padichira | First |
| 20 | George V.Bineesh | St.Sebastian's AUP Padichira | First |
| 21 | Shiya Sibi | St.Sebastian's AUP Padichira | First |

| | | | |
|---|---|---|---|
| 22 | DhyanKrishna Biju | St.Sebastian's AUP Padichira | First |
| 23 | Helna Shijo | Dwaraka AUPS | Second |
| 24 | Anna Anish | Dwaraka AUPS | Second |
| 25 | James T.Varghese | Dwaraka AUPS | Second |
| 26 | Alna Sibi | Dwaraka AUPS | Second |
| 27 | Elizabeth Biju | Dwaraka AUPS | Second |
| 28 | Abhijith M.S | St.Antony's UPS Pazhoor | Second |
| 29 | Rena | St.Antony's UPS Pazhoor | Second |
| 30 | Devanandha N.R | St.Antony's UPS Pazhoor | Second |
| 31 | Nivanya K.M | St.Antony's UPS Pazhoor | Second |
| 31 | Sharon Xavier | St.Sebastian's LPS Elapeedika | Second |
| 32 | Athvika Juvesh | Adikolly Devamatha | Second |
| | **Std - II - Subject : Malayalam** | | |
| 1 | Abina Elizabeth | Adikolly Devamatha | First |
| 2 | Amaya Sunil | Adikolly Devamatha | First |
| 3 | Amaya Shiju | St.Antony's UPS Pazhoor | First |
| 4 | Nihara Biju | St.Antony's UPS Pazhoor | First |
| 5 | Muhammed Sinan | St.Antony's UPS Pazhoor | First |
| 6 | Aipa Larisha | St.Antony's UPS Pazhoor | First |
| 7 | Devika K.S | St.Antony's UPS Pazhoor | First |
| 8 | Ahaliya K.S | St.Antony's UPS Pazhoor | First |
| 9 | Nelbin Thankachan | St.Thomas LPS Nadavayal | First |
| 10 | Nivedhya Biju | St.Thomas LPS Nadavayal | First |
| 11 | Nivedhya Santhosh | Dwaraka AUPS | First |
| 12 | Alanya Maria Aneesh | Dwaraka AUPS | First |
| 13 | Niya Veronicka Benny | Dwaraka AUPS | Second |
| 14 | Shadhiya V.A | Dwaraka AUPS | Second |
| 15 | Heaven Emmanuel | Adikolly Devamatha | Second |
| 16 | Rithin Binu | Adikolly Devamatha | Second |
| 17 | Sheroza P.R | St.Antony's UPS Pazhoor | Third |
| 18 | Anfa K.A | St.Antony's UPS Pazhoor | Third |
| 19 | Anliya Syju | St.Antony's UPS Pazhoor | Third |
| 20 | Juval Rose | St.Sebastian's AUP Padichira | Third |
| 21 | Gadha P.R | St.Thomas LPS Nadavayal | Third |
| 22 | Alona Maria Lesli | St.Thomas LPS Nadavayal | Third |
| | **Class - III - Subject : Malayalam** | | |
| 1 | Chris Mathew | Adikolly Devamatha | First |
| 2 | Nygha Lakshmi Sunil | Adikolly Devamatha | First |
| 3 | Aneena Thomas | St.Sebastian's AUP Padichira | First |

| | | | |
|---|---|---|---|
| 4 | Ann Maria Joseph | St.Josephs TTI | First |
| 5 | Christy Joseph | St.Josephs TTI | First |
| 6 | Delna Sobin | St.Josephs TTI | First |
| 7 | Muhammed Sinan | St.Josephs TTI | First |
| 8 | Sharon Biju | St.Thomas LPS Nadavayal | First |
| 9 | Anna Liza Biju | St.Thomas LPS Nadavayal | First |
| 10 | Ananya K | St.Josephs TTI | Second |
| | **Class - IV - Subject : Malayalam** | | |
| 1 | Emil Santhosh | Dwaraka AUPS | First |
| 2 | Nehal C | Padichira St.Sebastian's | Second |
| 3 | Mithun Shibu | Dwaraka AUPS | Third |
| | **Subject : English** | | |
| 1 | Abin Jaison | Christ King Manimooly | First |
| 2 | Aysha K.M | St.Mary's Thariyode | Second |
| 3 | Devananda Deepu | St.Joseph's Kallody | Third |
| | **Std - V - Subject : Malayalam** | | |
| 1 | Alastin Saji | Ambayathode | First |
| 2 | Riya Mary Biju | St.Thomas H.S Nadavayal | Second |
| 3 | Arshan C Reji | Dwaraka AUPS | Third |
| 4 | Fasmiah K | Dwaraka AUPS | Third |
| | **Subject : English** | | |
| 1 | Aneena Shivani | St. Joseph's HS Kallody | First |
| | **Std - VI - Subject : Malayalam** | | |
| 1 | Rabeeba Farhath | Dwaraka AUPS | First |
| 2 | Sreelakshmi Ajesh | St.Joseph's TTI | Second |
| 3 | Anu Mariam Joseph | St.Joseph's TTI | Third |
| | **Class - VII - Subject : Malayalam** | | |
| 1 | Liyana Jose | St.Thomas HS Nadavayal | First |
| 2 | Angeleena Biju | St.Thomas HS Nadavayal | Second |
| 3 | Neha M.S | St.Joseph's Kallody | Third |
| | **Subject : English** | | |
| 1 | Febiya Mary | St.Mary's Thariyode | First |
| 2 | Immanuel K.George | SCHSS Payyampally | Second |
| 3 | Delvin Martin | SCHSS Payyampally | Third |
| | **Std - VIII - Subject : Malayalam** | | |
| 1 | Milan Jose | St.Thomas HS Nadavayal | First |
| 2 | Anusree Manuel | St.Thomas HS Nadavayal | First |

| | | | |
|---|---|---|---|
| **Subject : English** | | | |
| 1 | Surya Gayathri T.V | Bathery Assumtion | First |
| 2 | Anns Maria Roy | St.Catherine's HSSPayyampally | Second |
| 3 | Prabitha Santhosh | Fr.GKM HS Kaniyaram | Third |
| **Std - IX - Subject : Malayalam** | | | |
| 1 | Hridhika Vincent | St.Thomas HS Nadavayal | First |
| 2 | Irine Mary | St.Thomas HS Nadavayal | Second |
| **Subject : English** | | | |
| 1 | Meena Pappachan | Payyampally St.Catherine's | First |
| 2 | Sruthi Biju | Payyampally St.Catherine's | Second |
| 3 | Anna Maria James | Fr.GKM HS Kaniyaram | Third |
| **Std - X - Subject : English** | | | |
| 1 | Sreelakshmi T.M | CKHS Manimooly | First |
| 2 | Merlin Jaison | Fr.GKM HS Kaniyaram | Second |
| 3 | Ananya A | Bathery Assumption | Third |
| **Subject : Malayalam** | | | |
| 1 | Tany K.R | Manimooly CKCHS | First |
| 2 | Reshma Madhu | Kottiyoor IJMHSS | Second |
| 3 | Elizabeth | CKHS Manimooly | Third |

**ഫാ. ബിജു പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ

# Pastoral Centre Programme



**June 2019**

1 - Zion

2 - Department of Youth Ministry, Zion Youth Retreat

5 - Department of Catechism (HDC)

7 - Department of Catechism, Department of Youth Ministry

8 - Department of Catechism,
Department of Youth Ministry, CML.

12 - Priests' Conference

13-15 - Department of Catechism

21-2 - Zion Retreat

30 - Department of Catechism

**Fr. Paul Vazhappilly**
Director, Pastoral Centre

# Bishop's Programme



***June 2019***

| | | |
|---|---|---|
| *01 Sat* | *....................* | *Dwaraka: Radio Mattoli 10th Anniversary* |
| *03 Mon* | *....................* | *Visitors' Day* |
| *04 Tue* | *....................* | *Consultors' meeting* |
| *05 Wed* | *....................* | *Dwaraka: Life Training Inauguration* |
| *07 Fri* | *....................* | *Out of Station* |
| *08 Sat* | *....................* | *Kallody: Blessing of the Presbytery* |
| *09 Sun* | *....................* | *Dwaraka: Catechism Training* |
| *10 Mon* | *....................* | *Tellicherry: Joint Presbyteral Council Meeting* |
| *11 Tue* | *....................* | *WSSS: Annual General Body Meeting* |
| *12 Wed* | *....................* | *Priests' Conference* |
| *13 Thu* | *....................* | *Out of station* |
| *14 Fri* | *....................* | *Out of Station* |
| *15 Sat* | *....................* | *Engaged* |
| *16 Sun* | *....................* | *Kalluvayal: Pastoral Visit* |
| *17 Mon* | *....................* | *Visitors' Day* |
| *18 Tue* | *....................* | *Meeting of Forane Vicars* |
| *19 Wed* | *....................* | *Visitors' Day* |
| *20 Thu* | *....................* | *Moolankavu: Blessing of the School* |
| *21 Fri* | *....................* | *Out of Station* |
| *23 Sun* | *....................* | *Sisumala: Pastoral Visit* |
| *24 Mon* | *....................* | *Mullenkolly* |
| *25 Tue - 29 Sat* | *.......* | *Out of Station* |
| *30 Sun* | *....................* | *Chithragiri: Pastoral Visit* |

***July 2019***

| | |
|---|---|
| *01 Mon ..................* | *Visitors' Day* |
| *03 Wed ....................* | *Palemad: Golden Jubilee Memorial Hall Blessing* |
| *04 Thu .....................* | *Manimooly: Joint Curia Meeting* |
| *05 Fri ......................* | *Out of Station* |
| *12 Fri .....................* | *Out of Station* |
| *15 Mon ...................* | *Visitors' Day* |
| *17 Wed ...................* | *Visitors' Day* |
| *18 Thu - 26 Fri ........* | *Out of Station* |
| *27 Sat .....................* | *Dwaraka: Pastoral Council* |
| *28 Sun ...................* | *Makkiyad: Blessing of Hall* |
| *29 Mon ...................* | *Visitors' Day* |
| *30 Tue .....................* | *Engaged* |

• • •